# FMPB മിത്രസമാചാർ

(for private circulation only)

വാല്യം : **12** ലക്കം : **5** മെയ് : 2022




**എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.**

(റോമർ. 8:28)

# ആമുഖം ...



## *ദൈവത്തിന്റെ ഉന്നതമായ പദ്ധതിയുമായി യോജിക്കുക*

നമ്മുടെ ദൈവം ഭാവി പറയുന്ന ജോത്സ്യനോ കേവലം ഒരു പ്രവാചകനോ അല്ല. എല്ലാ യുഗങ്ങളുടെയും ദൈവമാകയാൽ എന്താണ് വരാനിരിക്കുന്നതെന്നു അവനു അറിയാം കാരണം ദൈവമാണ് സകലവും ആസൂത്രണം ചെയ്തിരിക്കുന്നത്. അവൻ ആസൂത്രണം ചെയ്യുന്നത് അവൻ ചെയ്യുന്നു. ദൈവത്തിന്റെ ഉന്നതമായ പദ്ധതികളെ കുറിച്ചു അനവധി ഉദാഹരണങ്ങൾ തിരുവചനത്തിൽ നമുക്കു കാണുവാൻ സാധിക്കും. ഈ സത്യം ന്യായാധിപന്മാരുടെ പുസ്തകത്തിൽ നന്നായി വിവിരിച്ചിട്ടുണ്ട്. (ന്യായ.7:1-23). ഗിദയോനും സൈന്യവും യുദ്ധം ചെയ്യുവാൻ പോയപ്പോൾ അവർക്കു വ്യക്തമായ ഒരു പദ്ധതിയുണ്ടായിരുന്നു എന്നാൽ യുദ്ധം ആരംഭിക്കുന്നതിനു മുമ്പെ അവർ വിജയം വരിച്ചിരുന്നു, ദൈവത്തിനു അവരെകുറിച്ചുള്ള ഉന്നതമായ ആസൂത്രണം അവർ കണ്ടെത്തിയിരുന്നു.

ദൈവത്തിന്റെ ഉന്നതമായ പദ്ധതിയുമായി യോജിക്കുന്നതിന് മൂന്നു നടപടികൾ അത്യാവശ്യമാകുന്നു.

**ദൈവത്തിന്റെ പദ്ധതിക്കു കീഴടങ്ങൽ ആവശ്യമാകുന്നു** - ഗിദയോൻ 32000 അനുയായികളുള്ള മനുഷ്യനായിരുന്നു! എന്നാൽ ദൈവത്തിന്റെ പദ്ധതിയെ പിന്തുടരുമ്പോൾ സേനയുടെ അംഗബലം കുറയുന്നതും പദവി താഴുന്നതും അഹങ്കാരം തകരുന്നതും ഗിദയോൻ കണ്ടു. ഈ പോരാട്ടവും സേനയും ശത്രു പോലും തന്റേതല്ല എന്നു ഗിദയോൻ പഠിച്ചു. യുദ്ധം യഹോവയുടെതാകുന്നു! തന്റെ അഹംബോധത്തെ, പദ്ധതികളെ, ലക്ഷ്യങ്ങളെ, സ്വപ്നങ്ങളെ, ഇഷ്ടങ്ങളെ എല്ലാം ഉപേക്ഷിക്കേണ്ട സ്ഥലത്തേക്കു ഗിദയോനു വരേണ്ടി വന്നു. അങ്ങനെ ദൈവഹിതത്തിനു മുമ്പിൽ ഗിദയോൻ കീഴടങ്ങി!

**ദൈവത്തിന്റെ പദ്ധതിക്കു സമർപ്പണം ആവശ്യമാകുന്നു** - ആദ്യം സൈന്യത്തിലെ 22000 പുരുഷന്മാരും പിന്നീട് 9700 പുരുഷന്മാരും തങ്ങളുടെ ആയുധങ്ങളുമായി ഭവനത്തിലേക്കു പോകുന്നതു ഗിദയോനു നോക്കി നിക്കേണ്ടിവന്നു. ഗിദയോനും ശേഷിച്ച 300 പേരുമായി ദൈവീക പദ്ധതിയനുസരിച്ച് യുദ്ധത്തിനു പോകേണ്ടി വന്നു അല്ലാത്തപക്ഷം അവരിൽ ആർക്കും അതിജീവിക്കുവാനുള്ള അവസരമില്ലായിരുന്നു!

**ദൈവത്തിന്റെ പദ്ധതിക്കു സ്ഥിരത ആവശ്യമാകുന്നു** - ആയിരങ്ങൾക്കു എതിരെ 300 പേർ പോകുന്നതിനു ശ്രേഷ്ഠമായ വിശ്വാസം ആവശ്യമാകുന്നു! ആയുധങ്ങളില്ലാതെ മുന്നോട്ടു പോകണമെങ്കിൽ മഹത്തായ വിശ്വാസം ആവശ്യമാകുന്നു. കാഹളം ഊതുന്നതിനും അവരുടെ കയ്യിലുള്ള കുടങ്ങൾ ഉടെക്കുന്നതിനും പന്തം ഉയർത്തി കാണിക്കുന്നതിനും അസാമാന്യമായ വിശ്വാസം ആവശ്യമാകുന്നു. അവർക്കു ഉജ്വലമായ വിജയം നൽകികൊണ്ട് ദൈവം അവരുടെ വിശ്വാസത്തിന് ഉത്തരം നൽകി!

പത്രൊസും കൂട്ടരും രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒരു മീൻ പോലും ലഭിച്ചില്ല. 'ആഴത്തിലേക്കു നീക്കി മീമ്പിടുത്തതിനു വലയിറക്കുവീൻ' എന്നു യേശു അവരോടു പറഞ്ഞു. അവർക്കു പെരുത്ത മീൻകൂട്ടം ലഭിച്ചു (ലൂക്കോ.5:4-8). പത്രോസിന്റെ പദ്ധതി അന്നത്തെ മീൻ പിടുത്തം നിറുത്തി വീട്ടിലേക്കു പോകുക എന്നതായിരുന്നു. എന്നാൽ അവൻ ദൈവത്തെ അനുസരിച്ചപ്പോൾ ദൈവത്തിനു അവരെ കുറിച്ചു 'മനുഷ്യരെ പിടക്കുന്നവരാക്കുക' എന്ന ഉന്നതമായ പദ്ധതിയുണ്ടെന്നു മനസ്സിലാക്കി.

യേശു മരിക്കുന്നതിനായി പോകുന്നു എന്നു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ പത്രോസ് കർത്താവിനെ ശാസിച്ചു (മത്തായി.16:21-23). തനിക്ക് ഒരു നല്ല പദ്ധതിയുണ്ടെന്നു പത്രോസ് ചിന്തിച്ചു. എന്നന്നേക്കുമായി പാപത്തിന്റെ വില യേശു കർത്താവ് ക്രൂശിൽ നൽകിയപ്പോൾ ദൈവത്തിനു ഉന്നതമായ പദ്ധതിയുണ്ടെന്നു പത്രോസിനു മനസ്സിലായി.

ദൈവരാജ്യത്തിൽ ദൈവം ആത്യന്തികമായ ലക്ഷ്യം വ്യക്തമാക്കിയിരുന്നു, അതായത് എല്ലാ മനുഷ്യവർഗ്ഗത്തിന്റെയും വീണ്ടെടുപ്പ് (1 തിമൊ.2:4). യേശു പ്രാർത്ഥിച്ചു നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ (മത്തായി.6:10). ദൈവത്തിന്റെ ഉന്നതമായ പദ്ധതിയിൽ "ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു' (റോമർ.8:28). വിജയം വരിക്കുവാൻ ദൈവത്തിന്റെ ഉന്നതമായ പദ്ധതിയുമായി യോജിക്കുക!

- ജെ. ജെ. ഹാരീസ് (കമ്യൂണിക്കേഷൻ വിഭാഗം)

“നിങ്ങളുടെ ജീവിതത്തിനായുള്ള ദൈവീക പദ്ധതിയെന്തെന്നു കണ്ടുപിടിച്ച് അതിനായി ജീവിക്കുക എന്നതാകുന്നു ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും പ്രധാന കാര്യം.”
– ഇ സ്റ്റാൻലി ജോൺസ്

“നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു: നീ ഗർഭപാത്രത്തിൽ നിന്നു പുറത്തു വന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു.”
(യിരെ.1:5)

“പരിശുദ്ധാത്മാവ് പറയുന്നു, അതു നിങ്ങളാകുന്നു, നിങ്ങൾ ദൈവത്തിന്റെ പദ്ധതിയാകുന്നു. ദാഹിക്കുന്ന ഈ ലോകത്തിൽ ആളുകൾക്കു നവോന്മേഷം ആവശ്യമുണ്ട് ഇതു തകർന്ന ലോകമാകുന്നു, ജനങ്ങൾക്കു സൗഖ്യം ആവശ്യമുണ്ട്. ഇപ്പോൾ അവിടെ പോയി അതു ചെയ്യുക.”
– ജോൺ ഓർട്ട് ബർഗ്

“യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദയവിചാരങ്ങൾ തലമുറതലമുറയായും നിൽക്കുന്നു. (സങ്കീ.31:11)

- മിത്രസമാചാർ FMPB യുടെ ഔദ്യോഗിക പത്രികയാണ്.
- FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു
- ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.
- വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.
- സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, ചൂരക്കുഴിയിൽ,
മക്കപ്പുഴ. പി. ഒ, റാന്നി, പത്തനംതിട്ട
Mob: 9495 309 335; 90740 03768
E-mail: sajifmpb@gmail.com



*Publisher & Editor*
**Rev. സുദർശൻ തോമസ്**

മിത്ര സമാചാർ

***FMPB*** യുടെ പ്രതിമാസ സുനം


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ നാമത്തിൽ സ്നേഹവന്ദനം.

നമ്മുടെ മിഷൻ വയൽ, മൊബൈലേസേഷൻ എന്നീ മേഖലകളിൽ നിന്നും സമാഹരിച്ച 2021-2022 സാമ്പത്തീക വർഷത്തെ സ്ഥിതിവിവര കണക്ക് പ്രസിദ്ധീകരിച്ചു. ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ ശുശ്രൂഷയിൽ ഇത്രത്തോളം അനുഗ്രഹങ്ങൾ നൽകിയ ദൈവത്തിന്റെ വിശ്വസ്തത കാണുമ്പോൾ ഹൃദയം നന്ദിയാൽ തുടിക്കുന്നു. 8500 പുതിയ ഗ്രാമങ്ങൾ സന്ദർശിക്കുന്നതിനും 9.75 ലക്ഷം ജനങ്ങളോടു സുവിശേഷം പങ്കുവെക്കുന്നതിനും ദൈവം നമ്മുടെ മിഷനറിമാരെ ശക്തീകരിച്ചു. കൊറോണ മഹാമാരിയുടെ നീയന്ത്രണങ്ങളുടെ മദ്ധ്യയാണ് മിഷനറിമാർക്ക് ഈ നേട്ടം കൈവരിക്കുവാൻ സാധിച്ചത്. മൊബൈലേസേഷൻ രംഗത്ത് നമ്മുടെ ആവശ്യങ്ങൾ സന്ധിക്കുന്നതിനായി 75 കോടി രൂപ ദൈവം നൽകിത്തന്നു. നമ്മുടെ മിഷൻ വയലിലും മൊബൈലേസഷൻ രംഗത്തും ഈ നേട്ടം കൈവരിക്കുവാൻ കാരണമായ നമ്മുടെ മിഷനറിമാർ, ഹോണററി സെക്രട്ടറിമാർ, പ്രാർത്ഥനക്കൂട്ട നേതാക്കന്മാർ, പ്രാർത്ഥന പോരാളികൾ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. അവരുടെ ത്യാഗപൂർവ്വമായ സമർപ്പണത്തോടു കൂടിയ പ്രവർത്തനത്തിനായി ദൈവത്തെ സ്തുതിക്കുന്നു.

“ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ” (എബ്രാ.12:28,29).

വേദപുസ്തകം പറയുന്നു, നാം നന്ദിയുള്ളവരായി ഭക്തിയോടും ഭയത്തോടും കൂടെ ദൈവത്തെ ആരാധിക്കണം കാരണം ഇളക്കമില്ലാത്ത ഒരു രാജ്യം നാം പ്രാപിച്ചിരിക്കുന്നു. അചഞ്ചലമായ രാജ്യം വികസിപ്പിക്കുന്നതിനുള്ള ഉന്നതമായ പദ്ധതികൾ നാം പിന്തുടരണമെന്നു ദൈവം ആഗ്രഹിക്കുന്നു.

## ആയിരം മണിക്കൂർ പ്രാർത്ഥന

എല്ലാ വർഷവും ചെയ്യുന്നതു പോലെ ഈ വർഷവും 2022 മാർച്ച് 2 മുതൽ 2022 ഏപ്രിൽ 13 വരെ ആയിരം മണിക്കൂർ പ്രാർത്ഥന നാം പ്രാർത്ഥനക്കൂട്ടങ്ങളിലും മിഷൻവയലിലും ആസ്ഥാന മന്ദിരത്തിലും ക്രമീകരിച്ചു നടത്തി. നാടിന്റെ വിടുതലിനും രക്ഷക്കുമായി പ്രാർത്ഥന ഉയർന്നു.

## തുത്തുക്കുടി - മില്ലർപുരം കൺവൻഷൻ

മില്ലെർപുരം സിഎസ്ഐ സഭയിൽ ഏപ്രിൽ 1 മുതൽ 3 വരെ നടത്തിയ നൊയ്മ്പു കാല കൺവൻഷനിൽ ദൈവ വചനം പങ്കുവെക്കുവാൻ അവസരം ലഭിച്ചു. ദൈവം ഈ യോഗങ്ങളെ അനുഗ്രഹിച്ചു. നഷ്ടപ്പെട്ടു പോകുന്ന ജനങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള ആത്മ ഭാരം വിശ്വാസികളിൽ ഉരുവായി. റവ. സൈമൺ ധർമ്മരാജ് ഈ യോഗങ്ങൾ നല്ല രീതിയിൽ ക്രമീകരിച്ചിരുന്നു.

## സി എസ് ഐ തിരുനെൽവേലി മഹായിടവക ബിഷപ്പുമായുള്ള കൂടിക്കാഴ്ച

വൈസ് പ്രസിഡണ്ട്, മൊബൈലേസേഷൻ സെക്രട്ടറിമാർ, നേതാക്കന്മാർ

എന്നിവരോടു കൂടെ സി എസ് ഐ മഹായിടവക ബിഷപ്പ് Rt. Rev. ARGST. ബർന്നബാസിനെ ഏപ്രിൽ നാലിന് സന്ദർശിച്ചു. ബിഷപ്പ് ഞങ്ങളെ ഹാർദ്ദവമായി സ്വാഗതം ചെയ്യുകയും FMPB യുടെ ശുശ്രൂഷക്കു എല്ലാവിധ സഹായവും നൽകാമെന്നു വാഗ്ദത്തം നൽകുകയും ചെയ്തു.

## കെർഗാം വസ്തുവിന്റെ രജിസ്ട്രേഷൻ

ഗുജറാത്തിലെ കെർഗാമിലുള്ള നമ്മുടെ ബാല ഭവനത്തിന്റെ വസ്തു സംബന്ധമായ തർക്കം കഴിഞ്ഞ ചില വർഷങ്ങളായി നിലനിന്നിരുന്നു. ദൈവത്തിന്റെ കൃപയാൽ കഴിഞ്ഞ മാസം എട്ടാം തീയതി പ്രശ്നങ്ങൾ പരിഹരിച്ചു. മുഴുവൻ വസ്തുവും നിയമപരമായി നമ്മുടെ സ്വന്തമായി.

## ഝാൻസി വസ്തു അംഗീകരിച്ചു

ഉത്തർപ്രദേശിൽ ഝാൻസിയിലുള്ള ബാലഭവനം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അവർക്കു ശരിയായ പാർപ്പിട സൗകര്യം ഒരുക്കുവാൻ നാം പല ശ്രമങ്ങളും നടത്തി. എന്നാൽ ഝാൻസിയിലെ ഉയർന്ന വില കാരണം പലപ്പോഴും നാം നിസഹായരായി നിൽക്കേണ്ടി വന്നു. ദൈവത്തിന്റെ കൃപയാലും അനേകരുടെ പ്രാർത്ഥനയാലും പദ്ധതിക്കു അംഗീകാരം ലഭിച്ചു. ബാലഭവനത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

## മുബൈയിലെ യോഗങ്ങൾ

ഏപ്രിൽ 7 മുതൽ 10 വരെ മുബൈ, ഗുജറാത്ത് മേഖലകളിൽ സന്ദർശനം നടത്തി. ഏഴാം തീയതി തിലക് നഗർ, ധാരാവി പ്രദേശത്തുള്ള നേതാക്കന്മാർക്കായുള്ള യോഗത്തിൽ സംബന്ധിച്ചു. പത്താം തീയതി ഓശാന ഞയർ ബോറിവാലി തമിഴ് മെഥഡിസ്റ്റ് ദൈവാലയത്തിൽ പ്രസംഗിച്ചു. മുബൈ വെസ്റ്റിലുള്ള നേതാക്കന്മാരുടെ യോഗത്തിൽ സംബന്ധിച്ചു. FMPB യുടെ പ്രവർത്തനത്തിനു കൂടുതൽ സഹായം എത്തിക്കുന്നതിനും അധികം പ്രാർത്ഥനക്കൂട്ടങ്ങൾ ഉരുവാക്കുന്നതിനും സമർപ്പണത്തോടെ പ്രവർത്തിക്കുന്ന മുബൈ സെന്റർ, വെസ്റ്റ് മേഖലയിലുള്ള പ്രാർത്ഥനക്കൂട്ട നേതാക്കന്മാർക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

## വെല്ലൂരിൽ ചികിത്സയിലുള്ള മിഷനറിമാരെ സന്ദർശിച്ചു

ഏപ്രിൽ 13 ന് വെല്ലൂരിൽ കാൻസർ രോഗത്തിന്റെ ചികിത്സയിൽ ആയിരിക്കുന്ന മിഷനറിമാരായ ശ്രീമതി അരുൾ പാക്കിയബായി യോശുവ, ശ്രീ. ദീപ്തി ലാൽ മാല്ലി എന്നിവരെ സന്ദർശിച്ചു. രോഗികളായിരിക്കുന്ന മിഷനറിമാർക്കു വേണ്ടി നാം ദിനംതോറും പ്രാർത്ഥിക്കണം. നമ്മുടെ മിഷനറിമാരുടെ ആരോഗ്യത്തിനും കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുക.

## നസറേത്ത് യോഗങ്ങൾ

തമിഴ്നാട്, നസറേത്തിൽ ഏപ്രിൽ 16,17 തീയതികളിൽ നടത്തിയ പ്രാർത്ഥന യോഗത്തിലും നേതാക്കന്മാരുടെ യോഗത്തിലും പങ്കെടുക്കുവാൻ സാധിച്ചു. ഉയിർപ്പു ഞായാറാഴ്ച രണ്ടു ദൈവാലയങ്ങളിൽ പ്രസംഗിക്കുവാൻ അവസരം ലഭിച്ചു.

## എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

210 -ാമതു എക്സിക്യൂട്ടീവ് കമ്മറ്റി ഹിമാചൽ പ്രദേശിലെ റാമ്പൂരിൽ വെച്ചു 2022 മെയ് 7 മുതൽ 9 വരെ നടത്തുന്നതാണ്. എക്സിക്യൂട്ടിവ് അംഗങ്ങളുടെ യാത്രക്കായും യോഗങ്ങളുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുക.

## മാനേജ്മെന്റ് കമ്മറ്റി യോഗം

2022 മെയ് 14,15 തീയതികളിൽ മാനേജ്മെന്റ് കമ്മറ്റി ചെന്നയിൽ ചേരുന്നതാണ്. ഈ യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട് സംസ്ഥാന കൺവൻഷൻ

രണ്ടു വർഷത്തെ ഇടവേളക്കു ശേഷം വീണ്ടും തമിഴ്നാട് സംസ്ഥാന കൺവൻഷൻ സേലത്തുള്ള ഡാനീഷ് പേട്ടിലെ ബഥേൽ ക്യാമ്പസിൽ വെച്ചു

# അന്നും ഇന്നും യിരെമ്യാവിന്റെ പ്രതിധ്വനികൾ!



മെയ് മാസം വരുമ്പോൾ തമിഴ്നാട് സംസ്ഥാന കൺവൻഷന്റെ ഓർമ്മകൾ നമ്മിൽ വരും. കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നിയമങ്ങൾ പാലിച്ചതിനാൽ വാർഷീക കൺവൻഷൻ ശാരീരികമായി നടത്തുവാൻ സാധിച്ചില്ല. എന്നിരുന്നാലും ദൈവത്തിന്റെ മഹാകൃപയാൽ കഴിഞ്ഞ വർഷം ഓൺലൈനായി കൺവൻഷൻ നടത്തി. ഈ വർഷം വാർഷീക കൺവൻഷൻ നടത്തുന്നതിനു പദ്ധതി തയ്യാറാക്കുവാൻ ദൈവം നമ്മെ സഹായിച്ചു. മെയ് മാസത്തിൽ കുട്ടികളുടെ പരീക്ഷകൾ നടക്കുന്നതിനാൽ കൺവൻഷൻ ജൂൺ ആദ്യവാരത്തിലേക്കു കൺവൻഷൻ മാറ്റിവെച്ചു.

ഈ സമ്മേളനത്തിന്റെ ചിന്താവിഷയം **“ഉന്നതമായ ലക്ഷ്യത്തിലേക്ക്”** എന്നതാകുന്നു. ഇത് യിരെമ്യാവ്. 29:11 ൽ നിന്നും എടുത്തതാണ്. നമ്മുടെ ജനറൽ സെക്രട്ടറി ഈ കാര്യം ജനുവരി മാസത്തെ മിത്രസമാചാർ മാസികയിൽ സൂചിപ്പിച്ചിരുന്നു. ഫെബ്രുവരി മാസത്തിൽ നടത്തിയ ആസൂത്രണ യോഗത്തിൽ ഈ വിഷയം ചിന്തിക്കുകയുണ്ടായി. എന്നിരുന്നാലും ഇതു വിശാലമായ വീക്ഷണകോണിൽ ചിന്തിക്കുന്നത് നല്ലതാകുന്നു.

യിരെമ്യാവിനെ ദൈവം തൻെറ കരങ്ങളിലെ ശക്തിയുള്ള ഉപകരണമായി ഉപയോഗിച്ചു. അവൻ ചെറുപ്പമായിരുന്നപ്പോൾ - 20 വയസ്സ് പ്രായമുള്ളപ്പോൾ - പ്രയാസകരമായ ചുറ്റുപാടിൽ കഠിനമായ ദൈവ വിളിയോടു അനുസരണം കാണിച്ചു. യോശിയാവ്, യോഹോയാശ്, യെഹോയാക്കിം, യോഹോയാഖിം, സിദെക്ക്യാവ് എന്നീ രാജക്കന്മാരുടെ കാലത്ത് ഏതാണ്ട് 40 വർഷക്കാലം യിരെമ്യാവ് ദൈവം അരുളിച്ചെയ്തത് കഠിനമായ വാക്കുകളിലൂടെ ജനത്തോടു പ്രവചിച്ചു. ചില വേദപുസ്തക പണ്ഡിതർ യിരെമ്യാവ് 50 വർഷം പ്രവചിച്ചെന്നു പറയുന്നു. നാലു രാജാക്കന്മാരിൽ യോശിയാവ് ഒഴികെ

---

2022 ജൂൺ രണ്ടു മുതൽ അഞ്ചു വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. FMPB കുടുംബത്തിലെ അംഗങ്ങൾ പരസ്പരം കാണുന്നതിനും കഴിഞ്ഞ രണ്ടു വർഷകാലത്തെ കഠിനമായ ജീവിത സാഹചര്യത്തിൽ ദൈവത്തിന്റെ വിശ്വസ്തത പങ്കുവെക്കുന്നതിനുമായി ആകാംഷയോടെ കാത്തിരിക്കുന്നു. മിഷൻ ചരിത്രത്തിലെ പ്രധാന സംഭവമായ ഈ പ്രധാന യോഗത്തിൽ പങ്കെടുക്കുവാൻ നിങ്ങളെവരെയും കൂപ്പുകരങ്ങളോടെ സ്വാഗതം ചെയ്യുന്നു.

കർത്താവിന്റെ ദൗത്യ നിർവഹണത്തിൽ നിങ്ങളുടെ സഹയാത്രികൻ



റവ. ജോൺ ബർലിൻ എസ്.

എല്ലാവരും ദുഷ്ടത പ്രവർത്തിക്കുന്നവരായിരുന്നു. ഈ ഭരണകാലത്തു ജനങ്ങൾ തങ്ങൾക്കു ബോധിച്ചതു പോലെ ജീവിച്ചു. ദൈവ വചനം ശ്രവിക്കുവാൻ അവർ വിസമ്മതിച്ചു. വിഗ്രഹാരാധനയിലേക്കു തിരിഞ്ഞു. കള്ളപ്രവാചകന്മാരെ കേൾക്കുവാൻ തുടങ്ങി.

ഈ കാലഘട്ടത്തിൽ അവരുടെ പാപത്തെ കുറിച്ചു മുന്നറിയിപ്പു നൽകുന്ന പ്രവാചകനായി യിരെമ്യാവ് ജീവിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ വ്യക്തവും ശക്തവുമായിരുന്നു. ഒരിക്കൽ പോലും ജനത്തെ പ്രസാദിപ്പിക്കുന്ന വിധത്തിൽ സൗമ്യമായ ഭാഷയിൽ സംസാരിച്ചില്ല. പകരം ശക്തവും കഠിനവുമായ വാക്കുകളിലൂടെ പ്രസംഗിച്ചു. യിരെമ്യാവിന്റെ പുസ്തകത്തിലുടനീളം നാം ഇതിനെ കുറിച്ചു വായിക്കുന്നു. അതായത് കർത്താവിന്റെ സന്ദേശം സുഗമമായ വാക്കുകളിലൂടെ അറിയിക്കുവാൻ ഒരിക്കൽ പോലും തുനിഞ്ഞില്ല. എന്നാൽ യിരെമ്യാവ് തുറന്നു സംസാരിക്കുന്നവനും നേരുള്ളവനും ആയിരുന്നു. ഇത്തരത്തിൽ തുറന്നു സംസാരിക്കുന്നതിനാലും ശക്തവും കർക്കശവുമായ വാക്കുകൾ ഉപയോഗിക്കുന്നതിനാലും യിരെമ്യാവ് വെറുക്കപ്പെട്ടവനായിരുന്നെന്നു നമുക്കു യിരെമ്യാവിന്റെ പുസ്തകത്തിലൂടെ മനസ്സിലാക്കാം. ഭരണശ്രേണിയിലുള്ളവർക്കും ജനങ്ങൾക്കും യിരെമ്യാവ് ജനപ്രീയനായിരുന്നില്ല.

നമ്മുടെ ഈ കാലത്തും ക്രിസ്തീയ പ്രവർത്തകർ പാപത്തിൽ വലയുന്ന ആളുകൾക്കു പാപബോധം വരുത്തുന്ന കർക്കശമായ വിധത്തിൽ പ്രബോധിപ്പിക്കാതെ ജനങ്ങൾക്കു പ്രസാദകരമായ ഇമ്പ വാക്കുകളിൽ പ്രസംഗിക്കുന്നവരാകുന്നു. ജനങ്ങളെ മാനസാന്തരത്തിലേക്കു നയിക്കുന്ന പരുഷവും കഠിനവുമായ വാക്കുകൾ ഉപയോഗിക്കാതെ മനപൂർവ്വം ജനങ്ങൾക്കു പ്രസാദകരമായ വിധത്തിൽ മനോഹര വാക്കുകൾ ഉപയോഗിക്കുന്നവരെ നാം കണ്ടുമുട്ടാറുണ്ട്. ജനങ്ങളിൽ നിന്നു നല്ല അഭിപ്രായം ലഭിക്കുന്നതിനും പ്രശസ്തി നേടുന്നതിനുമായി ജനപ്രീയരാകുന്നതിനായി ദൈവവേല ചെയ്യുന്നവരാണ് പലരും. യിരെമ്യാവിന്റെ ജീവിതം ഈ കാലഘട്ടത്തിലെ പ്രസംഗകർ മാതൃകയാക്കേണ്ടതാകുന്നു

## അനുകൂലമല്ലാത്ത സാഹചര്യത്തിൽ

**അന്ന്:** ദൈവം നൽകിയ മാതൃകയും നിയമവും നിരസിച്ചതിനാൽ യഹുദന്മാർ ദൈവ ക്രോധത്തിനിരയായി. അവർ പാപത്തിൽ വീണ പല സന്ദർഭത്തിലും ദൈവം അവരെ വിടുവിച്ചിട്ടുണ്ട്. ദൈവത്തിന്റെ ക്ഷമ അവസാനിച്ചതു പോലെ തോന്നുന്നു. ദൈവത്തിന്റെ മുന്നറിയിപ്പിനെ മനപൂർവ്വമായി അവഗണിച്ച യഹൂദന്മാരെ ദൈവം ബാബിലോണ്യരുടെ കൈകളിൽ ഏല്പിക്കുന്നു. യരുശലെമിനെ നശിപ്പിച്ച് യഹൂദന്മാരെ അടിമകളാക്കി കൊണ്ടു പോകുവാൻ ദൈവം നെബുഖദ്നേസരെ അനുവദിക്കുന്നു.

**ഇന്ന്:** ക്രിസ്ത്യാനികളായ നാം ദൈവത്തിനു പ്രസാദകരമായ ജീവിതം നയിക്കുവാൻ വിസമ്മതിച്ചതിനാലും അതു പോലെ തന്നെ ഇന്ത്യക്കാരെ ക്രിസ്തുവിനായി നേടുക എന്ന ദൈവത്തിന്റെ മഹാ നിയോഗത്തെ മനപൂർവ്വമായി അവഗണിച്ചതിനാലും നമ്മെ അടിച്ചമർത്തുവാൻ ദൈവം സുവിശേഷ വിരോധികളെ അനുവദിച്ചു. ഈ നാളുകളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു രാഷ്ട്രീയ സാഹചര്യങ്ങൾ അനുകൂലമല്ല. ദൈവവേല ചെയ്യുന്നതിനു പലവിധത്തിലുള്ള എതിർപ്പുകളും തടസ്സങ്ങളും ഉയർന്നു വരുന്നു. ക്രിസ്തീയ പ്രവർത്തകരെ ഭീഷണിപ്പെടുത്തുന്നു, പല പ്രകാരത്തിലുള്ള കള്ളക്കേസുകൾ ചുമത്തി അവരെ ജയിലിൽ ഇടുന്നു, ദൈവാലയങ്ങൾ നശിപ്പിക്കുന്നു, ആരാധന യോഗങ്ങൾ തടസ്സപ്പെടുത്തുന്നു, പ്രാർത്ഥന യോഗങ്ങൾ നടത്തുന്നതിനു അനുവദിക്കുന്നില്ല, അനേക സംസ്ഥാനങ്ങളിൽ മതപരിവർത്തന നിരോധനബിൽ പ്രബല്യത്തിൽ കൊണ്ടു വരുന്നു, തങ്ങൾ ആഗ്രഹിക്കുന്ന

ദൈവത്തെ ആരാധിക്കുവാൻ അനുവദിക്കുന്നില്ല എന്നിങ്ങനെ ക്രൈസ്തവരെ ഉപദ്രവിക്കുന്നത് വർദ്ധിച്ചു വരുന്നു. വിവിധ മതസ്ഥരുടെ സമാധാനപരമായ സഹവർത്തിത്വം സാധ്യമല്ലാത്ത സാഹചര്യം ചില തീവ്രവാദ സ്വഭാവമുള്ള മത സംഘടനകൾ സൃഷ്ടിക്കുകയാണ്.

**അനുകൂലമല്ലാത്ത സാഹചര്യങ്ങൾ വ്യക്തമായി കൈകാര്യം ചെയ്യുവാനുള്ള ദൈവത്തിന്റെ ഉന്നതമായ പദ്ധതികൾ**

യഹൂദന്മാരെ ബാബിലോണിലേക്കു അടിമകളായി കൊണ്ടുപോയി. യരുശലെമിൽ വസിക്കുന്ന യഹൂദന്മാരുടെ സ്ഥിതിയും ദുഷ്കരമായിരുന്നു. വ്യാജ പ്രവാചകന്മാരുടെ വാക്കുകൾ അവർ വിശ്വസിച്ചു. രണ്ടു വർഷത്തിനുള്ളിൽ അവർ തിരികെ വരുമെന്നുള്ള വാക്കുകളിൽ അവർ ആശവെച്ചു. യിരെമ്യാവ് അടിമകളായിരുന്നവർക്കു കത്തെഴുതി. ഈ കത്ത് വ്യക്തപരമായിട്ടുള്ളതല്ലായിരുന്നു. ഒരു സമൂഹത്തിനുള്ളതായിരുന്നു. അദ്ധ്യായം 29 ൽ കാണുന്ന ഈ കത്ത് സ്വന്തദേശവും വീടും അടിസ്ഥാന സൗകര്യങ്ങളും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു അന്യദേശത്തു പരദേശികളെ പോലെ പാർക്കുന്ന ജനത്തിനുള്ളതാകുന്നു. യരുശലെമിൽ ശേഷിച്ചിരിക്കുന്ന ജനത്തിന്റെ കഷ്ടപ്പാട് മനോഹരമായി ഇവിടെ വിവരിക്കുന്നുണ്ട്. ഈ അടിമത്വം ദീർഘകാലം തുടരുമെന്നും പ്രവാസകാലം എപ്രകാരം കഴിക്കണമെന്നതു ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്

യിരെമ്യാവ്.29:11 പറയുന്നു, "നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്".

സമൃദ്ധിയുടെ ദൈവശാസ്ത്രം പ്രസംഗിക്കുന്ന പ്രസംഗകർക്കു ഏറ്റവും പ്രീയപ്പെട്ട വാക്യമാകുന്നിത്. തുടക്കത്തിൽ ഇതൊരു മഹത്തായ പദ്ധതിയായി, പൂർത്തീകരിക്കുവാനുള്ള ഒരു സ്വപ്നമായി സുരക്ഷിതത്വവും സമൃദ്ധിയും നൽകുന്ന ഒരു പദ്ധതിയായി കാണപ്പെടുന്നു. എന്നാൽ ഈ വാക്യത്തിന്റെ യഥാർത്ഥ അർത്ഥം ഇതല്ല. ഈ പദ്ധതിയും ചിന്തയും പെട്ടെന്നു കടന്നു പോകുന്നതല്ല. അവസാന നിമിഷ അത്ഭുതം ഇവിടെ സംഭവിക്കയില്ല. അവർ ചില കാര്യങ്ങൾ ചെയ്യണമെന്നു നിർദ്ദേശിക്കുന്നു.

### 1. സംതൃപ്തിയുള്ള ജീവിതം നയിക്കണം.

**അന്ന്:** യിരെമ്യാവ് 29: 4,5 ൽ പറയുന്നു. ഒട്ടും അനുകൂലമല്ലാത്ത ജീവിത സാഹചര്യത്തിൽ വീടുകൾ പണിതു അതിൽ പാർക്കുക; തോട്ടങ്ങൾ നട്ടുണ്ടാക്കി അതിന്റെ ഫലങ്ങൾ അനുഭവിക്കുക; മക്കളെ വിവാഹം കഴിപ്പിച്ച് എണ്ണം വർദ്ധിപ്പിക്കുക; അവർ ജീവിക്കുന്ന ഇടങ്ങളിൽ എണ്ണത്തിൽ കുറയാതെ വർദ്ധിക്കുക. ദൈവം തന്റെ അതുല്യ പദ്ധതി തക്ക സമയത്തു പൂർത്തീകരിക്കുമെന്നു യിരെമ്യാവ് പറഞ്ഞു.

**ഇന്ന്:** ഈ മഹത്തായ ജനാധിപത്യ രാജ്യത്തു ക്രിസ്ത്യാനികൾക്കെതിരായ അക്രമം വർദ്ധിച്ചു വരുന്നു. ന്യൂനപക്ഷമായ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നു. മതപരിവർത്തന നിരോധന ബിൽ കൊണ്ടു വന്നു പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. നമുക്കു നമ്മുടെ ജീവിതം നിറുത്തുവാൻ കഴികയില്ല. സഹിഷ്ണതയോടു നമ്മുടെ പ്രവർത്തനത്തെ മുന്നോട്ടു നയിച്ചു നാം ജീവിക്കണം. അത്മാർത്ഥതയോടെ ജോലിയും ബിസിനസ്സും ചെയ്ത്, നമ്മെ ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റി വലിയ അനുഗ്രഹങ്ങൾ കൊയ്തെടുക്കുന്നതിനാകുന്നു നമ്മെ വിളിച്ചത്. ഈ മേഖലകളിലെല്ലാം നമ്മുടെ ശുശ്രൂഷയുടെ ഉത്തരവാദിത്വങ്ങളിലും ദൈവം തക്കസമയത്തു തന്റെ പദ്ധതികൾ നിറവേറ്റും എന്ന പ്രത്യാശ നമുക്കുണ്ട്.

## 2. ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം നമ്മോടു ആവശ്യപ്പെടുന്നു.

**അന്ന്:** യിരെമ്യാവ് 29:7 ൽ ദൈവം പറയുന്നു, "ഞാൻ നിങ്ങളെ ബദ്ധന്മാരായി കൊണ്ടുപോകുമാറാക്കിയ പട്ടണത്തിന്റെ നന്മ അന്വേഷിച്ചു അതിനു വേണ്ടി യഹോവയോടു പ്രാർത്ഥിപ്പിൻ; അതിനു നന്മ ഉണ്ടെങ്കിൽ നിങ്ങൾക്കും നന്മ ഉണ്ടാകും." ദേശത്തിൽ സമാധാനം ഉണ്ടെങ്കിൽ നിങ്ങളുടെ ഉള്ളിലും സമാധാനം ഉണ്ടാകും. ബദ്ധന്മാരായയിരിക്കുന്ന ജനങ്ങൾ, അടിമകളായിരിക്കുന്ന ജനങ്ങൾ അവരെ അടിമകളാക്കി വെച്ചിരിക്കുന്ന ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുക. ബാബിലോണിൽ സമാധാനം ഉരുവാകേണ്ടതിനായി ദൈവമക്കൾ പ്രാർത്ഥിക്കണം.

**ഇന്ന്:** ഇതേ ഉപദേശമാണ് ഈ നാളുകളിലും നൽകുന്നത്. നാം നമ്മുടെ രാജ്യത്തിന്റെ സമാധാനത്തിനും സമൃദ്ധിക്കുമായി പ്രാർത്ഥിക്കണം. 1 തിമൊ.2:1,2 "എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവിനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനു മുമ്പെ പ്രബോധിപ്പിക്കുന്നു."നമ്മുടെ നേതാക്കന്മാർക്കു വേണ്ടി നാം പ്രാർത്ഥിക്കുന്നതിന്റെ അർത്ഥം നാം സമാധാന ജീവിതം നയിക്കുന്നതിനു മാത്രമല്ല സർവ്വഭക്തിയോടു കൂടിയുള്ള വിശുദ്ധ ജീവിതം നയിക്കുന്നതിനായിട്ടു കൂടിയാകുന്നു.

## 3. കള്ള പ്രവചകന്മാരെ ശ്രദ്ധിക്കരുത്

**അന്ന്:** യിരെമ്യാവ് അവരോടു പറഞ്ഞു, കള്ള പ്രാവചകന്മാരെ ശ്രദ്ധിക്കരുത് അവരുടെ ഭോഷ്കായ പ്രവചനത്തെ കേൾക്കരുത്. "യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളുടെ ഇടയിലുള്ള നിങ്ങളുടെ പ്രവാചകന്മാരും പ്രശ്നക്കാരും നിങ്ങളെ ചതിക്കരുത്; നിങ്ങൾ കാണുന്ന സ്വപ്നങ്ങളെ കൂട്ടാക്കുകയുമരുത്. അവർ എന്റെ നാമത്തിൽ ഭോഷ്കു പ്രവചിക്കുന്നു; ഞാൻ അവരെ അയച്ചിട്ടില്ല എന്നു യഹോവയുടെ അരുളപ്പാട് (യിരെ. 29:8,9). ആ കാലഘട്ടത്തിൽ അവരുടെ മദ്ധ്യെ ചില കള്ള പ്രവാചകന്മാർ ജീവിച്ചിരുന്നു. അവർ ഭോഷ്കു പ്രവചിച്ച് ജനങ്ങളെ വഞ്ചിച്ചിരുന്നു. ജനങ്ങൾ അവരെ സ്വീകരിച്ചിരുന്നു കാരണം അവരുടെ പ്രവചനം കർണ്ണത്തിനു ആനന്ദകരമായിരുന്നു. യിരെമ്യാവിലൂടെ ദൈവം ജനത്തിനു നിർദ്ദേശം നൽകി നിങ്ങൾ കള്ള പ്രവാചകന്മാരെ ശ്രദ്ധിക്കരുത്. ഞാൻ അവരെ അയച്ചിട്ടില്ല.

**ഇന്ന്:** കള്ള പ്രവാചകന്മാർ വ്യാജ പ്രവചനങ്ങൾ പറഞ്ഞു ഇന്നും നമ്മുടെ മദ്ധ്യത്തിൽ ജീവിക്കുന്നുണ്ട്. ജനങ്ങൾ അവരെ വിശ്വാസിക്കുന്നു. അവർ പറയുന്ന പ്രവചനങ്ങൾ സംഭവിക്കുന്നില്ലെങ്കിലും അവരെ ഒഴിവാക്കുവാൻ ജനങ്ങൾ മടിക്കുന്നു. അവരെ തള്ളിക്കളയാത്തതു കൊണ്ട് അവർ ഇപ്പോഴും മനസ്സിൽ തോന്നുന്ന ഭോഷ്കുകൾ പ്രവചിച്ച് ക്രിസ്തീയ സമൂഹത്തെ വഞ്ചിക്കുന്നു. നാം അറിയേണ്ട എല്ലാ പ്രവചനങ്ങളും വേദപുസ്തകത്തിൽ എഴുതിയിട്ടുണ്ട്. അതിനാൽ നാം ജാഗ്രതയുള്ളവരായിരിക്കണം.

## 4. തന്റെ വാഗ്ദത്തങ്ങളും പദ്ധതികളും പൂർത്തീകരിക്കും:

**അന്ന്:** യിരെ. 29:11 "നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്" കള്ള പ്രവാചകന്മാരെ വിശ്വസിച്ചു തെറ്റായ ജീവിതം നയിക്കുന്ന എല്ലാ തലമുറയിലുള്ളവർക്കായിട്ടാണ് ഈ വാഗ്ദത്തം. 70 വർഷത്തിനുള്ളിൽ അവർ പ്രതീക്ഷിക്കുന്ന വാഗ്ദാനങ്ങൾ നിറവേറ്റുമെന്നു ദൈവം അവർക്കു വാഗ്ദത്തം നൽകുന്നു. അവസാനമായി യിരെമ്യാവ് 29: 12–14

വാക്യങ്ങളിൽ "നിങ്ങൾ എന്നോടു അപേക്ഷിച്ചു എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും. നിങ്ങൾ എന്നെ കണ്ടെത്തുവാൻ ഞാൻ ഇടയാക്കും എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ നിങ്ങളുടെ പ്രവാസം മാറ്റും; ഞാൻ നിങ്ങളെ നീക്കികളഞ്ഞിരിക്കുന്ന സകല ജാതികളിൽ നിന്നും എല്ലായിടങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു ഞാൻ നിങ്ങളെ വിട്ടു പോകുമാറാക്കിയ സ്ഥലത്തേക്കു തന്നേ മടക്കി വരുത്തും എന്നു യഹോവയുടെ അരുളപ്പാട്"

**ഇന്ന്:** ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലെ ചില പദ്ധതികൾ വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കുവാൻ സാധിച്ചില്ലെങ്കിലും ദൈവത്തോടു പ്രാർത്ഥിച്ച് പൂർണ്ണ ഹൃദയത്തോടെ അന്വേഷിച്ചാൽ ദൈവം നമ്മെ കേൾക്കുകയും നമ്മുടെ പദ്ധതികൾ നിറവേറ്റുകയും ചെയ്യും. ഈ സംഘടനയുടെ ആരംഭം മുതൽ തന്നെ നാം ദൈവത്തിന്റെ പാദപീഠത്തിങ്കൽ ഇരുന്നു പ്രാർത്ഥനയോടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ദൈവീക പദ്ധതിക്കു അനുസരിച്ച് നമ്മുടെ ഉദ്യമങ്ങളെ രൂപപ്പെടുത്തുന്ന സ്വഭാവവും നമുക്കുണ്ട്. നമ്മുടെ ശുശ്രൂഷയുടെ സമസ്ത മേഖലയിലുമുള്ള എല്ലാ അതിർത്തികളിൽ നിന്നും ലക്ഷ്യങ്ങൾ തീരുമാനിച്ച് മുന്നോട്ടു ഗമിക്കുന്നു. ദൈവം നമുക്കായി ക്രമീകരിച്ച ലക്ഷ്യം സാമ്പത്തിക മേഖലയിലും മിഷൻ വയൽത്തലത്തിലും നേടുന്നതിൽ പരാജയപ്പെട്ടാലും എല്ലാ വർഷവും വ്യത്യാസങ്ങൾ കൊണ്ടുവരുന്നതിനു ദൈവം നമ്മെ സഹായിക്കുന്നു.

2020 –ാം ആണ്ടിൽ **വീടു വീടാന്തരം** എന്ന ലക്ഷ്യം നിശ്ചയിച്ചു. ആ ലക്ഷ്യം നേടുന്നതിനായി പ്രവർത്തിച്ചു. കോവിഡ് മഹാമാരി നിമിത്തം ആലയങ്ങളിലെ ആരാധന നിർത്തി വെക്കേണ്ടിവന്ന പശ്ചാത്തലത്തിൽ എല്ലാ ഭവനത്തിലും ആരാധനയും വേദപഠനക്ലാസ്സും തുടങ്ങി. എല്ലാ ഭവനവും ആരാധന കേന്ദ്രമായി മാറി. 2021 –ാം വർഷത്തിലെ നമ്മുടെ ചിന്താവിഷയം **മാറ്റമില്ലാത്തവനായ ദൈവം** എന്നതായിരുന്നു. നിയന്ത്രണങ്ങൾ ശക്തീകരിച്ചപ്പോഴും നമ്മുടെ മിഷനറിമാർ കഠിനമായി അദ്ധ്വാനിച്ച് നല്ലൊരു കൂട്ടം ജനത്തെ വിശ്വാസത്തിലേക്കു നയിച്ചു. അങ്ങനെ ദൈവം മാറ്റമില്ലാത്തവനെന്നു തെളിയിച്ചു. ഇപ്രകാരം ദൈവം നമുക്കു ക്രമീകരിച്ചു തരുന്ന ലക്ഷ്യത്തിലൂടെ മുന്നോട്ടു ഗമിക്കുവാൻ ദൈവം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ അതുല്യമായ പദ്ധതികൾ നമ്മുടെ ജീവിതതത്തിൽ സംഭവിക്കണമെങ്കിൽ നാം ഈ കാര്യങ്ങളെ പിന്തുടരണം.

എല്ലാ സാഹചര്യങ്ങളിലും സംതൃപ്ത ജീവിതം നയിക്കണം.

നമ്മുടെ ദേശത്തിന്റെ ക്ഷേമത്തിനായി പ്രാർത്ഥിക്കണം.

കള്ളപ്രവാചകന്മാരെ ഒഴിവാക്കണം.

ദൈവം തന്റെ വാഗ്ദത്തം നിറവേറ്റും എന്നു ഉറച്ചു വിശ്വസിക്കണം. നാം പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കണം. നമ്മുടെ അപേക്ഷകൾ ദൈവസന്നിധിയിൽ അർപ്പിക്കണം.

ദൈവം തീർച്ചയായും തന്റെ പദ്ധതി നിറവേറ്റും. സുവിശേഷം ശ്രവിക്കാത്ത ഇന്ത്യക്കാരെ സുവിശേഷത്താൽ നേടുക എന്ന നമ്മുടെ ദർശനം ഈ തലമുറയിൽ തന്നെ ദൈവം നിറവേറ്റും.

ക്രിസ്തുവിന്റെ കൃപയിൽ വസിച്ചു
കൊണ്ട് തിരുവചന പ്രകാശത്തിൽ
നടന്നു ഇരുട്ടിൽ വസിക്കുന്ന ജനകോ
ടികൾ ദൈവസ്നേഹം രുചിച്ചറിയണം.
ദൈവമേ അങ്ങയുടെ അതുല്യമായ
പദ്ധതി സത്യസന്ധമായി പിന്തുടരു
വാൻ ഞങ്ങളെ സഹായിക്കണമേ.

കർത്താവേ ഇതു ഞങ്ങളുടെ
പ്രാർത്ഥനയായിരിക്കട്ടെ

–ശ്രീ. സി. റജിനാൾഡ്,
FMPB, പ്രസിഡണ്ട്.



## 2021 - 2022

ഈ മെയ് മാസം നമ്മുടെ മിഷനറിമാരുടെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്ന മക്കളുടെ പട്ടിക ഇവിടെ കൊടുക്കുന്നു. ബാലഭവനത്തിലെ കുട്ടികൾക്കായും FMPB യിലെ അംഗങ്ങളുടെ മക്കൾക്കായും പ്രാർത്ഥിക്കുക. ഇവരെല്ലാവരും പരീക്ഷകളിൽ തിളങ്ങുന്ന വിജയം കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മിഷനറിമാരുടെ പത്താം ക്ലാസ്സിലെ പരിക്ഷ എഴുതുന്ന കുട്ടികൾ (2021-2022)

| Sl. No. | കുട്ടികളുടെ പേര് | | രക്ഷിതാവിന്റെ പേര് |
|---|---|---|---|
| 1. | പ്രിൻസ് ചാൾസ് | – | റവ. ഹരമോഹൻ പ്രഭുദാസ് നായക് |
| 2. | ആശിഷ് ജോൺ | – | റവ. രമേശ് ബായ് വസാവ |
| 3. | മഹിമ | – | റവ. സുദർശൻ തോമസ് ജയരാജ് |
| 4. | ഐഡ ഗ്രേസ് | – | റവ. ജോൺ സ്റ്റീഫൻ വൈ |
| 5. | പ്രസൻജിത് ജ്യോതി | – | റവ. ബഞ്ചമിൻ ജ്യോതി |
| 6. | ജോശിയാ ആൻഡ്രേഴ്സൺ ശമുവേൽ | – | റവ. വെങ്കിടേശൻ എം |
| 7. | റിച്ചാർഡ് എൽ | – | ശ്രീ. അജയ് കുമാർ ലിമ്മ |
| 8. | ചരിഷ്മ എൽ | – | റവ. ഹമുവേൽ ലിമ്മ |
| 9. | രുഫസ് കുമാർ എസ് | – | ശ്രി. ഹേമന്ത കുമാർ സബാർ |
| 10. | സെലീന സിങ് | – | റവ. സമരേന്ദ്ര സിങ് |
| 11. | പ്രഗതി | – | ശ്രീ. ബിദുഷ് കുമാർ നായക് |
| 12. | ജപ ഷാരോൺ സിങ് | – | ശ്രി. സുഗന്തോ കുമാർ സിങ് |
| 13. | നികിതോലി ബസ്ലി ചോപി | – | റവ. യെക്ടോ ചോപ്പി |
| 14. | ഐഡ ഡുയിബില | – | റവ. മാത്യു കെ |
| 15. | ശമുവേൽ ജോയ്സൺ | – | റവ. വിനയരാജ് എം |
| 16. | ബ്ലസ്സി ഇവാൻജലിൻ വിജയ് | – | റവ. വിജയകുമാർ കെ. |
| 17. | എയ്ഞ്ചലിൻ ബ്ലസ്സി | – | ശ്രീ. ശ്രീനിവാസൻ ജെ. |
| 18. | സ്പെർസിഗ പോൾ | – | റവ. പോൾ ദയാസിങ് എ വൈ |
| 19. | മൗമിത | – | റവ. മുന്ന മൊഹന്തിയാർ |
| 20. | ദീന | – | റവ. ദാനിയേൽ വിജയരാജ് |

21. ജാസ്മിൻ – ശ്രീ. കാർത്തികേയൻ എസ്
22. ആഷേർ ഡേവിസ് – ശ്രീ. സെന്തിൽ മുരുകൻ വി
23. കാത്രിൻ ഗിഫ്റ്റി – ശ്രീ. പ്രത്യുഷ് നായക്
24. ഗ്ലോറിയ ബി കെ – ശ്രീ. ബസവരാജ കെ
25. അഭിഷേക് ബോടാർ – ശ്രീ. ബോടാർ അമൃത്ബായ് ബച്ചുബായ്
26. തേറിസ്സ ജി – ശ്രീ. ഗെദ്ദാം ശ്രീനിവാസ റാവു
27. സ്റ്റെഫി ആർ മാലിഗർ – ശ്രീ. രാജ ബി
28. ജസ്റ്റിൻ കിങ് പോൾ – ശ്രീ. കൊങ്ക ഗിരി ബാബു
29. ജോൺ വെസ്ലി – ശ്രീ. മീനുക അഡേപ്പ @ മാത്യു
30. സ്തുതി മഗ്ദലിൻ – ശ്രീ. മാണിക്യം പി
31. പ്രവീൺ കുമാർ – ശ്രീ. പത്മാവതി



## മിഷനറിമാരുടെ പന്ത്രണ്ടാം ക്ലാസ്സിലെ പരിക്ഷ എഴുതുന്ന കുട്ടികൾ (2021-2022)

| Sl. No. | കുട്ടികളുടെ പേര് | രക്ഷിതാവിന്റെ പേര് |
|---|---|---|
| 1. | ജിം എലിയറ്റ് | റവ. പോൾ സമ്പത്ത് റ്റി. |
| 2. | ആഷേർ റാഗ്ലണ് ജെ | റവ. ജേക്കബ് പ്രദീപ് കുമാർ |
| 3. | അർപൻ ഭരതൻ | റവ. ജുബരാജ് ഭരതൻ |
| 4. | ഷൈൻ ഹൈറിൻ | റവ. സജ്ജീബ് കുമാർ ആന്ദ്രഡാപ് |
| 5. | സ്റ്റെൻസ് ബി റിങ്കാൾ | റവ. ബൻഹൂർ എം |
| 6. | ബനഡിക്ടൻ മോഹപത്ര | റവ. ജീവൻ രഞ്ജൻ മോഹപത്ര |
| 7. | ജയ നിസി ആശ | റവ. ജോൺസൺ ശങ്കർ ഐ |
| 8. | ലോഗോസ് കുമാർ എസ് | ശ്രീ. ഹേമന്ത കുമാർ സബാർ |
| 9. | ബ്ലസ്സിങ് രാജ | റവ. എഡ്വേർഡ് രാജദുരൈ ആർ |
| 10. | എയ്ഞ്ചൽ സുനിൽ കുമാർ വസാവ | റവ. വസാവ സുനിൽ കുമാർ |
| 11. | ഗ്ലോറി ജൂലിയ @ഷീനു | റവ. ബിഭാബ പാനി |
| 12. | നിലോലി ചോപ്പി | റവ. യെക്ടോ ചോപ്പി |
| 13. | കിങ്സ്ലി മോറിസ്സ് പായ്ക് | റവ. ഗുണ ചന്ദ്ര പായ്ക് |
| 14. | ജോൺ പോൾ രാഗ്ലണ്ട് | ശ്രീ. ഐസക് ധനസിങ് ആർ |
| 15. | ലിദ്ദിയ വൈസ്ലിൻ | ശ്രീ. ദാനിയേൽ അരുൾമണി ജെ |
| 16. | സുദീപ്ത റാണി ബീറോ | റവ. സജ്ജയ് കുമാർ ബീറോ |
| 17. | സാം ലിയോ സഹായരാജ് | ശ്രീ. ഐസക് രാജ ഡി |
| 18. | ഹത് നഗൈ നെങ് ഖോങ്സായ് | റവ. ലുങ്കിംതോങ്കാം ഖൊങ്സായ് |
| 19. | അനുഗ്രഹ മിറക്കിൾ ഹാരീസ് | ശ്രീ. ജോൺ പോൾ ഹാരീസ് ജെ. |
| 20. | ഏബ്രഹാം രാജാസിങ് | ശ്രീ. പോൾരാജ് ആർ. |
| 21. | ജെറുഷ കരോലിൻ | ശ്രീ. മോസസ് @ മുരളിധരൻ എസ് |
| 22. | ഗ്ലാഡിസ് കൃപൈ മലർ | ശ്രീമതി ജയ്ൻ അമുത കൃപൈ |



# മിറാസി ജാതിക്കൂട്ടം

**(ഒരു ആമുഖം)**

മിറാസി ജാതിക്കൂട്ടം അവരുടെതായ സവിശേഷ തനിമയുള്ള വൈവിധ്യമാർന്ന ഒരു ജാതിക്കൂട്ടമാകുന്നു. ഉത്തരേന്ത്യയിലുള്ള മിറാസി ജനങ്ങളിൽ ഹിന്ദുക്കളും സിക്കുകാരും മുസ്ലിങ്ങളും ഉണ്ട്. പഖ്വാജി എന്നു വിളിക്കപ്പെടുന്ന ഇവർ തമ്പേറു പോലുള്ള ഒരു ഉപകരണം ഉപയോഗിച്ചു പാട്ടു പാടുന്നതിൽ പേരുകേട്ടവരാകുന്നു. പഞ്ചാബിലാകമാനം 1,12,000 പേർ ജീവിക്കുന്നു. അവർ മഗദി, ഉർദു, രാജസ്ഥാനി, പഞ്ചാബി, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കും. മിറാസി എന്ന പദം അറബി വാക്കായ മിറാസ് എന്ന പദത്തിൽ നിന്നു ഉരുത്തിരിഞ്ഞു വന്നതാണ്. ഈ വാക്കിന്റെ അർത്ഥം അനന്തരവകാശം എന്നാകുന്നു. മിറാസി എന്ന ഗോത്രത്തെ താഴെ പറയുന്ന ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. റായ് – മിറാസിസ്, ഇവർ ജാട്ട് വംശാവലിയിൽ ഉൾപ്പെട്ടവരാകുന്നു; മിർ– മറാസിസ്, ദാദി, കലാവന്ത്, ഖാരിയാല, കാമാച്ചി ഇവർ ബ്രാഹ്മണ വംശാവലിയിലുള്ളവരാകുന്നു; മുത്രിബ്, നകാൽ, ക്യുവാൽ, ഭക്തിഗാനങ്ങൾ ആലപിക്കുന്ന സുഫി പാട്ടുകാർ, റാബാബിസ് ഇവർ റാബാബ് എന്ന സംഗീത ഉപകരണം വായിക്കുന്നു. മറ്റു മിറാസി ജനങ്ങളിൽ നിന്നു വ്യത്യസ്തരായി റാബാബിസ് സിക്കുകാരാകുന്നു. ഇവരുടെ വംശ പരമ്പര തേടിയാൽ സിക്കു മതത്തിന്റെ സ്ഥാപകനായ ഗുരുനാനാക്കിനു മുമ്പ് ഭായി മർദ്ദാന എന്ന മിറാസി റാബാബ് വായിച്ചിരുന്നു എന്ന പറയുന്നു.

പൊതുവെ പറഞ്ഞാൽ മിറാസി പഞ്ചാബി ജനങ്ങൾ വിദ്യാഭ്യാസമില്ലാത്തവരാകുന്നു. അടിസ്ഥാന പരമായി ഇവർ ദരിദ്രരാകുന്നു. അവർക്കു വസ്തുവോ വീടോ ഒന്നും സ്വന്തമായില്ല. പൊതുവെ അവരെ ആരും



*ഭവനത്തിന്റെ രൂപം*



*സഭയിലെ ആരാധന*



*ആദ്യ വിശ്വാസി*



*പ്രാദേശിക സഭാമൂപ്പൻ*



*നമ്മുടെ മിഷനറി റവ. ജസ്റ്റിൻ. വൈ കുടുംബം*

ബഹുമാനിക്കാറില്ല. എന്നാൽ അവർ സ്വയം മഹാന്മാരാണെന്നു കരുതുന്നു. അവർക്കു സമൂഹത്തിൽ ധാരാളം ഉത്തരാവാദിത്വങ്ങൾ ഉണ്ട്. പൊതു സ്ഥലത്തു സംസാരിക്കുവാൻ സ്ത്രീകൾക്കു അവകാശമില്ല. സാധാരണഗതിയിൽ അവരെ അടിമകളെ പോലെയാണ് കാണുന്നത്. അവർക്കു അവരുടെതായ നേതാവ് ഉണ്ട്. ജനങ്ങൾ അവരുടെ നിർദ്ദേശങ്ങൾ അനുസരിക്കും.

## സംസ്കാരിക വശങ്ങൾ

സാധാരണ ഗതിയിൽ മിറാസി ജനങ്ങൾ ഒരുമിച്ചാണ് ജീവിക്കുന്നത്. അവരുടെ വസ്ത്ര ധാരണ രീതിയാൽ അവരെ വേഗം തിരിച്ചറിയാം. അവരുടെ ഭക്ഷണ രീതി മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാണ്. അവരെല്ലാവരും ഒരുമിച്ചാണ് ഭക്ഷണം കഴിക്കുന്നത്. അവരുടെ ഉപവിഭാഗത്തിൽ പെട്ട ആളുകളെ മാത്രമേ അവർ വിവാഹം കഴിക്കയുള്ളു. രക്ഷിതാക്കൾ അവരുടെ മക്കളുടെ വിവാഹം ക്രമീകരിച്ചു നടത്തുന്നു.

അധിക പങ്കു മിറാസികളും തൊഴിലാളികളും കൃഷിക്കാരായ കുടിയാന്മാരും പച്ചക്കറി വില്പനക്കാരും ആകുന്നു. അവരുടെ സാംസ്കാരിക ചരിത്രം തെളിയിക്കുവാൻ താമശകൾ, നാടൻ കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവ ഉരുവാക്കുന്നതിനു അവർക്കു അവരുടെതായ തനതു ശൈലിയുണ്ട്. മിറാസികൾ പേരുകേട്ട മടിയന്മാരാകുന്നു. ചൂടു കാലത്തും അവർ പുതപ്പ് കൊണ്ടു മൂടുന്നു. അലസതയെ കുറിച്ചു ചോദ്യങ്ങളുയർന്നാൽ അവർ പറയുന്ന ഉദ്ധരണി അത് മിറാസിയുടെ രസായി (പുതപ്പ്) ആകുന്നു. അവർ നാടൻ പാട്ടുകളാൽ സമ്പന്നരാണ്. മിറാസികൾ മേളകളിൽ രസിപ്പിക്കുകയും വിവാഹങ്ങളിൽ പാടുകയും ചെയ്യും. വിദ്യാഭ്യാസമുള്ള മിറാസികൾ സർക്കാർ സ്ഥാപനങ്ങളിലും പട്ടാളത്തിലും ജോലി ചെയ്യുന്നു. വംശാവലി ഗവേഷണം നടത്തുന്നവരുമുണ്ട്. തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നതിനും ജനങ്ങൾ തങ്ങൾക്കിഷ്ടമുള്ള രീതിയിൽ പെരുമാറുന്നുണ്ടെന്നു ഉറപ്പു വരുത്തുന്നതിനും ആവർക്കു അവരുടെതായ ജാതി കൗൺസിൽ ഉണ്ട്. മിറാസി ജനങ്ങൾ ഒരിക്കലും തങ്ങളുടെ സമുദായത്തിനു പുറത്തുള്ളവരെ വിവാഹം കഴിക്കയില്ല.

## വിശ്വാസ സംവിധാനം

മിറാസി ജനങ്ങൾ ഹിന്ദുക്കളോ മുസ്ലിങ്ങളോ സിക്കുകാരോ ആകാം. ഹൈന്ദവരുടെ ഇടയിൽ വൈവിധ്യമാർന്ന വിശാലമായ വിശ്വാസങ്ങൾ ഉണ്ട്. അവർക്കു ഒരു ദൈവത്തെയും ആരാധിക്കാതിരിക്കാം അല്ലെങ്കിൽ ആയിരം ദൈവങ്ങളെ ആരാധിക്കാം. ഉദാഹരണമായി

- എല്ലാ ദൈവങ്ങളും ഒന്നാകുന്നു, എന്നാൽ ഏകദൈവ സങ്കല്പം പൂർണ്ണമായി അംഗികരിക്കുവാൻ അവർ ആഗ്രഹിക്കുന്നില്ല.
- മുസ്ലിം പരമ്പരാഗത മിറാസി ജനങ്ങൾ മുസ്ലീം വിശ്വാസ സമ്പദായത്തിൽ വിശ്വസിക്കുന്നു.
- ഹിന്ദു പരമ്പരാഗത മിറാസി ജനങ്ങൾ ദേവി ദേവന്മാരിൽ വിശ്വസിക്കുന്നു.
- സിക്ക് പരമ്പരാഗത മിറാസി ജനങ്ങൾ ഗുരു നാനാക്കിനെ അവരുടെ ദൈവമായി കരുതുന്നു.

അവർ പ്രധാന മൂന്നു മതങ്ങളിൽ വിശ്വസിക്കുന്നതിനാൽ ആത്മീകമായ ആശയകുഴപ്പങ്ങൾ അവരുടെയിടയിൽ വളരെ സാധാരണമാകുന്നു.

## മിറാസികളുടെ ഇടയിലെ ശുശ്രൂഷ

2008 ജൂലൈയിൽ FMPB മിറാസി ജന വിഭാഗത്തിന്റെ ഇടയിലെ ശുശ്രൂഷ ആരംഭിച്ചു. റവ. സജ്ജയ് കുമാറും കുടുംബവവും ഇവരുടെ മദ്ധ്യെ പ്രവർത്തിച്ച ആദ്യ മിഷനറിമാരാകുന്നു. പിന്നീട് 2017 മുതൽ റവ. വൈ ജസ്റ്റിനെയും കുടുംബത്തെയും അവിടെ പ്രവർത്തിക്കുന്നതിനായി നിയോഗിച്ചു. അവരുടെ മദ്ധ്യത്തിൽ നിന്നു വിശ്വാസത്തിലേക്കു വന്ന ആദ്യ വ്യക്തി സീമയാകുന്നു. പൈശാചിക ബന്ധനത്തിൽ നിന്നു വിടുതലും ആറു വർഷത്തിലധികം കഷ്ടപ്പെട്ട ഉദര വേദനയിൽ നിന്നുള്ള സൗഖ്യവും അവനെ ക്രിസ്തുവിശ്വാസിയാക്കി തീർത്തു. അത്ഭുത സൗഖ്യം ലഭിച്ചതിനെ തുടർന്നു അവൻ സ്വന്ത സമുദായത്തിലുള്ളവരോടു സുവിശേഷം പങ്കുവെച്ചു അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചു. മൂന്നു വർഷത്തിനു മുമ്പ് അവൻ നിത്യതയിൽ പ്രവേശിച്ചു. സീമക്കു പിന്നാലെ ദീപ സിങ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇപ്പോൾ അവൻ ആരാധനക്കൂട്ടത്തിനു നേതൃത്വം നൽകുന്നു. ധരമകോപിൽ ഈ ജാതി സമൂഹത്തിനായി ഒരു ദൈവാലയം നിർമ്മിച്ചു. 45 കുടുംബങ്ങളിലുള്ള 750 പേർ ഈ ദൈവാലയത്തിൽ ഒരുമിച്ചു കൂടി ദൈവത്തെ ആരാധിച്ചു വരുന്നു.

പൊതുവെ ഈ ജനങ്ങൾ സുവിശേഷത്തോടു താല്പര്യമില്ലാത്തവരാകുന്നു. സത്സാംഗ്, വ്യക്തഗത സുവിശേഷ വേല, ഭവന സന്ദർശനം എന്നീ മുഖാന്തിരങ്ങളിലൂടെ അവരോടു സുവിശേഷം അറിയിക്കുന്നു. ജനം സുവിശേഷം സ്വീകരിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു സമൂദായ നേതാക്കന്മാർ തടസ്സം നിൽക്കുന്നു. അധിക പങ്കു സ്ത്രീകളും സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. വിശ്വാസികളുടെ മക്കൾ വേദപുസ്തകം ക്രമമായി വായിച്ചു പഠിക്കുന്നു.

### പ്രാർത്ഥന വിഷയങ്ങൾ:

- ✔ ഈ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- ✔ മദ്യത്തിനും മയക്കു മരുന്നിനും അടിമകളായിരിക്കുന്ന കുടുംബത്തിന്റെ വിടുതലിനായി പ്രാർത്ഥിക്കുക.
- ✔ ഇവരുടെ മക്കൾക്കു നല്ല വിദ്യാഭ്യാസം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- ✔ ഇവരുടെ സാമൂദായിക വികസന പ്രോഗ്രാമുകളുടെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുക.
- ✔ ജനങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബ പ്രശ്നങ്ങളുടെ പരിഹാരത്തിനായി പ്രാർത്ഥിക്കുക. അവരുടെ ജീവിതങ്ങളിൽ യഥാർത്ഥ സമാധാനം അനുഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- ✔ ജനങ്ങൾക്കു അനുയോജ്യമായ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- ✔ ഞായാറാഴ്ച ആരാധനയിൽ സംബന്ധിക്കാത്ത വിശ്വാസികൾക്കായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.
- ✔ വിശ്വാസികൾക്കു അനുയോജ്യമായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

വിവരങ്ങൾ : – റവ. ജസ്റ്റിൻ വൈ

# കത്താര സഭാ ചരിത്രം

## ഘടംപൂർ മിഷൻ വയൽ, കാൺപൂർ റീജിയൻ, നോർത്തേൺ സോൺ

## ആരംഭം മുതൽ ജൂൺ 2019

*തയ്യാറാക്കിയത്*
**ശ്രീമതി. അഗ്നസ് എഡ്വേർഡ്**



ഉത്തർപ്രദേശിലെ കാൺപൂർ നഗർ ജില്ലയിൽ കാൺപൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന 1719 കുടുംബങ്ങൾ പാർക്കുന്ന വലിയൊരു ഗ്രാമമാകുന്നു കത്താര. കത്താര ഗ്രാമത്തിൽ 9462 ജനങ്ങൾ പാർക്കുന്നു. ഉത്തർപ്രദേശിലെ സാക്ഷരത നിലവാരവുമായി തുലനം ചെയ്താൽ ഈ ഗ്രാമത്തിന്റെ സാക്ഷരത നിരക്ക് ഉയർന്നതാണ്. ഇന്ത്യയുടെ ഭരണഘടനയിലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സർപഞ്ച് (ഗ്രാമത്തലവൻ) ഈ ഗ്രാമത്തിന്റെ ഭരണ നിർവഹണം നടത്തുന്നു. കത്താര ഗ്രാമത്തിലെ ജനങ്ങളിൽ 21.3% പട്ടിക ജാതിയിൽ ഉള്ളവരാകുന്നു. ഇപ്പോൾ കത്താര ഗ്രാമത്തിൽ പട്ടിക വർഗ്ഗക്കാർ ആരും തന്നെയില്ല. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 3515 പേരിൽ 1122 പേർ കൃഷിക്കാരാകുന്നു (ഭൂവുടമകൾ അല്ലെങ്കിൽ ഭൂമി പാട്ടത്തിനെടുത്തവർ). 941 പേർ കൃഷിപ്പണി ചെയ്യുന്ന കൂലി വേലക്കാർ ആകുന്നു.

### ശുശ്രൂഷയുടെ ആരംഭം

ഘടംപൂർ മിഷൻവയൽ പ്രവർത്തനം 1991 മാർച്ച് മാസത്തിൽ ആരംഭിച്ചു. ശ്രീ. അസറിയ രാജ്കുമാർ, ശ്രീ. രാജ എഡ്വിൻ മോസസ് എന്നിവരായിരുന്നു ആദ്യ മിഷനറിമാർ. ശ്രീ. പീറ്റർ ഹരിറാമിന്റെ കാലത്തു ഘടംപൂരിൽ സുവിശേഷം എത്തിച്ചിരുന്നു. ഘടംപൂരിലെ ആദ്യ സ്വദേശ സുവിശേഷകനായ പരേതനായ കമലേശിന്റെ കാലത്താണ് കത്താര ഗ്രാമത്തിൽ സുവിശേഷം എത്തിച്ചത്. കത്താര ഗ്രാമത്തിലെ ആദ്യ വിശ്വാസിയായ ശ്രീ. അശോക് കുമാർ തന്റെ സാക്ഷ്യം പങ്കുവെക്കുന്നു.

“1994 ൽ പ്രാദേശിക സുവിശേഷകനായ കമലേശ് സുവിശേഷീകരണത്തിനായി ഞങ്ങളുടെ ഗ്രാമത്തിൽ എത്തി. അതു ഒരു തിരഞ്ഞെടുപ്പ് കാലമായിരുന്നു. ഞാൻ രാഷ്ട്രീയ പ്രവർത്തകനായിരുന്നതിനാൽ എന്റെ ഭവനത്തിൽ ആൾക്കൂട്ടമുണ്ടായിരുന്നു. സന്ധ്യാ നേരം അദ്ദേഹം എന്റെ ഭവനത്തിനു സമീപത്തു കൂടി പോയി. ഭവനത്തിലെ ആൾക്കൂട്ടം കണ്ടു എന്നോടു സ്വകാര്യമായി സംസാരിച്ചു. അവൻ യേശുവിനെ കുറിച്ചു എന്നോടു സംസാരിച്ചു. ആ സമയം ഞാൻ പൈശാചിക ബന്ധനത്തിലായിരുന്നു..



രാഹുൽ

എന്റെ മൂത്ത സഹോദരി പൈശാചിക ബന്ധനത്തിൽ മരിച്ചു. എന്റെ അമ്മയും ഭാര്യയും പൈശാചിക പോരാട്ടത്തിൽ കഷ്ടപ്പെടുകയായിരുന്നു. ഞങ്ങൾക്കു പിശാചിനെ കാണുവാൻ കഴിയുമായി രുന്നു. കമലേശ് ബായിലൂടെ യേശു ക്രിസ്തു നമ്മുടെ സൃഷ്ടിതാവണെന്നു ഗ്രഹിച്ചു. യേശുവിന്റെ നാമം ഉരുവി ട്ടാൽ പിശാച് വിട്ടു പോകുമെന്നും അദ്ദേഹം പറഞ്ഞു. ഞാൻ യേശുവിന്റെ നാമം ഉരുവിടുവാൻ തുടങ്ങിയപ്പോൾ സാത്താൻ ഭയന്നു മാറുവാൻ തുടങ്ങി. ഞാൻ യേശുക്രിസ്തുവിൽ വിശ്വസി ക്കുവാൻ തുടങ്ങി. എന്നാൽ പൂർണ്ണ മായി വിശ്വസിച്ചില്ല. ഒന്നോ രണ്ടോ പ്രാ വശ്യം ഞാൻ ഘടംപൂരിലുള്ള ആരാധന യോഗത്തിൽ പങ്കെടുക്കുന്നതിനായി പോയി. ആ അവസരത്തിൽ മിഷനറി ശ്രീ. പീറ്റർ ഹരിറാമിനെ കണ്ടു.

ഞങ്ങൾക്കെതിരെ ചെയ്ത ആഭിചാര ക്രീയ നിമിത്തം ഒരു ദിവസം ഞങ്ങ ളുടെ രണ്ടു വയസ്സുള്ള മകൻ രാഹുൽ മരണവക്രത്തിലെത്തി. അവനു ഒന്നും കാണുവാൻ കഴിയില്ല. അവന്റെ കണ്ണു കൾ അടഞ്ഞു. ഞങ്ങൾ അവനെ മന്ത്ര വാദിയുടെ അടുക്കൽ കൊണ്ടു ചെന്നു. എന്നാൽ അയാൾ ഞങ്ങളോടു അയാ ളെക്കാൾ ഉന്നതനായ വ്യക്തിയുടെ അടുക്കൽ കൊണ്ടു പോകുവാൻ ഉപ ദേശിച്ചു. ആ ദിവസം ശ്രീ. ഹരിറാമും കമലേശ് ബായിയും ബദേര ഗ്രാമ ത്തിൽ രാത്രി യോഗം നടത്തുന്നതി നായി പോയി മടങ്ങുവരുന്ന വഴിയിൽ എന്റെ ഭവനത്തിനു അടുക്കൽ നിന്നു. എന്റെ മകന്റെ വിവരം അറിഞ്ഞ് അവർ പൈതലിനെ അവരുടെ കൈകളിൽ എടുത്തു അവനു വേണ്ടി പ്രാർത്ഥിച്ചു. ഏതാനും ചില നിമിഷങ്ങൾ കഴിഞ്ഞ പ്പോൾ അവൻ കളിക്കുവാൻ തുടങ്ങി. അന്നു മുതൽ പൂർണ്ണ ഹൃദയത്തോടെ യേശുവിൽ വിശ്വസിക്കുകയും യേശു വിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ചെയ്തു. കമലേശ് ബായി എന്നെ ഝാൻസിയിലെ അപ്പർ ബംഗ്ലാവലേക്കു കൂട്ടികൊണ്ടു പോകു കയും അവിടെ വെച്ച് 29.11.1996 ൽ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറകയും ചെയ്തു. ഘടംപൂരിൽ ശാസത്രി നഗറിലുള്ള ആരാധനയിൽ ഞാൻ പതിവായി സംബന്ധിക്കുവാൻ തുടങ്ങി. ഞാൻ മദ്യത്തിനും പുകയില ക്കും അടിമയായിരുന്നു. ദിവസത്തിൽ 70-80 പ്രാവശ്യം ഞാൻ ഇതു ഉപയോ ഗിക്കുമായിരുന്നു. ഈ പാപ സ്വഭാവ ത്തിൽ നിന്നു ദൈവം എന്നെ വിടു വിച്ചു."

1997 മെയ് മാസത്തിൽ ബദേര ഗ്രാമ ത്തിലെ ഒരു സ്ത്രീയെ ബദാലു മാലിക് എന്ന മന്ത്രവാദിയുടെ അടുക്കൽ കൊണ്ടുവന്നു. പൈശാചിക ബന്ധന ത്താൽ അവൾ എട്ടു വർഷത്തോളം മൂകയായിരുന്നു. അവൾ എന്നും രോഗി യായിരുന്നു. ആ സമയത്തു നമ്മുടെ വിശ്വാസികളായ കിഷൻപാൽ, കേവൽ എന്നിവർ ആ സ്ത്രീക്കു വേണ്ടി പ്രാർ ത്ഥിച്ചു. അവൾ എഴുന്നേറ്റു കട്ടിലിൽ ഇരുന്നു. ആ സ്ത്രീക്കു വേണ്ടി പ്രാർ ത്ഥിക്കുന്നതിനായി അശോക് കുമാ റിനോടും ആവശ്യപ്പെട്ടു. അദ്ദേഹവും ബദേര ഗ്രാമത്തിൽ ചെന്നു അവിടെ ഒരു പ്രാർത്ഥന യോഗം സംഘടിപ്പിച്ചു. അവർ ഒരു പാട്ടു പാടിയതിനു ശേഷം "ബോലോ പരമേശ്വർ കീ നാംകീ" എന്നു പറയുമ്പോൾ ജനമെല്ലാം "ജയ്" എന്നു ഏറ്റു പറഞ്ഞു. ആ സ്ത്രിയും ജയ് എന്നു പറഞ്ഞു. എല്ലാവരും അതി ശയിച്ചു കാരണം എട്ടു വർഷം ഊമയാ യിരുന്ന സ്ത്രീ വായ് തുറന്നു ജയ് വിളി ച്ചു. അടുത്ത ദിവസം അവളെ ഘടംപൂർ ദൈവാലയത്തിൽകൂട്ടിക്കൊണ്ടുപോയി. പ്രാദേശിക സുവിശേഷകൻ രാം സ ക്കന്റെ നേതൃത്വത്തിൽ അവൾക്കു

വേണ്ടി പ്രാർത്ഥിച്ചു. മൂന്നു പിശാച് അവളെ വിട്ടു പോയി. അവൾ സകല രോഗത്തിൽ നിന്നും പൂർണ്ണ സൗഖ്യം പ്രാപിച്ചു. ഈ സംഭവം അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചു.

ഈ സംഭവം വിശ്വാസിയായ അശോക് കുമാറിന്റെ ജീവിതത്തിലും വലിയ സ്വാധീനം ഉരുവാക്കി. അവൻ കർത്താവിന്റെ വേല ചെയ്യുവാൻ തീരുമാനിച്ചു. പ്രദേശിക സുവിശേഷകൻ കമലേശിന്റെ കൂടെ സുവിശേഷ വേല ചെയ്തു. 1997 ൽ സ്വദ്ദേശ സുവിശേഷകനായി FMPB യിൽ ചേർന്നു.

അശോക് കുമാർ സ്വദ്ദേശ സുവിശേഷകനായി ചേർന്ന 1997 ജൂലൈ മുതൽ ബദേര ഗ്രാമത്തിൽ (കത്താര ഗ്രാമത്തിൽ നിന്നു 4 കിലോമിറ്റർ) ആരാധന യോഗം ആരംഭിച്ചു. ബദേര ഗ്രാമത്തിൽ ആരാധന യോഗം തുടങ്ങിയതിന്റെ കാരണം കത്താര ഗ്രാമത്തിൽ അശോക് കുമാറിന്റെ കുടുംബം മാത്രമേ രക്ഷയിലേക്കു വന്നിട്ടുള്ളു. എന്നാൽ ബദേര ഗ്രാമത്തിൽ 9 വിശ്വാസികൾ ഉണ്ട്. അവർ ഇതിനു മുമ്പ് ഘടംപൂറിലുള്ള ശാസ്ത്രി നഗറിലാണ് ആരാധനക്കു പോയിരുന്നത്. ഈ ഒമ്പതു പേരിൽ ഒരാളായിരുന്നു ശ്രീ. ശ്രീപാൽ. ഇദ്ദേഹം തന്റെ സാക്ഷ്യം വിവരിക്കുന്നു.



"ഞാൻ ബദേര ഗ്രാമത്തിലെ ശ്രീപാൽ. 1992 ൽ ഞാൻ പഞ്ചാബിൽ താമസിച്ച് ഒരു ചായക്കട നടത്തുകയായിരുന്നു. എനിക്കു ഒരു പുതിയ നിയമം ലഭിച്ചു അതു ഞാൻ വായിക്കുവാൻ തുടങ്ങി. ഞാൻ എന്റെ ഭവനത്തിൽ തിരികെ വന്നപ്പോൾ മിഷനറിമാരായ ശ്രീ. പീറ്റർ ഹരിറാമും കമലേശും പൈശാചിക ബന്ധനത്തിൽ കഴിഞ്ഞ എന്റെ സഹോദരനു വേണ്ടി പ്രാർത്ഥിക്കുന്നതിനായി വന്നു. എന്റെ കുടുംബം 1993 ൽ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഞാൻ എന്റെ വീട്ടിൽ വന്നപ്പോൾ തട്ടിൽ ഒരു ചെറിയ പുസ്തകം എന്റെ ശ്രദ്ധയിൽ പെട്ടു. അതിനെ കുറിച്ചു അന്വേഷിച്ചപ്പോൾ അവർ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു ദൈവാലയത്തിൽ ആരാധനക്കായി പോകുന്നുണ്ടെന്നു പറഞ്ഞു.

## സഭയുടെ വളർച്ച

ശ്രീ. കേവലിന്റെ ഭവനത്തിലാണ് ബദേര ഗ്രാമത്തിൽ ആരാധന നടത്തി വന്നത്. ബദേര ഗ്രാമത്തിലെ ശ്രീ. ശ്യാംലാൽ FMPB യിൽ പ്രദേശിക സുവിശേഷകനായി ചേർന്നു. അവനെ പൊക്കറായൻ മിഷൻ വയലിൽ നിയോഗിച്ചു. അവന്റെ ഭവനം കാലിയായതിനാൽ ആരാധന ആ ഭവനത്തിലേക്കു മാറ്റി. പിന്നീട് വിശ്വാസികളുടെ ആഗ്രഹ പ്രകാരം ആരാധന യോഗം വിവിധ ഭവനങ്ങളിൽ മാറി മാറി നടത്തി. 2008 ൽ ദൈവാലയം പണിയുന്നതു വരെ ഇപ്രകാരം ആരാധന യോഗം നടത്തി വന്നു. അനേക ആളുകൾ പൈശാചിക ബന്ധനത്തിൽ നിന്നും വിവിധ രോഗങ്ങളിൽ നിന്നും പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. അയൽ ഗ്രാമങ്ങളായ ദെഹെലി, ചാമ്പപത്പുർ, ജാമു എന്നീ ഗ്രാമങ്ങളിൽ നിന്നുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുവാൻ തുടങ്ങി.

പിന്നീട് കത്താര ഗ്രാമത്തിനു ചുറ്റുമുള്ള ഗ്രാമങ്ങളിലുള്ളവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. കത്താര സഭയിലെ ഞായറാഴ്ച ആരാധന കൂടാതെ ചെറിയ പ്രാർത്ഥനക്കൂട്ടങ്ങളും കൂട്ടായ്മ യോഗങ്ങളും എല്ലാ ഗ്രാമങ്ങളിലും നടത്തി വരുന്നു. 2017 ൽ 245 വ്യക്തികൾ കത്താര ആരാധനക്കൂട്ടത്തിലെ അംഗങ്ങളായി ചേർന്നു.

## ദൈവാലയ വസ്തു

പ്രാർത്ഥനയുടെ ഫലമായി 28.3.2007 ൽ കത്താരയിൽ ദൈവാലയം നിർമ്മിക്കുന്നതിനാവശ്യമായ വസ്തു സെന്റർ റീജിനൽ സെക്രട്ടറി റവ. അസറിയ രാജ്കുമാറിന്റെ സാന്നിധ്യത്തിൽ 75000 രൂപ നൽകി ഫൂൽ സിങ് യാദവിൽ നിന്നു വാങ്ങി

## ആരാധനക്കൂട്ടം

കത്താര, കാൻപാന, മനേതു, ബദേര, ഗഹേലി, കെതെരുയ, ചാമ്പത്പൂർ, ജമായു, ഉദൈപൂർ, കുഷാൽപൂർ, രത്തൻപൂർ, ചാട്ടാപൂർ, കുറെവകെദ, റായെ ബരേലി, ഗൻസിയാൻപൂർ എന്നീ ഗ്രാമങ്ങളിലുള്ളവരാണ് കത്താര ആരാധനക്കൂട്ടത്തിലെ അംഗങ്ങൾ. ശങ്കവാർ, സൊങ്കാർ, കോരി, പസ്വാൻ, യാദവ്, കത്തെരിയ, രാജ്പുത്, പണ്ഡിത് എന്നീ സമുദായത്തിലുള്ളവരാണ് കത്താര സഭയിലെ അംഗങ്ങൾ.

കത്താര സഭക്കു സെന്റ് ജോൺസ് ചർച്ച് എന്ന പേർ നൽകി. 2007 മെയ് എട്ടിനു ഈ ദൈവാലയത്തിനു അടിസ്ഥാന ശിലയിട്ടു. ഈ ദൈവാലയത്തിന്റെ നിർമ്മാണത്തിനു ആകെ 4,32,410 രൂപ ചിലവായി (ഇതിൽ പ്രാദേശികമായി 42,410 രൂപയും FMPB യിൽ നിന്നു 3,90,000 രൂപയും ലഭിച്ചു.) വിശ്വാസികൾ കുറഞ്ഞ കൂലിക്കു ദൈവാലലയത്തിന്റെ നിർമ്മാണത്തിൽ പങ്കാളിയായി. കത്താര ദൈവാലയത്തിന്റെ ചുറ്റുമതിൽ പ്രാദേശിക സംഭവനയാൽ പണിതു. 1.3.2008 ൽ കത്താര ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ PPA സെക്രട്ടറി റവ. ജി കിങ്സ്ലി നിർവഹിച്ചു. റവ. ആർ കെ നായർ (ECI ചർച്ച് – റീജനൽ കോ ഓർഡിനേറ്റർ, പങ്കി, കാൻപൂർ) ദൈവവചനം പങ്കുവെച്ചു. സമർപ്പണ ശുശ്രൂഷയിൽ സെന്റർ റീജിനൽ സെക്രട്ടറി റവ. എൻ രാജദുരൈയും കുടുംബവും സന്നിഹിതരായിരുന്നു. വിശ്വാസികൾ ദൈവാലയത്തിനു ആവശ്യമായ മേശയും പ്രസംഗപീഠവും നൽകി. ദൈവാലയ നിർമ്മാണ സമയത്തു എതിർപ്പുകളില്ലായിരുന്നു. എന്നാൽ ദൈവാലയത്തിലേക്കുള്ള അഞ്ചടി പാതക്കായി ഗ്രാമത്തലവനെ സമീപിച്ചപ്പോൾ അവിടെ പ്രശ്നങ്ങളുണ്ടായി. ചില ആളുകൾ വിശ്വാസികളെ മർദ്ദിക്കുവാൻ പദ്ധതിയിട്ടു. പോലിസ് ഉദ്യോഗസ്ഥർ സുരക്ഷിതത്വം നൽകി. പ്രാർത്ഥനയാലും നമ്മുടെ സ്വദേശ സുവിശേഷകന്റെ സുഹൃത്തായ ആരോഗ്യ മന്ത്രിയുടെ ശുപാർശയാലും 22 അടി സ്ഥലം ദൈവാലത്തിലേക്കുള്ള വഴിക്കായി അനുവദിച്ചു നൽകി.

## കത്താര ആരാധനക്കൂട്ടത്തിൽ ശുശ്രൂഷ ചെയ്ത ദൈവദാസന്മാർ

പുക്കറായൻ മിഷൻ വയലിലെ സ്വദേശ സുവിശേഷകൻ ശ്രീ. അശോക് കുമാർ കത്താര സഭയിൽ പ്രവർത്തിച്ചു. പിന്നീട് അദ്ദേഹം രാജി വെച്ചു. ശ്രീ. അശോക് കുമാറിന്റെ മൂത്ത മകൾ ശ്രീമതി മഞ്ജുഷയും കുടുംബവും മിഷനറിമാരായി FMPB യിൽ പ്രവർത്തിച്ചു.

കത്താര ഗ്രാമത്തിലെ ആരാധനക്കൂട്ടത്തിനായി നമുക്കു ദൈവത്തെ സ്തുതിക്കാം. വിശ്വാസികൾ സജീവമായി ശുശ്രൂഷയിൽ പങ്കെടുക്കുന്നു. ദൈവം തന്റെ നാമ മഹത്വത്തിനായി ഈ സഭയെ അനുഗ്രഹിക്കുമാറാകട്ടെ!


**WANTED**



**Job:** Data entry in Finance Department of FMPB

**Qualification:** XII or Degree

**NB:** The applicant should have salvation experience and residing in & and around Chennai

Contact: **044-2657 0404**

# Fallen Corn of Wheat!



## റവ. മാത്യു ജപരാജ്

(03.01.1954 - 26.03.2022)

കളക്കാടിനു സമീപത്തുള്ള അത്തിചപേരി ഗ്രാമത്തിലുള്ള ഒരു ക്രിസ്തീയ കുടുംബത്തിൽ ശ്രീ. മാത്യു ജപരാജ് 1954 ജനുവരി മൂന്നിനു ജനിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കളായ ശ്രീ. കോയിൽ പിച്ചയും ശ്രീമതി ജയമണിയും TDTA പ്രൈമറി സ്കൂൾ അദ്ധ്യാപകരായിരുന്നു. കുടുംബത്തിലെ ആദ്യ ജാതനായ ജപരാജിനെ ക്രസ്തീയ വിശ്വാസത്തിൽ വളർത്തി. സണ്ടെ സ്കൂളിലും സഭ ആരാധനയിൽ ക്രമമായി പങ്കെടുക്കുന്നതിനു മാതാപിതാക്കൾ ഉത്സാഹിപ്പിച്ചു. തന്റെ ചെറു പ്രായത്തിൽ തന്നെ മാതാപിതാക്കൾ ഇരുവരും ജപരാജിനെയും സഹോദരിയെയും തനിച്ചാക്കി നിത്യതയിൽ പ്രവേശിച്ചു. അവിടെ നിന്നു താൻ സഹോദരിയെ കൂട്ടി കലക്കാട്ടിൽ വന്നു താമസിച്ചു.

കലക്കാട് സിഎസ്ഐ സഭയിലെ ഉപദേശി ശ്രീ. ഹെന്റി ജേക്കബിലൂടെ മാത്യു ജപരാജ് ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിനെ കുറിച്ചു കേട്ടു. 1981 ൽ FMPB കുറ്റാലത്തു നടത്തിയ ഒരു മിഷനറി യോഗത്തിൽ പങ്കെടുക്കുന്നതിനു ജപരാജിനു അവസരം ലഭിച്ചു. ആ യോഗത്തിൽ പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. ഈ സമയത്തു ഇളയ സഹോദരിയുടെ വിവാഹം നടന്നു. FMPB പ്രാർത്ഥനക്കൂട്ട നേതാവായ ശ്രീമതി ജയലക്ഷ്മി ടീച്ചറിന്റെ ഉത്സാഹത്താൽ 1982 ജൂലൈ 3ന് ജപരാജ് FMPB മിഷനറിയായി ചേർന്നു.

ഡാനിഷ്പേട്ടിലുള്ള ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു വർഷത്തെ പരിശീലനത്തിനു ശേഷം സഹോ. മാത്യു ജപരാജിനെ 1983 ൽ ഹിന്ദി പഠിക്കുന്നതിനായി ഗോണ്ടയിലേക്കു അയച്ചു. ഭാഷ പഠനത്തിനു ശേഷം അദ്ദേഹത്തെ ഹിന്ദി സംസാരിക്കുന്ന ജനങ്ങളുടെ ഇടയിൽ സഭാ സ്ഥാപന ശുശ്രൂഷക്കായി നിയോഗിച്ചു. അദ്ദേഹം ബീഹാറിലെ മധുബനി, സീതാമടി, മൈർവ, സിവാൻ എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. 1986 ജനുവരി 13 ന് ഇടയകൂടിയിലുള്ള ശ്രീ ദേവ പിച്ചയുടെയും ശ്രീമതി ജപമണിയുടെയും മകളായ ശ്രീ. നഗോമിയെ വിവാഹം കഴിച്ചു. കുടുംബമായി അവരെ സതേൺ സോണിൽ സഭാ സ്ഥാപന ശുശ്രൂഷക്കായി നിയോഗിച്ചു. അഞ്ചെട്ടി, പെണ്ണാഗാരം, കൃഷ്ണഗിരി ബാലഭവനം, ഡെങ്കണികോട്ടൈ എന്നീവിടങ്ങളിൽ പ്രവർത്തിച്ചു. അവിടെനിന്നു അവരുടെ താമസം ഹൊസുറിലേക്കു മാറ്റി അവിടെ കർത്താവിനായി ശുശ്രൂഷിച്ചു അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കുകയും പുതിയ വിശ്വാസികളെ ആത്മീക പക്വതയിലേക്കു നയിക്കുകയും ചെയ്തു.

ദൈവം ഇവർക്കു ഒരു മകനെയും (സാം യോശുവ) ഒരു മകളെയും (ഷീബ ഗ്രേസ്ലിൻ) നൽകി അനുഗ്രഹിച്ചു. ഇപ്പോൾ ഇരുവരും ജോലിയിൽ പ്ര

# പിന്തുടരേണ്ട കാൽപാടുകൾ

## നമ്മുടെ തലമുറയിൽ ലോക സുവിശേഷീകരണം



*ആർഥർ റ്റി പീയേഴ്സൺ*

ആർഥർ റ്റി പീയേഴ്സൺ പത്തൊമ്പതാം നൂറ്റാണ്ടിലെ മിഷനറി യുഗത്തിന്റെ സമ്പൂർണ്ണതയെ ഏറ്റവും നന്നായി ഉദാഹരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ (13000 ത്തിലധികം മതപ്രസംഗങ്ങൾ), വിശാലമായ എഴുത്തുകൾ (ബ്രിസ്റ്റോളിലെ ജോർജ്ജ് മുള്ളറിന്റെ ജീവചരിത്രം ഉൾപ്പടെ 50 ലധികം പുസ്തകങ്ങൾ), മിഷൻ സന്ദേശങ്ങൾ എന്നിവ അദ്ദേഹത്തെ അമേരിക്കയിലും ലോകമെമ്പാടും പ്രസിദ്ധനാക്കി. അദ്ദേഹത്തിന്റെ സുഹൃത്തായ സി ഐ സ്കോഫീൽഡ് തയ്യാറാക്കിയ ഒറിജിനൽ സ്കോഫീൽഡ് റഫറൻസ് ബൈബിളിന്റെ വിദഗ്ദോപദേശം നൽകുന്ന ഗ്രന്ഥപരിശോധകൻ ആയിരുന്നു ആർഥർ റ്റി. പീയേഴ്സൺ. ഡി എൽ മൂഡിയുമായുള്ള അദ്ദേഹത്തിന്റെ സഹവാസവും നോർത്ത്ഫീൽഡ് സമ്മേളനങ്ങളും തന്റെ തലമുറയിൽ തന്നെ ലോകം സുവിശേഷവത്ക്കരിക്കപ്പെടുന്നതു കാണുന്നതിനുള്ള പിറ്റേഴ്സണിന്റെ ദൃഢനിശ്ചയത്തിന്റെ വിളനിലമായിരുന്നു. ഈ സമ്മേളനങ്ങളിൽ ഒന്നായ വിദ്യാർത്ഥി വോളണ്ടിയർ പ്രസ്ഥാനം (ഇത് 20,000 മിഷനറിമാരെ ലോകമെങ്ങും അയച്ചു) ഉടലെടുത്തപ്പോൾ പീറ്റേഴ്സൺ ഉപയോഗിച്ച പ്രത്യയവാക്കാകുന്നു "ലോകസുവിശേഷീകരണം നമ്മുടെ തലമുറയിൽ."

ഈ സമ്മേളനങ്ങളിലും യൂറോപ്പിലെ മിഷനറിമാരുടെ പ്രജനന കേന്ദ്രമായി മാറിയ കെസ്വിക്ക് കൺവൻഷനുകളിലും ആർഥർ പീയേഴ്സൺ സ്ഥിര പ്രഭാഷകൻ ആയിരുന്നു. ഇംഗ്ലണ്ടിലെ കെസ്വിക്ക് കൺവൻഷനിൽ അമേരി

---

വേശിച്ച് വിവാഹിതരായി വിവിധ സ്ഥലങ്ങളിൽ കുടുംബത്തോടൊപ്പം സ്ഥിരതാമസമാക്കി. റവ. മാത്യു ജപരാജ് 2019 ൽ FMPB യുടെ സജീവ സേവനത്തിൽ നിന്നു വിരമിച്ചു. വിരമിച്ച ശേഷവും അദ്ദേഹം ഹൊസുർ പ്രദേശത്തു തന്റെ ശുശ്രൂഷ തുടർന്നു. റവ. മാത്യു ജപരാജ് വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടിരുന്നു. രോഗം അദ്ദേഹത്തെ വളരെ ക്ഷീണിതനാക്കിയിരുന്നു. 2022 മാർച്ച് 26 ന് അദ്ദേഹം നിത്യതയിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം കർത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ ഹൊസുരിൽ സംസ്കരിച്ചു. അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും അവരുടെ കുടുംബങ്ങൾക്കുമായി പ്രാർത്ഥിക്കുക.

– റവ. ഈ രാജൻ, FMPB

ക്കയിൽ നിന്നുള്ള ഏതു പ്രസംഗകരെ ക്കാളും അധികം തവണ പീയേഴ്സൺ സംബന്ധിച്ചിരുന്നു. 1897 മുതൽ 1909 വരെ അദ്ദേഹം തുടർച്ചയായി ഇതിൽ പങ്കെടുത്തു. ആത്മീകവും ബൗദ്ധീകവുമായ ശക്തിയുടെ അതുല്യമായ കഴിവുകൾ ഉപയോഗിച്ച് അദ്ദേഹം കൺവൻഷനിൽ ആധിപത്യം സ്ഥാപിച്ചു. സഹായത്തിനായും പ്രബോധനത്തിനായും തീവ്രമായ ആഗ്രഹത്തോടെ അദ്ദേഹത്തെ ശ്രദ്ധിച്ച ആയിരങ്ങൾ ഒരിക്കലും നിരാശിതരായില്ല. അദ്ദേഹം പ്രവാചകന്റെ ജ്വലിക്കുന്ന കണ്ണുകളുള്ള മെലിഞ്ഞ, ഉയരമുള്ള, കാഴ്ചയിൽ ഗൗരവമുള്ള കർക്കശക്കാരൻ ആയിരുന്നു. എന്നാൽ കാഴ്ചയിൽ ഉഗ്രഭാവമുള്ള അദ്ദേഹം ദൗത്യനിർവഹണം, പ്രാർത്ഥന എന്നിവ സംബന്ധമായ ഉത്കണ്ഠയുള്ള ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു. അദ്ദേഹം പ്രസംഗിക്കുമ്പോൾ സദസ്സിൽ ശാന്തത പടരുകയും ബോധ്യപ്പെടുത്തുന്ന പരിശുദ്ധാത്മാവിന്റെ വ്യാപാരം അനുഭവപ്പെടുകയും ചെയ്യുമായിരുന്നു.

ചാൾസ് സ്പർജന്റെ അവസാന നാളുകളിലെ രോഗാവസ്ഥയിലും മരണ ശേഷമുള്ള ചില വർഷങ്ങളും പീയേഴ്സൺ അമേരിക്കയിലെ സഭകളിലും മെട്രോപൊളിറ്റൻ ടാബർനാക്കിളിലും അജപാലന ശുശ്രൂഷ നിർവഹിച്ചു. 1989 ൽ അദ്ദേഹം ഇംഗ്ലണ്ടിൽ ആകമാനം ഒരു മിഷനറി യാത്ര നടത്തുകയും സി എച്ച് സ്പർജനെ കാണുകയും ചെയ്തു. 1891-92 ൽ എഡിൻബർഗിൽ മിഷനെ കുറിച്ചു ക്ലാസ്സുകൾ എടുത്തു. 1891 ൽ സ്പർജൻ പ്രസംഗിക്കുവാൻ കഴിയാത്ത വിധം വളരെ ക്ഷീണിതനായപ്പോൾ പീയേഴ്സൺ ആ കുറവ് പരിഹരിച്ചു. സ്പർജന്റെ മരണ ശേഷം 1893 വരെ പീയേഴ്സൺ അദ്ദേഹത്തിന്റെ പ്രസംഗവേദി ഉപയോഗിച്ചു. ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ നിരവധി പ്രവർത്തനങ്ങൾക്കിടയിൽ അടിസ്ഥാന വിശ്വാസത്തിന്റെ ധൈര്യശാലിയായ ഒരു സംരക്ഷൻ കൂടിയായിരുന്നു.

പീയേഴ്സൺ മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും ഫിന്നിയുടെ ഓബർലിൻ കോളജിലും അദ്ധ്യാപനം നടത്തി. അദ്ദേഹം അറ്റ്ലാന്റിക്കിന്റെ ഇരുകരകളിലുമുള്ള പ്രസിദ്ധരായ അനേക പാസ്റ്റന്മാരുടെ സുഹൃത്തായിരുന്നു ഈ സുഹൃത്തുക്കളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉദ്ധരണികൾ ശ്രദ്ധിക്കേണ്ടതാണ്. ജോർജ്ജ് മുള്ളറെ കുറിച്ചു പീയേഴ്സൺ പറഞ്ഞു, "ജോർജ്ജ് മുള്ളർ രക്ഷക്കായ് രക്തത്തിൽ ആശ്രയിച്ചപ്പോൾ അദ്ദേഹം ഹാബേലിന്റെ സ്ഥാനം ഏറ്റെടുത്തു; സമ്പൂർണ്ണമായ സമർപ്പണത്തോടു കൂടെ നടക്കുവാൻ തീരുമാനിച്ചപ്പോൾ ഹാനോക്കിന്റെ സ്ഥാനം ഏറ്റെടുത്തു; ദൈവീക പ്രവർത്തിക്കായി ദൈവവുമായുള്ള കൂട്ടായ്മയിലേക്കു വന്നപ്പോൾ നോഹയോടു ചേർന്നു നിന്നു; ദൈവവചനത്തിൽ വിശ്രമം കണ്ടെത്തതിയപ്പോൾ അബ്രഹാമിന്റെ സ്ഥാനം ഏറ്റെടുത്തു; ലോകത്തിനും സ്വയത്തിനു താൻ മരിക്കുവാൻ തയ്യറായപ്പോൾ മോശെയുടെ സ്വയ സമർപ്പണ നിലയിൽ എത്തി."

ചാൾസ് ഫിന്നിയെ കുറിച്ചു പീയേഴ്സൺ പറഞ്ഞു, "അദ്ദേഹത്തിന്റെ പ്രസംഗം ശക്തിയിലും സ്വരത്തിലും ആത്മ നിറവുള്ളതായിരുന്നു. അവൻ പരിശുദ്ധാത്മാവിൽ ആശ്രയിച്ചതിനാൽ അനുഗ്രഹ പ്രഭാഷണത്തിലൂടെ അനേകർ സുവിശേഷം ഗ്രഹിച്ചു. യാബ്ബോക്ക് കടവിലെ യാക്കോബിന്റെ വേദനയോടെ സാക്ഷ്യത്തിനുള്ള ശക്തിക്കായി ദൈവത്തോടു അപേക്ഷിച്ചു. പരിശുദ്ധാതത്മാവിനെ ആദരിക്കുക, ആത്മാവ് നിങ്ങളെയും ആദരിക്കും എന്നത് അദ്ദേഹത്തിന്റെ ആപ്ത വാക്യമായിരുന്നു. പരിശുദ്ധാത്മാവിലുള്ള സ്വഭാവികമായ ആശ്രയത്വമില്ലാതെ ഉണർവ്വ്

സംഭവിക്കയില്ല. ഫിന്നിയുടെ ശുശ്രൂഷ ശക്തമായതിനു എന്തെങ്കിലും രഹസ്യമുണ്ടെങ്കിൽ അത് ഫിന്നി തന്റെ ആത്മാവിനെ പൂർണ്ണമായി ദൈവസന്നിധിയിൽ സമർപ്പിച്ചു എന്നതാകുന്നു.

അദ്ദേഹം പത്രാധിപരായിരുന്ന 'ദി മിഷനറി റിവ്യു ഓഫ് ദി വേൾഡ്' (1888 – 1911) അന്നാളിലെ ഏറ്റവും പ്രാധാന്യമുള്ള സഭാ വിഭാഗികതയില്ലാത്ത ഒരു മിഷൻ ജേണലായിരുന്നു. ചൈന ഇൻലാന്റ് മിഷൻ, ആഫ്രിക്ക ഇൻലാന്റ് മിഷൻ, ദി ഒറിയന്റൽ മിഷനറി സൊസൈറ്റി തുടങ്ങിയ പ്രസ്ഥാനങ്ങളിൽ സ്വാധീനം ഉളവാക്കി ഉയർന്നു വന്ന 'വിശ്വാസ മിഷൻ' മുന്നേറ്റ പ്രസ്ഥാനത്തിന്റെ രാഷ്ട്ര തന്ത്രജ്ഞനായി പീയേഴ്സൺ പ്രവർത്തിച്ചു. ഇന്ന് മിക്കവാറും എല്ലാ മിഷനറി പ്രസ്ഥാനവും വിശ്വാസ ദൗത്യം എന്ന തത്വത്തിൽ ഊന്നിയാണ് പ്രവർത്തിക്കുന്നത്.

1910 ൽ പീയേഴ്സൺ ഏഷ്യയുടെ കിഴക്കൻ മേഖലയിലേക്കു ഒരു മിഷൻ ടൂർ ക്രമീകരിച്ചെങ്കിലും രോഗബാധിതനായതിനാൽ ബ്രൂക്ക്ലിനിലുള്ള ഭവനത്തിലേക്കു തിരികെ വന്നു അവിടെവെച്ചു അദ്ദേഹം നിത്യയിൽ പ്രവേശിച്ചു. നൂറു കണക്കിനു സ്ത്രീ പുരുഷന്മാർ മിഷനറിമാരായി പോകുന്നതിനു പീയേഴ്സണിന്റെ ജീവിതം സ്വാധീനം ചെലുത്തി. അദ്ദേഹത്തിന്റെ ഏഴു മക്കളും മിഷനറിമാരായി പ്രവർത്തിച്ചു. ഐതിഹാസിക മിഷൻ നേതാക്കന്മാരായ റോബർട്ട് ഇ സ്പീർ, ശമുവേൽ സ്വീമർ, സ്റ്റീഫൻ നെയിൽ എന്നിവരെ പോലെയുള്ളവർ പീയേഴ്സണിന്റെ ജീവിതത്തിൽ നിന്നു അല്ലെങ്കിൽ അദ്ദേഹം എഴുതിയ പുസ്തകങ്ങളിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ടാണ് ഈ ദൈവീക ശുശ്രൂഷയിലേക്കു വന്നത്. പീയേഴ്സണിനു ഏറ്റവും പ്രീയപ്പെട്ട ദൈവവചനം ഫിലിപ്പിയർ 4:19. "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും" എന്ന വാക്യം രേഖപ്പെടുത്തി 50,000 ത്തിലധികം ബാങ്ക് ചെക്കുകൾ പീയേഴ്സൺ നൽകിയിട്ടുണ്ട്.1911 ജൂൺ മൂന്നിന് അദ്ദേഹം നിത്യതയിൽ പ്രവേശിച്ചു.

പരിശുദ്ധാത്മാവ് എടുത്തു ഉപയോഗിച്ച നമുക്കു മുന്നമെ കടന്നു പോയ വിശുദ്ധന്മാർ നമുക്കു സമസ്വഭാവമുള്ള അഭിനിവേശമുള്ള മനുഷ്യർ ആയിരുന്നു എന്ന വസ്തുത മനസ്സിലാക്കുന്നത് എല്ലായ്പോഴും പ്രയോജനകരമാകുന്നു (അ.പ്ര.14:15). അർഥർ റ്റി പീയേഴ്സണ് ജയം നൽകിയ അതേ ദൈവം ഇന്നും ജീവിക്കുന്നു. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ (എബ്രാ.13:8) "ജീവിക്കുന്നതു ക്രിസ്തു" എന്ന പ്രമാണ വാക്യത്തോടെയാണ് നമ്മിൽ അനേകരെ പോലെ പീയേഴ്സൺ തന്റെ ക്രിസ്തിയ ജീവിതം ആരംഭിച്ചത് (ഫിലി.1:21). വളർന്നപ്പോൾ ദൈവവചനം എന്ന ആത്മാവിന്റെ വാളിന്റെ പ്രാധാന്യത തിരിച്ചറിഞ്ഞു. (എഫെ.6:17). ക്രിസ്തുവിനു വേണ്ടി പ്രവർത്തിച്ച് ഉത്തമ ജീവിതം നയിക്കുന്നതാണ് കർത്താവിന്റെ വരവ് ത്വരിതപ്പെടുത്തുന്ന അന്തരീക്ഷമെന്നു ആത്മീക പക്വത അവനെ പഠിപ്പിച്ചു. "യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ" (ലൂക്കോ.12:43). അങ്ങനെ ക്രിസ്തു നിമിത്തം ഫലപ്രദവും സജീവവുമായ ജീവിതം നയിക്കുന്നതിനും നഷ്ടപ്പെട്ടു പോയ ആത്മാക്കളെ രക്ഷിക്കുന്നതിനും സാധിച്ചു. "കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ" എന്ന വിളിക്കു യോഗ്യരാകുവാൻ നമുക്കു വിശ്വസ്തരായ ദാസരായി തീരാം.

– സഹോ. ഡേവിഡ് ബെന്നി

## മെയ് 1 ഞായർ

### ജന്മദിനാശംസകൾ

സിഷോര ബീറോ, ബാബു ബഞ്ചമിൻ, പ്രോസോൺസിത മാലി, മനോജ് പി.ജെ, കോക്കാനി സുമിത്ര ബൻ ക്രിസ്റ്റ്യൻ പ്രകാശ്, ജോൺ പെനിൻ ജെ, രൂപ ചന്നമല്ലപ്പ, കിങ്സ്ലി ലിവിങ്സ്റ്റൺ

## ജമ്മു

### നാരോട്ട്

**ജീവർ ജോഷ്വ & പ്രീയ ദേവി**



എതിർപ്പിനെ തുടർന്ന് നിർത്തിവെച്ച നിഗ്രി, ഫിലാർ എന്നീ ഗ്രാമങ്ങളിലെ ഞായറാഴ്ച ആരാധന പുനരാരംഭിച്ചു. ഹൃദയ സംബന്ധമായ രോഗത്താൽ വലഞ്ഞ മുകേഷിനെ ദൈവം തൊട്ടു സൗഖ്യമാക്കി. കഴിഞ്ഞ മൂന്നു വർഷത്തോളം ഉദര വേദനയാൽ കഷ്ടപ്പെട്ട സുനിത ദേവിയെ കർത്താവ് സൗഖ്യമാക്കി. സഹാലുവിനെ പൈശാചിക ബന്ധനത്തിൽ നിന്നും നന്തലാലിനെ ടൈഫോയ്ഡിൽ നിന്നും ദൈവം വിടുവിച്ചു. കഠിന ജ്വരത്താൽ അബോധാവസ്ഥയിലായ ധാഷുവിനെ പ്രാർത്ഥനയാൽ ദൈവം പൂർണ്ണ സൗഖ്യം നൽകി. ഏഴു മാസത്തോളം ശമ്പളം ലഭിക്കാതിരുന്ന നാനാൻ ഗ്രാമത്തിലെ ഗണേശിനു പ്രാർത്ഥനയെ തുടർന്നു രണ്ടാം ദിവസം ഏഴു മാസത്തെ ശമ്പളവും ഒരുമിച്ചു കിട്ടി.



മാസഹ സമുദായത്തിലെ ജനങ്ങൾ ഭീരുക്കളാകുന്നു. എതിർപ്പുകൾ നിമിത്തം വിശ്വാസികൾ ഭയത്തിലാണ് ജീവിക്കുന്നത്. ഈ പ്രദേശത്തുള്ള ജനങ്ങൾ യേശുവിനെ അത്ഭുതം പ്രവർത്തിക്കുന്ന ആളായിട്ടാണ് കരുതുന്നത്. സ്വതന്ത്ര ദൈവവേലക്കാർ ഈ വിധത്തിലാണ് അവരെ നയിക്കുന്നത്. നാഗിരി ഗ്രാമത്തിൽ ഒരു ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയത്തിനാവശ്യമായ വസ്തു ദാനം ചെയ്യുവാൻ വിശ്വാസികൾ തയ്യാറാകേണ്ടതിനായി പ്രാർത്ഥിക്കുക. ജനിയാൾ ഗ്രാമത്തിലെ മാനിഷക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുമ്മുവ ഗ്രാമത്തിലെ സോൾദി, മിന്റു എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തർസെമിന്റെ തലയിലുള്ള ട്യൂമർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. നാഗിരി ഗ്രാമത്തിലെ അനുവിനു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാഗിരി ഗ്രാമത്തിലെ നിക്ക കരൾ സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ ക്യാമ്പ് എത്ര അനുഗ്രഹം!

ഡൽഹിയിലെ പട്പർഗഞ്ച് മിഷൻ വയലിൽ ത്രിലോകപുരി ദൈവാലത്തിൽ ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി ഒരു പരിശീലന പരിപാടി ക്രമീകരിച്ചു. 30 പേർ പങ്കെടുത്തു. അവരോടു FMPB യുടെ ദർശനം പങ്കുവെച്ചു. ചില വിശ്വാസികൾ മറ്റുള്ളവരോടു സുവിശേഷം പങ്കുവെച്ചപ്പോഴുണ്ടായ അനുഭവങ്ങൾ പങ്കുവെച്ചു. എട്ടു പ്രാർത്ഥനക്കൂട്ടം രൂപീകരിച്ചു. സുവിശേഷം ആവശ്യമായ ഇടയിൽ പ്രഘോഷിക്കുമെന്നു സഹോദരിമാർ തീരുമാനിച്ചു. ഒരോ ആഴ്ചയിലും രണ്ടു പുതിയ വ്യക്തികളെ ദൈവാലയത്തിൽ കൂട്ടികൊണ്ടുവരുമെന്നു അവർ തീരുമാനിച്ചു. ദൈവത്തിനു സ്തോത്രം!

മെയ്
2
തിങ്കൾ

**ജന്മദിനാശംസകൾ**

ലിസ അരുളാനം, ഗോഡ്‌വിൻ കൃപാകരൻ, സുനിൽ കുമാർ

# ഹിമാചൽ പ്രദേശ്

## ഹിമാചൽ റീജിയൻ

### തസങ്സെ സങ്കേതം & സുച്ചാനോ

ഗ്രാമത്തിലെ ഉത്സവങ്ങൾക്കു പണം നൽകാത്തതിന്റെ പേരിൽ നമ്മുടെ വിശ്വാസികളെ സാമൂഹ്യ ഭ്രഷ്ട്, പക്ഷാഭേദം തുടങ്ങിയ വിധത്തിൽ ഉപദ്രവിച്ചിട്ടും അവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. ഒരാഴ്ചയായി നമ്മുടെ വിശ്വാസികൾ ജയിലിൽ കഴിയുന്നു. സുവിശേഷം നിമിത്തം പ്രാദേശിക പാസ്റ്ററായ വിനോദിന്റെ ജീവനു ഭീഷണി നേരിടുന്നു. തുയ്നി ഗ്രാമത്തിലെ ആരാധന യോഗം നിർത്തിയിട്ടു ഗ്രാമം വിട്ടു പോകുവാൻ സുവിശേഷ വിരോധികൾ ആവശ്യപ്പെടുന്നു. അവിടെ നിന്നു മാറി ഗുമ്മ എന്ന സ്ഥലത്തു പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. സുവിശേഷീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന നമ്മുടെ സുവിശേഷകരായ സുമിത്, സന്ദീപ് എന്നിവർ സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നു അത്ഭുതകരമായി രക്ഷപ്പെട്ടു. ദീപ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു ഭവനത്തിലുള്ളവർ അവളെ ഒറ്റപ്പെടുത്തി. എന്നാൽ 1 കൊരിന്ത്യർ 13 വായിച്ച അവൾ കുടുംബാംഗങ്ങളോടു സ്നേഹത്തിൽ പെരുമാറിയതിനാൽ അവർ എല്ലാവരും അവരുടെ സ്വഭാവത്തിൽ മാറ്റം വരുത്തി അവളെ അംഗീകരിച്ചു.

എതിർപ്പുകളുടെ മദ്ധ്യത്തിലും മനോജ് ഷാവ്ല, റോഷൻലാൽ ചുനറി, ഭഗത്താറാം ചുനറി എന്നീ ഗ്രാമത്തിലുള്ള വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിൽക്കുന്നു. ചെറുബാലനായ ആകാശ് കുടുംബാംഗങ്ങളോടു സുവിശേഷം പങ്കുവെച്ചു. അവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പുതിയ ആരാധനക്കൂട്ടം ആരംഭിച്ച ഭരാണു ഗ്രാമത്തിലുള്ള വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു കച്ചിൻ ഘാട്ടി ഗ്രാമത്തിൽ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന വിശ്വാസികൾ ആത്മീക പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അന്നി

### ജിൻസ്വാം & ചോങ് ഹൊയ് കിം, ശങ്കർ & രൂത്ത് മേരി

നേതർ സഭയിലെ ആരാധനയിൽ രണ്ടു പേർ പുതുതായി സംബന്ധിക്കുന്നു. റോഡപകടത്തിൽ മിഷനറിയുടെ ജീവൻ കർത്താവ് രക്ഷിച്ചു. ഖൈകെർ ഗ്രാമത്തിൽ ആരാധന യോഗം നടത്തുന്നതിനു നല്ല ഒരു സ്ഥലം ലഭിച്ചു. പ്രാർത്ഥനയുടെ ഫലമായി നമ്മുടെ വിശ്വാസിയുടെ മകൾ ജ്യോതിക്കു തുടർപഠനത്തിനു സ്കോളർഷിപ്പ് ലഭിച്ചു.

പുതിയ സ്നേഹിതരായ പണ്ഡിറ്റും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതനായ ഭഗത് റാമിനു ഇടുപ്പിലുണ്ടായ കാൻസറിൽ നിന്നു സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്യാമു ദേവി, ഗംഗി ദേവി, ചന്ദ ദേവി, ജുയാല എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പറുൾ, രാജ്കുമാർ എന്നിവരുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 3 ചൊവ്വ

### ജന്മദിനാശംസകൾ

വിക്ടർ ജയശീലൻ സി, ഷീല ഷൺമുഖം, ജപരാജ് ശമുവേൽ വി.പി., വിനു എം, സരൾ ജാൻസി റാണി റ്റി., ആനന്ദി എസ്

### റാമ്പുർ: ദോജപായോ ഗുയ്തെ & ഫ്ളോറൻസ് ലാമുവിൻ

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ചെറു പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെ യോഗത്തെ കർത്താവ് അനുഗ്രഹിച്ചു. 23 വിശ്വാസികൾ കർത്താവിന്റെ വേലക്കായി സമർപ്പിച്ചു. വോളിബോൾ കളിക്കുന്ന വേളയിൽ തോളെല്ലിനു പൊട്ടലുണ്ടായ ഇഷാന്തിനെയും വിവിധ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന രുമ ദേവിയെയും നേത്ര സംബന്ധമായ രോഗത്താൽ വലയുന്ന അജയ്കുമാർ, വിപൻ എന്നിവരെയും കർത്താവ് സൗഖ്യമാക്കി.

തെറ്റായ കൂട്ടുകെട്ടിൽ നിന്നും ജയറാമിന്റെ മകൻ കരൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുരുപദ്ദേശകരുടെ വലയിൽ അകപ്പെട്ട നമ്മുടെ വിശ്വാസി സന്ധറാം ഇപ്പോൾ മറ്റെവിടെയോ ഉള്ള ആരാധനയിലാണ് പോകുന്നത്. ഭക്കാൻ വിശ്വാസികളുടെ മദ്ധ്യേ സമാധാനം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. നന്ദലാൽ, ജയറാം എന്നീ കുടുംബങ്ങൾ പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രൊഹ്റു

### ജോൺസൺ ശങ്കർ & ജപറാണി

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. നമ്മുടെ വിശ്വാസി രാം ബഹദൂറിനു സ്വന്തമായി ഒരു വീടു പണിയുന്നതിനു ദൈവം കൃപ ചെയ്തു. മൂന്നു പുതിയ കുടുംബങ്ങൾ നമ്മുടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ ഷേർസിങിന്റെ ആരോഗ്യം മെച്ചപ്പെടുന്നു. ഏഴു ആരാധനക്കൂട്ടത്തിലെ ആരാധനയോഗങ്ങൾ ക്രമീകരിച്ചു.

എല്ലാ വിശ്വാസികളും ക്രമമായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റാനോൽ, നിഗ്ര എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലിഗ്ര, സൗയുര എന്നീ ഗ്രാമങ്ങളിൽ നടത്തിയ സഭൂമുഷന്മാരുടെ പരിശീലന പ്രോഗ്രാമിന്റെ വിജയത്തിനായി പ്രാർത്ഥിക്കുക. മോറിയ പ്രദേശത്തു ഒരു സുവിശേഷകനെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തണെദാർ

### വുമ്പിയാകല്ലാൽ & നിയാങ്കാൻമാൻ

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. എതിർപ്പുകളുടെയും ആരോഗ്യ പ്രശ്നങ്ങളുടെയും മദ്ധ്യത്തിൽ പ്രവർത്തനത്തെ മുന്നോട്ടു നയിക്കുന്നതിനു ദൈവം നമ്മെ സഹായിച്ചു. ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു ദൈവം ഇഷാന്തിനെ ഉറക്കിമില്ലായ്മയിൽ നിന്നും നെഞ്ചു വേദനയിൽ നിന്നും വിടുവിച്ചു. ആരാധനക്കു നേതൃത്വം നൽകുന്ന യുവജന സംഘം ഇതര സഭാ നടപടികളും സജീവമായി പങ്കെടുക്കുന്നു.

കച്ചിൻ ഘാട്ടി പ്രദേശത്തു സുവിശേഷ വേല ചെയ്യുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ മൂന്നു കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം പ്രകടിപ്പിക്കുന്നു. നമ്മുടെ വനിത നേതാക്കന്മാരും സഭാമൂപ്പന്മാരും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരും ആത്മ ഭാരമുള്ളവരാകേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനും ഇവിടെ പ്രവർത്തിക്കുന്നതിനു ഒരു സുവിശേഷകനെ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**മെയ്**
**4**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ഹേബ്സിബ സൈറസ്, ലീഗൾ മേരി ഗോൾഡസൻ,
സീത ഐസക്ക്, ജപകുമാർ പി,
റൗട്ട് യശോദബൻ വഗോര പ്രമോദ്കുമാർ,
ജപശീലി ദാനിയേൽ, എയിഞ്ചലീൻ വിഘ്നേശ്വർ,
അനിൽകുമാർ

## പഞ്ചാബ്

### മോഗ

**ജസ്റ്റിൻ & സരൾ ജാൻസി റാണി**

12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കണ്ണിലുണ്ടായ അണുബാധയിൽ നിന്നു ഫറാസ്, കരൺ സിങ് എന്നിവരെയും മൂലക്കുരു രോഗത്തിൽ നിന്നു പ്രവീൺ കൗറിനെയും കഠിന ജ്വരത്തിൽ നിന്നു കിരണിനെയും ഉദര സംബന്ധമായ രോഗത്തിൽ നിന്നു അമൻജിന്ദ്രോറിനെയും കർത്താവ് സൗഖ്യമാക്കി. മാൻദീപ് സിങിനു വിദേശത്തു ജോലി ലഭിക്കുന്നതിനു ദൈവം സഹായിച്ചു.

ആരാധനയിൽ സംബന്ധിക്കുന്നതിനു മടിക്കുന്ന വിശ്വാസികൾക്കായും പിന്മാറ്റത്തിലായവർക്കായും പ്രാർത്ഥിക്കുക. അവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. അജിത്വാൾ, ചുദ്ചാക്, റായ്കോട്ട്, കോട്‌ലി, ദരംകോട്, ബോപാറ, പിന്ദേർകാലൻ, കിഷൻ പുര, ജാഗ്രോൻ, ചിദെക്, ദുതികെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനും പുകയിലക്കും അടിമകളായവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. രക്തത്തിൽ അണുബാധയുണ്ടായ ഹർവിന്ദർ സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കണ്ണിന്റെ ഓപ്പറേഷനിലൂടെ ബരാജിനു കാഴ്ച ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദരംകോട്ടുള്ള നിതു കൗർ ഭവനം പണിയുന്നതിനായി ഒരു വസ്തു വാങ്ങേണ്ടതിനും അവനു ഒരു നല്ല ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. അജിത്വാൾ സഭയിലെ നിതു കൗറിനു അലർജിയിൽ നിന്നും ദജിദർ സിങ്, ജസ്ബിന്ദർ എന്നിവരെ പക്ഷാഘാതത്തിൽ നിന്നും ബിന്ദേർ കൗറിനെ നെഞ്ചു വേദനയിൽ നിന്നും രമേശിനെ കാൻസറിൽ നിന്നും നമ്മുടെ സുവിശേഷകൻ മാധു പീറ്റർ, രാജി എന്നിവരെ മൂത്രാശയ സംബന്ധമായ രോഗത്തിൽ നിന്നും വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 15 വർഷമായി വൃക്കരോഗത്താൽ വലയുന്ന ഗോപിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ രജനി കൗർ, ജോതി, കന്ജൽ, അമൻ എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുക്കീകൗർ, ലോപ്രീത് കൗർ, ഹർപ്രീത് കൗർ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അടഞ്ഞ തൊണ്ട തുറന്നു!

മഹാരാഷ്ട്രയിൽ നേർ മിഷൻ വയലിലെ മാൽപൂർ ഗ്രാമത്തിലെ മോന മാൽചെയുടെ തൊണ്ടക്കു രണ്ടു വർഷണായി ഒരു ട്യൂമർ ഉണ്ടായിരുന്നു. അത് വലിപ്പമുള്ളതിനാൽ അവൾക്കു ഒന്നു കഴിക്കുവാൻ കഴിയാതെ കഷ്ടപ്പെട്ടു. ഭക്ഷണം തൊണ്ടയിൽ നിന്നു താഴെക്കിറങ്ങുകയില്ല. അവൾ മന്ത്രവാദികളെയും ആഭിചാര പ്രവർത്തകരെയും ഭിഷഗ്വരന്മാരെയും ഒക്കെ സമീപിച്ചു. എല്ലാം വ്യഥാവിലായി. ആരംഭനാളിൽ ഡോക്ടറന്മാർ ശസ്ത്രക്രിയ നിർദ്ദേശിച്ചിരുന്നു. അവളെ നമ്മുടെ ആരാധന കേന്ദ്രത്തിൽ കൂട്ടിക്കൊണ്ടുവന്നു. പ്രാർത്ഥനയെ തുടർന്നു ദൈവം അവൾക്കു ശസ്ത്രക്രിയ ഇല്ലാതെ പൂർണ്ണ സൗഖ്യം നൽകി. ഇപ്പോൾ മുഴുകുടുംബുവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവത്തിനു മഹത്വം!

**മെയ്**
**5**
**വ്യാഴം**

## ജന്മദിനാശംസകൾ

സ്റ്റീഫൻ ജയശീലൻ,
ജെസി ജീവ പ്രഭ,
മേബൽ ബാബുരാജ്, പുഷ്പരാജ് ആർ,
ഭരണിധരൻ എസ്

### ജയ്ത്തു

**ചിത്തരഞ്ജൻ താണ്ടി & തേജസ്വിത താണ്ടി**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിലുള്ള 600 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. പൂജ കൗർ, നിഷ കൗർ, കുൽവിന്ദർസിങ്, ഗുരുപ്രീത് കൗർ, തെക്ക്ചന്ദ് സിങ് എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. ജസ്പാൽ സിങിനെ മയക്കുമരുന്നിന്റെ അടിമത്വത്തിൽ നിന്നു ദൈവം വിടുവിച്ചു. നമ്മുടെ വിശ്വാസി രാംസിങിന്റെ കുടുംബ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

സത്സാംഗിലൂടെ സുവിശേഷം ശ്രവിച്ചവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ജൈതോ പ്രദേശത്തുള്ള കാമിഹാർ ജാതിക്കൂട്ടം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജൈതോ ദൈവാലയത്തിന്റെയും ബസഖന സഭയുടെ ചുറ്റുമതിലിന്റെയും നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റിങ്കു, സത്നാം സിങ്, ബിനോദ് സിങ്, പരംജിത് സിങ്, സുരേഷ് എന്നിവർ മദ്യപാനത്തിൽ നിന്നും മയക്കു മരുന്നു ഉപയോഗത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. സോനിയറാണി, ചാന്നു, പരംജിത് കൗർ, ഷീല കൗർ, സുരിന്ദ്രപാൽ സിങ് എന്നിവർ ട്യൂമറിൽ നിന്നു പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ സ്നേഹിതരായ ദർഷൻ സിങ് മഞ്ഞപിത്തം, ക്ഷയ രോഗം എന്നിവയിൽ നിന്നു സുഖം പ്രാപിക്കേണ്ടതിഓനായി പ്രാർത്ഥിക്കുക. പക്ഷാഘാതം വന്നു മൂന്നു വർഷമായി കഷ്ടപ്പെടുന്ന ഹരിനോ ഗ്രാമത്തിലെ കെവാൽ സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ബട്ടാല

**വാൽവി നേടാജി & കൽപന**

ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജാൽസിങ് ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. ഗർഭപാത്ര ശസ്ത്രക്രീയക്കു വിധേയായ ആശ, കൈയിൽ ഓപ്പറേഷൻ ചെയ്ത പൂജ, ശസ്ത്രക്രീയയിലൂടെ ട്യൂമർ നീക്കം ചെയ്ത രാമൻ എന്നിവരെ കർത്താവ് സൗഖ്യമാക്കി. കോമളിനു നല്ലൊരു ജീവിത പങ്കാളിയെ നൽകി ദൈവം അനുഗ്രഹിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നു ഇന്ദ്രജിത്, പീറ്റർ എന്നിവരെ ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു പത്തു വർഷമായ മമതക്കും ആറു വർഷമായ പ്രീയക്കും മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്റ്റീഫൻ ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**6**
**വെള്ളി**

## ജന്മദിനാശംസകൾ

രാജൻ ഇ, ശമുവേൽ രാജേന്ദ്രൻ, സന്ധ്യാനായക്, വിമല ഡെയ്സി, ഗീതാഞ്ജലി ബെഹറ, സാമ്രാജ് ഡി

## ഹരിയാന

### ജീവൻ നഗർ

**എലിയാക്കിം ജന & ദീപിക ജന**

12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 502 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ബാൽമികി ജന വിഭാഗം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. അവരിലൂടെ സുവിശേഷം പഞ്ചാബിലുള്ള അമ്പോർ, ചണ്ഡിഗഡ്, ഹരിയാനയിലെ പഞ്ചകുല എന്നീ പ്രദേശങ്ങളിലേക്കു വ്യാപിക്കുന്നു. സുച്ചാനിലുള്ള ചമാർ ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

സ്വന്തക്കാരെ സുവിശേഷത്താൽ നേടുന്നതിനു വിശ്വാസികൾക്കു നൽകിയ പരിശീലനം വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ ആത്മീകമായി ശക്തീകരിക്കുന്നതിനു എല്ലാ ആരാധനക്കൂട്ടത്തിലും വേദപഠന കൂട്ടം ആരംഭിച്ചു ക്രമമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. സുച്ചാൻ ഗ്രാമത്തിലെ സുനിത, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സിർസ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലാമ്പി ഗ്രാമത്തിലെ പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഗുലാബിന്റെ മകൻ ദീപക് പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനും കുടുംബമായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### നാനാക്മാട്ട

**ശിവകുമാർ & സുശീല മാരാക്**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പങ്കു വെച്ചു. 115 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. സുംഘാരി ഗ്രാമത്തിലെ മിത് കൗർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ദയാരി ഗ്രാമത്തിലെ മൂന്നു കുടുംബങ്ങൾ ക്രിസ്തേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. പ്രാർത്ഥനയുടെ ഫലമായി രത്ന ഫാറത്തിലെ സുനിത കൗർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. കഠിനമായ ഉദര വേദനയിൽ നിന്നും കാഷ്മിസിനെയും ഭാര്യയെയും കർത്താവ് സൗഖ്യമാക്കി.

ബാസ്കർ ജില്ലയിലെ ജസ്വിന്ദർ സിങ്ങിനു നല്ല ഒരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുഖിന്ദർ കൗറിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇസ്ലാം നഗറിലെ ആത്രകൗർ മഞ്ഞപിത്തത്തിൽ നിന്നും മാന്തി സിങ്ങിന്റെ കൈകളിലുണ്ടായ അണുബാധയിൽ നിന്നും ദയാരി ഗ്രാമത്തിലെ ഗുരുവിന്ദർ സിങ്ങിനെ ത്വക്കു രോഗത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 7 ശനി

### ജന്മദിനാശംസകൾ

രമേശ് ബായി ക്രിസ്റ്റ്യൻ,
ഫ്ളോറൻസ് സുധാകരൻ,
സമരേന്ദ്ര സിങ്, ദാനിയേൽ അരുൾമണി,
കുമാരവേൽ എസ്, നഗോമി രാജം,
മേനക ഗോപീകൃഷ്ണൻ

# ഡൽഹി

### പട്പർഗഞ്ച്

**പി ജി ക്രിസ്റ്റോഫർ & മേബൽ**

എട്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. നായുടെ കടിയേറ്റ തങ്കമ്മയെ ദൈവം സൗഖ്യമാക്കി. കട്ടിലിൽ നിന്നു താഴെ വീണ ആറു മാസമായ സോണിയായെ ദൈവം രക്ഷിച്ചു. ചമില ദേവിയുടെ മോഷണം പോയ മൊബൈൽ രണ്ടു മാസത്തിനു ശേഷം തിരികെ ലഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു എട്ടു പേർ മുക്തരായി. മുകേഷ് മർക്കൂസിനു ആറു പെൺമക്കൾക്കു ശേഷം ഒരു ആൺ കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന 43 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗൗരി, ലത, സുശീല, മജ്ജു, ആശ, സർവേശ്, ജയലക്ഷ്മി, രുക്മണി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്രാശയ സംബന്ധമായ രോഗത്തിൽ നിന്നു കവിത, അഷു, വിമൽ എന്നിവരെയും നട്ടെല്ലിൽ ക്ഷയം ബാധിച്ച വിമലിനെയും തളർവാതത്തിൽ നിന്നു രാംകിഷോർ, മഹേന്ദർ, ദേവേന്ദർ, ധവമണി എന്നിവരെയും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു മുകേഷ് വൈദ്യ, കിഷാൻ, ഗണേഷ്, ശമുവേൽ, ജോഷ്വ, യോനാഥാൻ, ജയരാജ് എന്നിവരെ വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആദിത്യ, നേഹ, ഭാരത്, പ്രേംചന്ദ്, രാജ, എമ്മാൻ എന്നിവർക്കു അനുയോജ്യമായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ പ്രേംചന്ദിനു ലഭിക്കേണ്ട പെൻഷൻ സർക്കാർ നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

# രാജസ്ഥാൻ

### ഉദൈപ്പൂർ

**ആശീഷ് കുമാർ & സവിത ദേവി**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ച് ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. സത്യാന്വേഷകർക്കായി ഒരു ക്യാമ്പ് സംഘടിപ്പിച്ചു. സഹോദരിമാരായ മഹിമ, ഹന്ന എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. ഒബ്രെ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. ഒരു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

ഗിരിയ, തിടി എന്നീ താലൂക്കുകളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. 45 ഗ്രാമങ്ങളിൽ സുവിശേഷീകരണം നടത്തുന്നതിനായി എടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 22 വയസ്സുള്ള മകനെ നഷ്ടപ്പെട്ട നമ്മുടെ സുവിശേഷകൻ മോഹൻ ഭാറിന്റെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിന്റെ തൊട്ടു തന്നെ തങ്ങളുടെ ആടു ചത്തു പോയ ജഗദീഷ്, രൂപലാൽ എന്നിവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിലാജി ഗ്രാമത്തിന്റെ തലവൻ ബാഗരാമിന്റെ തലച്ചോറിലുള്ള പ്രയാസം കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 8 ഞായർ

### ജന്മദിനാശംസകൾ

ജസ്റ്റിൻ വൈ,
നിരുപമ ഘോശാല

### ഖൈരത്താൽ

**സെൽവരാജ് & സെൽവമ്മാൾ**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. റായ്സിക്കുകാർ വസിക്കുന്ന ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. ഉർമ്മദ ഗ്രാമത്തിലെ ചെറിയ സത്സാഗ് പ്രോഗ്രാമിനെ ദൈവം അനുഗ്രഹിച്ചു. നട്ട് സമൂദായത്തിലുള്ള 50 പേർ ഇതിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. നട്ട്, റായ്സിക്ക്, ഷാഷി എന്നീ സമുദായത്തിൽ ഉള്ളവർക്കായുള്ളള ആരാധന യോഗം തുടർന്നു നടത്തുന്നതിനു ദൈവം കൃപ ചെയ്തു. മേർക്കബാസി ഗ്രാമത്തിലുള്ള അന്നു, സുമൻ എന്നിവരെ വിവിധ രോഗങ്ങളിൽ നിന്നും പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു.

വിശ്വാസികൾ ദൈവവചനത്തിൽ വളരേണ്ടതിനായും അവർ സ്വയം ബലപ്പെട്ടു സ്വന്ത സമുദായത്തിലുള്ള അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വേറെ അഞ്ചു ഗ്രാമത്തിലേക്കു കൂടി ശുശ്രൂഷ വ്യാപിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സങ്കരിഗ

**ഷാലെന്ദർ സിങ് & രാജേഷ് കുമാരി**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാഗരാണ ഗ്രാമത്തിലെ കൗർ, സുഖ്പ്രീത് കൗർ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. ഇവിടെ നടത്തിയ സത്സാംഗ്, രാത്രിയോഗം, ഉപവാസ പ്രാർത്ഥന എന്നിവ അനേകർക്കു അനുഗ്രഹമായി തീർന്നു. റാണിവാല ഗ്രാമത്തിൽ നമ്മുടെ വിശ്വാസി ലക്കിന്ദർ സിങിന്റെ മകൻ ഇന്ദ്രജ് സിങിന്റെ വിവാഹം ക്രീസ്തീയ രീതിയൽ നടത്തി. കൃഷി ചെയ്യുന്നതിനായി നമ്മുടെ വിശ്വാസി ദേശ സിങ് ഒരു ട്രാക്ടർ സ്വന്തതമായി വാങ്ങി.

നാഗരാണ ഗ്രാമത്തിലെ നമ്മുടെ വിശ്വാസികളുടെ മക്കളായ അജ്ബീർ, ജോതി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അലിപുരയിലെ സുക്പാൽ സിങ്, ലഗാദ് സിങ് എന്നിവർ മദ്യാസക്തിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയരോഗത്തിൽ നിന്നു കുൽദീപ്, ഗ്രുമിത് കൗർ എന്നിവർ സൗഖ്യമാകേണ്ടതിനും പൈശാചിക ബന്ധനത്തിൽ നിന്നു അലിപുരയിലെ രോഷിനി മുക്തയാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### കുട്ടികളിലൂടെ സുവിശേഷം!

ജാർഖണ്ഡിൽ ലാൽമിട്ടിയ മിഷൻ വയിലിലെ ഗുലാബി കിസ്കുവും കുടുംബവും ഈയടുത്ത നാളിലാണ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചത്. അവരുടെ 6,7 വയസ്സു പ്രായമുള്ള പെൺമക്കൾ സ്വന്തക്കാരുടെ ഭവനത്തിലേക്കു പോയി. അവരുടെ ബന്ധു അവിടെ തലവേദനയാലും ശരീര വേദനയാലും കഷ്ടപ്പെടുകയായിരുന്നു. ഈ കൊച്ചു ബാലികമാർ അവരോടു ധൈര്യപൂർവം പറഞ്ഞു നിങ്ങൾ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചാൽ യേശു നിങ്ങളെ സൗഖ്യമാക്കും. അവരോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അവർ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. അവരുടെ സ്വന്തക്കാർ ദൈവകൃപയയാൽ സൗഖ്യം പ്രാപിച്ചു. ഇപ്രകാരം സുവിശേഷം വ്യാപിക്കുന്നതിനാൽ ദൈവത്തിനു സ്തതോത്രം.

## മെയ് 9 തിങ്കൾ

### ജന്മദിനാശംസകൾ

വഗേര പ്രമോദ്കുമാർ,
മുത്തു സെൽവി എസ്

## ഉത്തർ പ്രദേശ്

### ജിൻജക്

**സമരേന്ദ്ര സിങ് & സുഷ്മിത സിങ്**

12 ഗ്രാമത്തിലുള്ള 600 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ബാലനഗർ ഗ്രാമത്തിൽ നടത്തിയ സുവിശേഷകരുടെ ഏക ദിന പരിശീലന പരിപാടിയിൽ എട്ടു കുടുംബം ഉൾപ്പടെ 40 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. 26 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. നമ്മുടെ വിശ്വാസികളുടെ പ്രാർത്ഥനയാൽ രസുലബാദ് ഗ്രാമത്തിലെ ശലോമിക്കു ഗവൺമെന്റ് ജോലി ലഭിച്ചു. മുദേര ഗ്രാമത്തിൽ നടത്തിയ യോഗത്തിൽ 40 പേർ പങ്കെടുത്തു. രസുലബാദിലെ സീമയുടെ മകൻ ജോബോദൂറിനെ ഗുരുതരമായ രോഗത്താൽ ICU വിൽ പ്രവേശിപ്പിച്ചു. എങ്കിലും വിശ്വാസികളുടെ പ്രാർത്ഥനയാൽ ദൈവം അവനെ സൗഖ്യമാക്കി.

രാജ്പൂർ, ജമ്മാമൗ എന്നി ഗ്രാമത്തിലുള്ളവർ സുവിശേഷം ശ്രവിച്ചു. ഭൊവുറയിലെ നരേശ് കാൻസർ രോഗത്തിൽ നിന്നും സോനു അപസ്മാരത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പനായ ചുനിലാലിനെയും പങ്കജ് കുമാറിന്റെ മകൻ അരുഷിയെയും നായ കടിച്ചെങ്കിലും മറ്റു പ്രയാസങ്ങൾ വരാതെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. റൂറ സഭയിലെ മൂപ്പൻ അനിൽ കുമാർ കണ്ണ് ഓപ്പറേഷനു വിധേയനാകുന്നു. എത്രയും വേഗം സുഖം പ്രാപിച്ച് ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റെയ്ന

**മോങ്വായി ഫോം & നിഷ ഫോം**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എക്കറ ഗ്രാമത്തിലെ ദുഡ്ഡുവിനെ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. അംങ്കിത് കുമാർ കുടുംബ പ്രശ്നം നിമിത്തം വിടു ഉപേക്ഷിച്ചു പോയെങ്കിലും നാലു മാസത്തിനു ശേഷം പ്രാർത്ഥനയുടെ ഫലമായി തിരികെ വന്നു.

ദിലിപ് പാൽ, ചന്ദ്ര പ്രഭ, കൃഷ്ണ ദേവി, പിങ്കി എന്നിവരെ ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഫിറോജ്, ഹക്കീം, മനോജ്, സന്ദീപ്, കുൽദീപ് എന്നിവർ മദ്യപാനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ഹസൈറാൻ

**രാജൻ & ജപ മലർ രാജൻ**

എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രാർത്ഥനയിലൂടെ സുഖ്ദേവിയും ഭർത്താവും തമ്മിലുള്ള പിണക്കം മാറി അവർ ഒരുമിച്ചു ജീവിക്കുന്നു. വിഷപാമ്പിന്റെ കടിയേൽക്കാതെ ദൈവം അവളെ രക്ഷിച്ചു. കരളിൽ ട്യൂമർ ബാധിച്ച ബർക്കാസി ഗ്രാമത്തിലെ സജ്ജുവിനെ ദൈവം സൗഖ്യമാക്കി.

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ആകാശ് മാനസിക രോഗത്തിൽ നിന്നു സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരതിയുടെ ഭർത്താവ് അവളെ ആരാധന യോഗത്തിൽ വിടുന്നില്ല. ദൈവം ആയാളെ മാനസാന്തരപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. രജിനിക്കും കുടുംബത്തിനും ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 10 ചൊവ്വ

### ജന്മദിനാശംസകൾ

കെന്നത് കരിയപ്പ, രത്തനമ്മ സന്ധ്യ,
ജയഗൗരി സെൽവിൻ സാം,
ശാന്തമ്മാൾ ജോൺസൺ,
ചരണി ഡിഹെ, വും ബിക് ലാൽ,
ഹെന്റി സോളമൻ ജി, ഷീബ പുഷ്പ റാണി,
ബങ്കരു നായ്ക് കാരി,
മജ്ജുഷ ഗൗതം, രശ്മി പ്രവ,
ദാനിയേൽ ധനസിങ് എസ്,
സംഗീത ജസീന്ത

## മദ്ധ്യപ്രദേശ്

### മോറെന

**ജപകുമാർ & ജയന്തി ഗ്രേസ്**

നവാലി, ഐനോ എന്നീ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. അഞ്ചു സ്ഥലത്തു അന്വേഷക ക്യാമ്പ് സംഘടിപ്പിച്ചു. പുതിയ വിശ്വാസികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നു മനിഷയെ കർത്താവ് സൗഖ്യമാക്കി. ശിവമിനു LIC യിൽ സ്ഥിര ജോലി ലഭിച്ചു.

ഗുസ്ക്കാമ്മ, ദത്തെര, നവാലി, ചാന്ത, വിസണ്ട്പൂർ, ദെഹോരി എന്നീ ഗ്രാമങ്ങളിൽ ധാരാളം ആളുകൾ നമ്മുടെ ആരാധനയോഗത്തിൽ സംബന്ധിക്കുന്നതിനാൽ ഈ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യലഹരിയിൽ സ്വയം മുറിവേല്പിക്കുന്ന പാപുവിന്റെയും വിഷാദ രോഗത്തിൽ നിന്നും അവന്റെ ഭാര്യയെയും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിജയ് സിങ്, ഗണേശ് റാം, ജയദേവി, സുനിൽ എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുനിലിനു നല്ലൊരു ജോലി ലഭിക്കേണ്ടതിനും ഭാര്യയോടും അമ്മയോടും നല്ല ബന്ധം സൂക്ഷിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയുടെ വിവാഹിതയായ മകൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് ഭർത്താവിന്റെ വീട്ടിലുള്ളവരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖർഗോൺ

**ഐസക് & സീത ഐസക്**

തസ്ഗാവ് ഗ്രാമത്തിൽ ആരാധന യോഗം ആരംഭിക്കുന്നതിനു ദൈവം നമ്മെ ശക്തീകരിച്ചു. സെവന്തിയെ മഞ്ഞപിത്തത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നവാൽസിങ്, സെറു, ഗുലാബ്സിങ്, രേഖ, ജിനിൽ, റോഷിനി, മാഗി എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു.

നീൽക്കന്തും ഭാര്യയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനും അവരിലൂടെ സുവിശേഷം അവരുടെ ഗ്രാമത്തിൽ വ്യാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ ഭാര്യയെയും മാതാപിതാക്കളെയും മർദ്ദിക്കുന്ന ബിക്കോറയുടെ വിടുതലിനായി പ്രാർത്ഥിക്കുക. കാവില, കാദി, നാഗൽവാടി, ദേവനാലി, മോഹൻപൂര എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോകാവ ഗ്രാമത്തിലെ കാലുവിനെ ത്വക്കിലുണ്ടായ അലർജിയിൽ നിന്നും സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രമേശ്, യശോദ ഇവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി മിഷനറിമാരെ ഇവിടെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 11 ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

അഗസ്റ്റസ് പുഷ്പരാജ്,
ജോൺസ് സ്വീറ്റ്‌ലീൻ, ജിൻസി
അനന്ദ കുമാർ സെൽവരാജ്

### ബാഗ്ലി

**വിൽസൺ ഡി &**
**രാസ്മിത വിൽസൺ**

പ്രാർത്ഥനയാൽ സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നു ദൈവം ഞങ്ങളെ രക്ഷിച്ചു. പോട്‌ല ആരാധനക്കൂട്ടം വീണ്ടും ഒരുമിച്ചു കൂടി. സഭാമൂപ്പൻ അമർസിങ് ബായ് ആരാധന യോഗത്തിനു നേതൃത്വം നൽകി. ടെമ്പ്രാനിയ സഭ ദൈവശക്തിയാൽ വർദ്ധിച്ചു പെരുകുന്നു. പക്ഷാഘാതത്തിൽ നിന്നു സുമൻ ബൻ സൗഖ്യം പ്രാപിച്ചു.

ധാൻസന്ത്പൂര ആരാധനക്കൂട്ടം വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഗുജറാത്തിലേക്കു കുടിയേറി പോയവർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നും തുടർന്നും ദൈവം ഞങ്ങളെ സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാമ്പൂര ഗ്രാമത്തിലെ റവസിങിനെ പക്ഷാഘാതത്തിൽ നിന്നും വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൈത് ബൻ, രുക്മ ബൻ, സുഖ്മ ബൻ, മജ്ജു ബൻ, ബൽകി ബൻ, രാജു ബായ് എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖാൽവ : ബിനിത് പ്രസാൻ ഭരതൻ & അമുജിത ബിനിത് ഭരതൻ

രോഷിനി ഗ്രാമത്തിലെ സോമ ബായിയുടെ ജീവിതത്തിൽ മാറ്റങ്ങൾ കാണുന്നു. മദ്യപാനം ഉപേക്ഷിച്ചു ഭാര്യയെ ഉപദ്രവിക്കുന്നില്ല. ശാരദ, ആകാശ് എന്നീവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരായി. ഗാർദേവി ഗ്രാമത്തിലെ പ്യാരിമായിയെ കോവിഡ് രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കി.

അനേക വിശ്വാസികൾ അയൽ സംസ്ഥാനങ്ങളിൽ ജോലി അന്വേഷിച്ചു പോകുന്നു. അവരുടെ സുരക്ഷിതത്വത്തിനും ആത്മീകജീവിത പരിപോഷണത്തിനുമായി പ്രാർത്ഥിക്കുക. മജ്വാലി ഗ്രാമത്തിലെ ബുധിയ മായി ക്ഷയരോഗത്തിൽ നിന്നും സംഗീത നാവിലുണ്ടായ കാൻസറിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭൗയാസിങിന്റെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട് സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യമുനൈ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സ്വയമായി നടന്നു!

ഒടിഷയിലെ റായ്‌റംഗ്പൂർ മിഷൻ വയലിലുള്ള ബരിയാദ് സൊറന്റെ കാലിൽ പ്രയാസമുണ്ടായതിനാൽ നടക്കുവാൻ കഴിയത്തില്ലായിരുന്നു. അവൻ ഗോപിനാഥ്പൂർ ഗ്രാമത്തിൽ നിന്നു പരസഹായത്താൽ നമ്മുടെ കൺവൻഷനിൽ സംബന്ധിക്കുന്നതിനായി കുടുംബമായി കടന്നുവന്നു. യോഗത്തിന്റെ അവസാന നാളിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു. അവൻ സൗഖ്യം പ്രാപിച്ചു. പരസഹായമില്ലാതെ സ്വയമായി നടന്നു.

**മെയ് 12 വ്യാഴം**

**ജന്മദിനാശംസകൾ**

കുമാർ പോൾ കെ,
മിത്‌ലേശ് ദീപരത്ന

## ബീഹാർ

### ഈസ്റ്റേൺ ഗാഞ്ചറ്റിക് റീജിയൻ

**ബാബു പുഷ്പരാജ് & റെയ്ച്ചൽ ജോയ്സ്**

നമ്മുടെ വിശ്വാസികൾ അയൽക്കാരോടും സ്വന്തക്കാരോടും സുവിശേഷം അറിയിച്ച് അവരെ ക്രിസ്തുവിനായി നേടുമെന്നു പ്രതിജ്ഞ എടുത്തു പ്രവർത്തിക്കുന്നു. രങ്കാദ, ബൈജിനാഥ്പൂർ, തൂഹ, പെക്പാർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ അനുധാവന പ്രവർത്തനത്തെ ദൈവം ആശീർവദിച്ചു. മാൽധ മിഷൻ വയലിലെ സന്നദ്ധ സുവിശേഷകനായ സ്റ്റിഫൻ മാൾട്ടോയെ കഠിന ജ്വരം, ചുമ എന്നിവയിൽ നിന്നും ദൈവം സൗഖ്യമാക്കി.

ലാൽപൂർ ഗ്രാമത്തിലെ സഭാമൂപ്പൻ പുലേശ്വർസാദനു വിവാഹം കഴിഞ്ഞ് 15 വർഷത്തിനു ശേഷം ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. മുശഹാർ ജാതി സമൂഹത്തിലെ കുട്ടികൾ പഠനത്തിൽ മികവ് പുലർത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഉപജീവന മാർഗ്ഗത്തിനായി പഞ്ചാബ്, ഡൽഹി, കൊൽക്കത്ത, മുബൈ, ദക്ഷിണേന്ത്യ തുടങ്ങിയ സ്ഥലങ്ങളിലേക്കു പോകുന്ന 12 വയസ്സു കഴിഞ്ഞ കുട്ടികൾക്കായി പ്രാർത്ഥിക്കുക. ഇവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ഗവൺമെന്റ് തയ്യാറാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൽക്കുവ ഗ്രാമത്തിലെ ഏക വിശ്വാസി കുടുംബമായ മിഥിലേശിന്റെ പിതാവ് ഈയടുത്ത കാലത്തു നിത്യതയിൽ പ്രവേശിച്ചു ഇവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഈയടുത്ത നാളിൽ മൂത്ത സഹോദരന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന നമ്മുടെ ഉദിപ്ത കുമാർ ബാഗിന്റെയും കുടുംബാംഗങ്ങളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. പിപ്ര, ത്രിവേണിഗഞ്ച്, ജയ് നഗർ എന്നീ പ്രദേശങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ നിന്നും നല്ല ബന്ധങ്ങൾ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിച്ചിലപാട, ജതവുന്തി എന്നീ ഗ്രാമങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന ദൈവാലയങ്ങളുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

**അമടപാട: എം ബൻഹൂർ & മേരി ജാൻസി റാണി**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഫത്തെപൂർ സഭയിലെ രാജേഷ് സൊറന്റെ മകൻ നികിൽ സൊറൻ നാലു വർഷത്തിനു ശേഷം പ്രാർത്ഥനയുടെ ഫലമായി നടക്കുവാൻ തുടങ്ങി. സഞ്ചരിച്ചിരുന്ന ബോട്ട് തലകീഴായി മറിഞ്ഞെങ്കിലും തിലിയ ഗ്രാമത്തിലെ സുനിൽ മറാണ്ടിയെ ദൈവം രക്ഷിച്ചു.

ബത്തർഡങ്ക ഗ്രാമത്തിലെ ബസര, നർഗിയിലെ അബിനിയസ് സൊറൻ, ജിത്തുഗുണിയിലെ പാൻസ്ക്രി മുർമ്മു എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ദോബോർണ ഗ്രാമത്തിലെ ബിദിലാൽ സൊറൻ ക്ഷയരോഗത്തിൽ നിന്നും ദൂരാരിയ ഗ്രാമത്തിലെ ബോറോൾ ബസ്കി പക്ഷാഘാതത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

റോബർട്ടു വില്യം എൽ,
ആൽബിൻ റ്റി, മിത്രൻ ഇ,
രമേശ് വേൽരാജ് എ, മുത്തയ്യ യു ശമുവേൽ,
പങ്കജം ഹരി ബാബു, ഹന്ന മേരി സ്ലെഷർ,
നെഹമ്യാവ്

### തെലോ

### പോൾരാജ് & ജപ ജ്യോതി

13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തിർപാൻ ബരമസിയ ഗ്രാമത്തിൽ നടത്തിയ ഉപവാസ പ്രാർത്ഥനയിൽ 250 വ്യക്തികൾ സംബന്ധിച്ചു. പ്രാർത്ഥന വേളയിൽ അനേകർ സൗഖ്യം പ്രാപിച്ചു. ബരമസിയ ഗ്രാമത്തിലെ മാനുവേൽ ഹെബ്രത്തെ മാനസിക രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. ബരമസിയ ഗ്രാമത്തിലെ തെരേസ മാദയയെ വിവിധ രോഗങ്ങളിൽ നിന്നും ദുദുവ ആരാധനക്കൂട്ടത്തിലെ തെരെസ ഹസ്താക്കിനെ വിഷ പാമ്പിന്റെ ദംശനത്തിൽ നിന്നും ദൈവം വിടുവിച്ചു. വലിയൊരു അപകടത്തിൽ നിന്നും സബായ ഗ്രാമത്തിലെ ദിനേശ് ഹസ്താക്കിനെ ദൈവം വിടുവിച്ചു.

താരപൂർ, ബോങ്കാവ, ബാഘലുമുണി, ബസിന, ബരോമസിയ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. പട്ലോഹാര ഗ്രാമത്തിലെ റോസ്മില മുർമ്മു ഏഴു വർഷമായി ഞരമ്പു സംബന്ധമായ രോഗത്താൽ വലയുകയാണ്. കുദുവ ഗ്രാമത്തിലെ ആറു വയസ്സുള്ള ഹബെൽ മുർമ്മു പക്ഷാഘാതത്താൽ ശയ്യാവലംബനായി കിടക്കുന്നു. ദൈവാലയ ബാഷൻപീർ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബേൽഡിഗ, മാത്തിയോ പ്രദേശത്തുള്ള 150 കുട്ടികളുടെ പരിപാലനത്തിനായും അവർ ആത്മീക വളർച്ച പ്രാപിച്ച് ജീവിതത്തിന്റെ സമസ്ത മേഖലയിലും വിളങ്ങേണ്ടതിനുമായി പ്രാർത്ഥിക്കുക.

### രാംഘട്ട്

### തിമോത്തി സെന്തിൽ കുമാർ & മുത്തു സെൽവി

49 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അപകടത്തിൽ തലക്കു പരുക്കു പറ്റിയ സാജൻ മുർമ്മുവിനെ ദൈവം പരിപാലിച്ചു. എല്ലാ ആരാധനക്കൂട്ടത്തിലും പ്രാഭാത പ്രാർത്ഥന സഭാ മൂപ്പന്മാരും വിശ്വാസികളും ചേർന്നു ആവേശപൂർവ്വം നടത്തുന്നു. രോഗാവസ്ഥയിൽ വിശ്വാസികൾ തമ്മിൽ തമ്മിൽ പ്രാർത്ഥിച്ചു ദൈവീക സൗഖ്യം പ്രാപിക്കുന്നു.

സമൈബത്താമ, ലോത്പാഗടി എന്നീ ഗ്രാമങ്ങളിൽ നിന്ന് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറാകുന്ന വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. രാത്രികാല ഭയത്തിൽ നിന്നും സുമിർ മോഗാലിയെയും സുനിൽ ടുഡുവിനെയും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേനൽകാല കെടുതിയിൽ നിന്നും നമ്മുടെ മിഷനറിമാരെ ദൈവം പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ് 14**
**ശനി**

## ജന്മദിനാശംസകൾ

ജ്ഞാന പുഷ്പം അരുൾരാജ്,
വിനോദ കുമാർ സിങ്, രവി കെ,
മമത ജെ വി നാൻസി,
രൂത്ത് മാൾട്ടോ

### പത്തന

**കെന്നഡി സിങ് & ലിന്തോയ്ബി**

പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു സ്ഥലത്തു ദൈവാലയങ്ങൾ പണിയുന്നതിനു ആവശ്യമായ വസ്തുക്കൾ നമ്മുടെ വിശ്വാസികൾ ദാനമായി നൽകി. കെസ്രോ ആരാധനക്കൂട്ടത്തിലെ പ്രശ്നങ്ങൾ സമാധാന പരമായി ദൈവം പരിഹരിച്ചു. പക്ഷാഘാതത്തിൽ നിന്നും സിറിൾ സൊറനെ ദൈവം സൗഖ്യമാക്കി. ദുരുപദേശങ്ങളുടെയും കള്ള പ്രവാചകന്മാരുടെ സ്വാധീനമുണ്ടായിട്ടും ജുമുർബന്ധ്, കസറോ എന്നിവിടങ്ങളിലെ നമ്മുടെ വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിൽക്കുന്നു.

ബോണിങ്കാൽ, സിരാമ്പൂർ, കിയാബാനി എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാംസൺ മാറാണ്ടി, ക്രിസ്റ്റോ ടുഡു എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിംസൺ കിസ്കു, സുനിത മുർമ്മു എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നടക്കുവാൻ കഴിയാത്ത ഷീല ടുഡു, തളർവാതത്താൽ ഭാരപ്പെടുന്ന ബന്ദോക് മുർമ്മു, സജ്ഞലി മുർമ്മു, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഇമ്മാനുവേൽ അമദാന്ദ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ ബാലഭവനം & CDC പന്ദേനി

**വിക്ടർ & നഹോമി, കിപ്ഗെൻ & മാവി, ചാന്ദിനി, മേഴ്സി, സുരജന**

പത്താം ക്ലാസ്സിലെ കുട്ടികൾ അവരുടെ പ്രായോഗിക പരീക്ഷ വിജയകരമായി പൂർത്തീകരിച്ച് ബോർഡ് പരീക്ഷക്കു തയ്യാറായി. ഉർജ്ജതന്ത്ര അദ്ധ്യാപകൻ കുട്ടികൾക്കു രസകരമായ വിധത്തിൽ ക്ലാസ്സ് എടുക്കുന്നതിനാൽ കുട്ടികൾ താൽപര്യപൂർവ്വം പഠിക്കുന്നു. ബാല ഭവനത്തിൽ പുതിയതായി 25 കുട്ടികൾ കൂടി ചേർന്നു. സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായ ലൂക്ക മാൾട്ടോയും ദിനേശ്വർ മാൾട്ടോയും അദ്ധ്യാപകരായി ഈ സ്കൂളിൽ ചേർന്നു. അദ്ധ്യാപകരുടെ കുറവുകൾ ഉണ്ടെങ്കിലും ക്ലാസ്സുകൾ എല്ലാം നല്ല രീതിയിൽ നടക്കുന്നു.

ജാർഖണ്ഡ് ബോർഡ് പരീക്ഷക്കു തയ്യാറെടുക്കുന്ന പത്ത്, പന്ത്രണ്ട് ക്ലാസ്സ് കുട്ടികൾക്കായി പ്രാർത്ഥിക്കുക. ജാർഖണ്ഡ് ബോർഡ് സാധാരണ ഗതിയിൽ ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളുടെ ചോദ്യങ്ങൾ സജ്ജീകരിച്ചു നൽകാറുണ്ടായിരുന്നു. ഇപ്പോൾ അതു ഹിന്ദിക്കു മാത്രമായി ചുരുക്കി. ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്കു ചോദ്യങ്ങൾ ഗ്രഹിക്കുന്നതിനും എഴുതുന്നതിനും ഇതു ബുദ്ധിമുട്ടാകുന്നു. ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കൽവിൻ ലാസറസ് ന്യൂമോണിയ രോഗത്തിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിൽ പുതുതായി ചേർന്ന കുട്ടികൾ പ്രത്യേകാൽ കൊച്ചു കുട്ടികൾ പുതിയ സാഹചര്യങ്ങളുമായി ഇണങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനതത്തിലെ കുട്ടികളുടെ മാതാപിതാക്കൾ മൗവ്വ മരത്തിന്റെ പൂക്കളിൽ നിന്നു മദ്യം ഉരുവാക്കുന്നു. ഈ പ്രക്രിയയിൽ നിന്നും അവർ പിൻതിരിയേണ്ടതിനും പൂക്കൾ സംഭരിക്കുവാൻ കുട്ടികളെ ഉപയോഗിക്കാതിരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സ്കൂളിനു രണ്ടു നില കെട്ടിടം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. വളരെ ശോഷിച്ചു ആരോഗ്യമില്ലാത്ത LKG യിലെ ബൈദ്യക്കു വേണ്ടി പ്രാർത്ഥിക്കുക. CBSE ബോർഡിന്റെ അംഗീകാരം സ്കൂളിനു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 15 ഞായർ

### ജന്മദിനാശംസകൾ

ജാൻസി രാജേന്ദ്രൻ, തോമസ് മാത്യു,
ബാബു പുഷ്പരാജ് ഡി,
ശാന്തി ജ്ഞാനപണ്ഡിതൻ,
വിൽസെറ്റ് ക്രിസ് എൽ, ജയ വിയോല മാണിക്യം,
സെൽവറാണി ഭരണീധരൻ,
ലക്ഷ്മി വേദിയപ്പൻ, ബിജുലാൽ,
ഭഗീരഥി ബിസോയ്, സുരേഷ് മാൽട്ടോ,
ഹിമ്പാൾ ദിലീപ് ബായ് രഘുബായ്,
സുരിതിക ദിനേശ്, അജയ് ബർദെ

### ലാൽമട്ടിയ

**അമരേന്ദിരൻ & സ്വേത**

11 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രാരംഭ ദശയിൽ ഗ്രാമീണർ തടസ്സം നിന്നെങ്കിലും പിന്നീട് പ്രശ്നം പരിഹരിച്ച് ഇവിടെ കൺവൻഷൻ നടത്തുവാൻ ദൈവം സഹായം ചെയ്തു. നാലു പുതിയ കുടുംബങ്ങൾ ഈ കൺവൻഷനിൽ സംബന്ധിച്ചു. കൺവൻഷൻ നഗറിൽ വെച്ചു ഒരു സൈക്കിൾ മോഷണം പോയെങ്കിലും വിശ്വാസികൾ ഒത്തു ചേർന്നു പണം പിരിച്ചു നൽകുവാൻ തയ്യാറായപ്പോൾ കള്ളൻ സൈക്കിൾ ഉപേക്ഷിച്ചു പോയി. രാംങ്കോളിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ചതിന്റെ ഫലമായി കഴിഞ്ഞ രണ്ടാഴ്ചയായി ദൈവാലയത്തിൽ എല്ലാ അംഗങ്ങളും സംബന്ധിക്കുന്നു. ഒടീഷയിൽ നിന്നു ജാർഖണ്ഡലിക്കു യാത്ര ചെയ്ത തിമോത്തി ടുഡുവിന്റെ അടിയന്തിര സാമ്പത്തിക ആവശ്യം പ്രാർത്ഥനയെ തുടർന്നു ദൈവം നൽകി സഹായിച്ചു. ഭാനിപൂറിലെ ഗ്രാമീണർ നമ്മുടെ വിശ്വാസികളെ ഉപദ്രവിക്കുന്നതിനു പദ്ധതി തയ്യാറാക്കിയെങ്കിലും അവരുടെ പദ്ധതികളെ ദൈവം ഒന്നുമില്ലാതാക്കി. ഈ ഗ്രാമത്തിൽ ഇപ്പോൾ രണ്ടു കുടുംബങ്ങൾ കൂടി സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

സുവിശേഷീകരണ പ്രവർത്തനത്തിനു സന്നദ്ധ സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹർക്കാര, പിയോറാം, ബാൽക്കോമി, തില്ലബാദ് എന്നീ ആരാധനക്കൂട്ടങ്ങളിൽ സഭാമൂപ്പന്മാരെ തിരഞ്ഞെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാവ്വ, മൊഹബത്താൻ, ബാൻജിപൂർ, ഹരാക്ക ഗ്രാമത്തിലുള്ള പുതിയ സ്നേഹിതരും കുടുംബങ്ങളും സാമൂഹ്യപരമായ കാരണങ്ങളാൽ വഴിതെറ്റി പോകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ വലയുന്ന രണ്ടു വയസ്സുള്ള പൈതൽ അബിലാൽ സൊറന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സാവ്വ ഗ്രാമത്തിലെ സൊറന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാജൻപൂർ, ബറാബന്ദ്, പരേദാർ, ചിലിക്കര എന്നീ ഗ്രാമങ്ങളിലെ എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഹരാക്ക ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരാൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന മൊഹബത്താൻ ഗ്രാമത്തിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

### പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുക്ക് ഗ്രാമത്തിൽ മാറ്റം!

മദ്ധ്യപ്രദേശിലെ ധാർ മിഷൻ വയിലിൽ ദൈവത്തിന്റെ ആത്മാവ് ഭീൽ ജാതിയുടെ മദ്ധ്യെ മുമ്പൊരിക്കലും പ്രവർത്തിക്കാത്ത വിധത്തിൽ വങ്കാര്യങ്ങൾ ചെയ്തു. മൂന്നു വർഷത്തിലധികം പൈശാചിക ബന്ധനത്തിലായിരുന്ന ഗോലുവിനെ ദൈവം വിടുവിച്ചു. തത്ഫലമായി നിമ്രാണി ഗ്രാമത്തിൽ സുവിശേഷം പറയുവാൻ അവസരം ലഭിച്ചു. അവിടെ ഒരു ആരാധനക്കൂട്ടവും ആരംഭിച്ചു. ദൈവത്തിനു മഹത്വം!




**ജന്മദിനാശംസകൾ**

വിൽസൺ ഡി, എബനേസർ ജി സാം,
സിനിഗ്ദ മോഹിനി ദേവി,
ക്രിസ്റ്റി ജയന്തി

**ഡാമനി : ജോൺ പോൾ ഹാരീസ് & വിമല ഡെയ്സി**

ബോദാൻ ബുടുവ ഗ്രാമത്തിൽ സംഘടിപ്പിച്ച മൂന്നു ദിവസത്തെ കൺവൻഷനിൽ എല്ലാ വിശ്വാസികളും സജീവമായി പങ്കെടുത്തു. പഹെൽക്കുടിയ ഗ്രാമത്തിലെ ദാവുദ് മാൾട്ടോ മരത്തിനു മുകളിൽ നിന്നു വീണിട്ടും പരുക്കുകളേൽക്കാതെ ദൈവം രക്ഷിച്ചു.ലെങ്ത് അഗോട ഗ്രാമത്തിലെ ലീല മാൾട്ടോയെ വിവിധ രോഗങ്ങളിൽ നിന്നും ദൈവം സൗഖ്യമാക്കി. കൺവൻഷനായി കടന്നുവന്ന ഗുണ്ടെഗോഡ ഗ്രാമത്തിലെ വിശ്വാസികളെ വലിയൊരു അപകടത്തിൽ നിന്നും ദൈവം രക്ഷിച്ചു.

പഹെൽക്കുടിയ ഗ്രാമത്തിലെ വിശ്വാസികൾ എതിർപ്പുകളുടെ മദ്ധ്യത്തിലും ആത്മീകമായി വളരുന്നു. ബോടോപുര ഗ്രാമത്തിലെ ജനങ്ങൾ വചനാനുസൃതം ജീവിക്കേണ്ടതിനു പകരം ആചാരാനുഷ്ഠാനങ്ങൾക്കു അമിത പ്രാധാന്യം നൽകി ആചരിക്കുന്നു. ആദ്രഗോഡ ഗ്രാമത്തിൽ ഞായറാഴ്ച ആരാധന യോഗം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ചെയ്തുവരുന്നു. കുദുഗോഡ ഗ്രാമത്തിലെ മറിയം മാൾട്ടോ, ലീലദോനി ഗ്രാമത്തിലെ മറിയമും മാനസിക രോഗത്തിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലീലദോനി ഗ്രാമത്തിലെ ശമുവേൽ മാറാണ്ടി സ്വന്ത ഗ്രാമത്തിലുള്ളവരിൽ നിന്നു എതിർപ്പുകൾ നേരിടുന്നുണ്ടെങ്കിലും വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. നമ്മുടെ വിശ്വാസികളെ ഉപദ്രവിക്കുന്ന ലീല ദോനിയിലെ ചമ്ര മാൾട്ടോ, ഡുമ്രിഗഗരി ഗ്രാമത്തിലെ സുരേഷ് മാൾട്ടോ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## ഇരട്ടി അനുഗ്രഹം!

മഹാരാഷ്ട്രയിൽ ധാദഗൗൺ മിഷൻ വയലിലെ ശിവജി തദ്‌വി ചെറു പ്രായം മുതലെ മദ്യപിക്കുന്ന വ്യക്തിയായിരുന്നു. ആദിവാസികളുടെ ആരാധന പാരമ്പര്യത്തിന് ഒത്തവണ്ണം ജീവിച്ചു. അഞ്ചു വർഷമായി അയാളുടെ മകളെ പിശാച് ഉപദ്രവിച്ചു കൊണ്ടിരുന്നു. അവന്റെ മകൾ ഭവനത്തിൽ ഇറങ്ങി ഓടി ചുറ്റിത്തിരിഞ്ഞ് അലറി വിളിച്ചു കുന്നിലും തോട്ടിലും വീഴുക പതിവായിരുന്നു. അഞ്ചു വർഷം അവർ പലവിധത്തിൽ പരിശ്രമിച്ചു. ആഭിചാര ക്രിയക്കും ചികിത്സക്കുമായി നല്ലൊരു തുക ചിലവായി. ദൈവത്തിനു സ്തോത്രം, സാത്താന്റെ ശക്തികളിൽ നിന്നു യേശുക്രിസ്തുവിന്റെ നാമത്തിൽ അവൾക്കു വിടുതൽ ലഭിച്ചു. അവളുടെ പിതാവ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. അവർ ജീവിക്കുന്ന ഗ്രാമത്തിൽ യേശുവിനെ ആരാധിക്കരുതെന്നു കർക്കശമായ മുന്നറിയിപ്പ് ഉണ്ടായിരുന്നു. ആരെങ്കിലും യേശുവിനെ ആരാധിച്ചാൽ ഗ്രാമത്തിലെ പൊതു കിണറ്റിൽ നിന്നു വെള്ളം എടുക്കുവാൻ അനുവദിക്കയില്ലെന്നു താക്കീതും ഉണ്ടായിരുന്നു. പകലത്തെ ചൂട് 42 ഡിഗ്രിയാകുന്നു. ഇതു പർവ്വത പ്രദേശമായതിനാൽ വെള്ളത്തിനു ബുദ്ധിമുട്ടാണ്. ശിവാജിയുടെ കുടുംബം വെള്ളം തേടി നടന്നപ്പോൾ അവരുടെ ഭവനത്തിനു സമീപത്തുള്ള ഒരു പാറയിടുക്കിൽ നിന്നു വെള്ളം കിട്ടി. ദൈവത്തിനു സ്തോത്രം!

**മെയ്**
**17**
**ചൊവ്വ**

## ജന്മദിനാശംസകൾ

ആശീർ റ്റി വൈ പി,
ഉൽഛാൾ മാഗി എസ്ഥേർ, വാസന്തി ജപകുമാർ,
ജ്ഞാനജപ ഷീല റ്റി,
മുധവാത്തു രാജ നെയ്ൽ

## പശ്ചിമ ബംഗാൾ

### റാണിഗഞ്ച്

**ധ്രുബ രാജ് ബബർത്ത**

പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ലവാദാന്ദ, കന്ദോർ എന്നീ ദൈവാലയങ്ങളുടെ നിർമ്മാണം പൂർണതയിലേക്കു എത്തുന്നു. രണ്ടു വർഷത്തിനു ശേഷം റീജിനൽ തലത്തിൽ കൺവൻഷൻ നടത്തി. സാഗർ ഡിഹി ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു ദൈവം അവസരം നൽകി. സോദെപൂർ ഗ്രാമത്തിൽ നമ്മുടെ വിശ്വാസിയുടെ സംസ്കാര ശുശ്രൂഷ ക്രിസ്തീയ രീതിയിൽ നടത്തി. ഹോട്ടയ് ഗ്രാമത്തിലെ അരോതി ബസ്രയെ മാനിസിക രോഗത്തിൽ നിന്നു ദൈവം വിടുവിച്ചു. നമ്മുടെ വിശ്വാസി ഗോപാൽ മുർമ്മു മൂന്നു വർഷം മുമ്പ് ഒരു വ്യക്തിക്കു 30,000 രൂപ വായ്പ നൽകിയിരുന്നു. അതു തിരികെ തരുന്നതിനു മടി കാണിച്ച വ്യക്തി ദീർഘനാളത്തെ പ്രാർത്ഥനയുടെ ഫലമായി പണം തിരികെ നൽകി.

എല്ലാ വിശ്വാസികളും സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറെടുക്കുന്നവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. ബുജുബിത്ത പ്രദേശത്തു സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു മടങ്ങിവന്നു ആരാധനയോഗത്തിൽ ക്രമമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സോനാലി സൊറൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആസ്മ രോഗത്തിൽ നിന്നു ലക്ഷ്മി സൊറൻ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗഞ്ച മുർമ്മുവും കുടുംബവും ഞായറാഴ്ച ആരാധനയിൽ പതിവായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബാലൂർഗാട്ട്

**ഹരമോഹൻ & സുസമ**

വിവിധ പ്രോഗ്രാമിലൂടെ സുവിശേഷം ശ്രവിച്ചവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ദാസോൾ ഗ്രാമത്തിലെ ശ്രീമതിയുടെ കൈയിലുണ്ടായ പൊട്ടൽ ദൈവം സൗഖ്യമാക്കി. ബേൽപാട ഗ്രാമത്തിലെ സർക്കാർ കരൾ രോഗത്തിൽ നിന്നും രാജപൂർ ഗ്രാമത്തിലെ മിഥുൻ അപസ്മാര രോഗത്തിൽ നിന്നും കൽപന ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു.

സമീപ സ്ഥലങ്ങളിലേക്കു ജോലി തേടി പോയ കുടിയേറ്റ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. മുൻസിപൂർ, ബസനായ്, അത്കുരി, ലിതെഡങ്ക, അരാക്ദാരാഗ്, ബെൽദ, ഡങ്കി, ദെദഗെട്ടോള, കൊക്രാം, ബിൽപാട, കാഷിപൂർ, ദുരൾദബ്ഗ, ദുന്ദഹെരര, മാകേ, ജറായ്, മിനാഗർ, എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ബോൺ ഹാട് ഗ്രാമത്തലവൻ ബോഡോൺ ഹെബ്രം, ദരജ്പൂർ ഗ്രാമത്തലവൻ ഭോൺടോ ഹസ്ത എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കാലിൽ പൊട്ടലുണ്ടായ ബിമൽ ടുഡു, തലച്ചുറ്റൽ അനുഭവപ്പെടുന്ന സ്വാമാലി, ഉയർന്ന രക്തസമ്മർദ്ദത്താൽ വലയുന്ന ബാബ്ലു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിന്നു ആത്മാർത്ഥമായി സുവിശേഷ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 18 ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

ജയന്തി പൊന്നരാജ്, രാജമ്മാൾ ജോൺസൺ,
എലിസബേത്ത് സോളമൻ,
ചന്ദ്രിക ബൻ, സ്റ്റീഫൻ ആർ,
പൊർസെൽവി കമാലിയോൾ,
റീത്താഞ്ജലി കരോട, മുത്തു കുമാർ എം,
ഷീബ വെങ്കിടേഷ്,
ഝാൻസി റാണി,
ചിങ് ഖാൻ മാവി തങ്വാൻ സങ്,
ഗലിത് പ്രകാശ് രത്തിലാൽ

### സാംസി

**ദീപ രത്ന & മിത്ത്ലേശ്**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സുവിശേഷകരണ യോഗത്തിലൂടെ 1000 പേർ സുവിശേഷം ശ്രവിച്ചു. മാനസിക രോഗത്തിൽ നിന്നു ടോറ ടോള ഗ്രാമത്തിലെ ജിസു മാറാണ്ടിയെ കർത്താവ് സൗഖ്യമാക്കി. ഘോറ ഗ്രാമത്തിന്റെ മാറ്റം കണ്ട അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നാലു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. വാറി സോണ ഗ്രാമത്തിൽ പിന്മാറ്റത്തിലായിരുന്ന മുനിയും കുടുംബവും പത്തു വർഷത്തിനു ശേഷം ദൈവാലയത്തിൽ വരുവാൻ തുടങ്ങി.

ആദംപൂർ ഗ്രാമത്തിലെ ദിപു സൊരനും കുടുംബവും ലക്ഷ്മി മാണ്ടിയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മ ഭാരത്തോടെ നമ്മുടെ സുവിശേഷകർ ദൈവവേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. സാംസി, വാറി എന്നീ പ്രദേശങ്ങളിൽ ഫലകരമായി സുവിശേഷ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

### ഇട്ടഹാർ

**അഷ്ടബൻ ആദിത്യ കുമാർ ലിമ്മ & മാലിനി കുമാരി**

29 വ്യക്തികകൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബൽഹുവാർ, സുയിരി ഹുത്തു, അമാതി എന്നീ ഗ്രാമങ്ങളിൽ നിന്ന് അഞ്ചു കുടുംബം യേശുവിന കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബെലൂർ ഗ്രാമത്തിൽ വെച്ച് റീജിനലൽ തല കൺവൻഷൻ നടത്തി. 700 ലധികം ആളുകൾ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു. കൺവൻഷനിൽ സംബന്ധിക്കുന്ന വേളയിൽ സഭാ മൂപ്പന്റെ ശരിരത്തിലുണ്ടായിരുന്ന മുറിവ് സൗഖ്യമായി.

പവലേറ്റർ ഗ്രാമത്തിലുള്ള കിസ്നോ ടുഡു, പ്രദീപ് ടുഡു, മിനു ഹെബ്രം, പിങ്കി ടുഡു, സാജെൻ ടുഡു, സുഖി മുർമ്മു എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളെല്ലാവരും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ സഭയെ ശരിയായ ദിശയിൽ വഴി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ ആരാധനക്കൂട്ടത്തിലുമുള്ള ചെറു പ്രാർത്ഥനക്കൂട്ടം ക്രമമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമാത്തി ഗ്രാമത്തിലെ ബഹാ സൊറൻ, ബിസോന്ത് മാർദി എന്നിവർ പക്ഷാഘാതത്തിൽ നിന്നും ചാത്നിഘുട്ടു ഗ്രാമത്തിലെ ദുലി മുർമ്മു ഉദര സംബന്ധമായ രോഗത്തിൽ നിന്നും ഗോൾപാറ ഗ്രാമത്തിലെ ഗണേശ് മാറാണ്ടി കാലിലുണ്ടായ മുറിവിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മെയ്
19
വ്യാഴം

## ജന്മദിനാശംസകൾ

ഹേമന്ത കുമാർ സാബർ,
ത്ധാൻസി ബാലാജി സാബർ

## അസം

**ദേമാജി : നാഥൻ കുമാർ ബബർത്ത & നിരുപമ**

300 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ബെസാമാര, സിമലുഗുടി, പഞ്ചാലി എന്നീ പ്രദേശങ്ങളിൽ നടത്തിയ കൺവൻഷൻ അനുഗ്രഹമായിരുന്നു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

പുതിയ പ്രദേശത്തു നമുക്കു ലഭിച്ച പ്രധാന വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിറി, ജാമുഗുരി, ബസമാറ, സിമലുഗുറി, പഞ്ചാലി, മോറിദാൾ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനും അവിടെയുള്ള ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**നോർത്ത് ഈസ്റ്റ് റീജിയൻ**

**സി എച്ച് ജോൺ & വേണി**

സമിതി രൂപീകരിക്കുന്നതിനും പ്രദേശിക നേതൃത്വത്തെ പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രാരംഭ നടപടികളെ ദൈവം അനുഗ്രഹിച്ചു. നമ്മുടെ മിഷനറി ദേവുവും സഹോദരി നൈന ബന്നും തമ്മിലുള്ള വിവാഹം സമംഗളം നടന്നു. അവർ മിഷൻ വയലിൽ തിരികെ വന്നു. സഭക്കാവശ്യമായ ജനറേറ്റർ, സൗണ്ട് സിസ്റ്റം, LCD തുടങ്ങിയവ വിശ്വാസികൾ ത്യാഗപൂർവ്വം സംഭാവനയായി നൽകി. നമ്മുടെ വിശ്വാസികളായ പ്രകാന്തോ ഡോളെ, ജോഗ്രഷി താക്കു എന്നിവരെ പഴകിയ രോഗങ്ങളിൽ നിന്നു ദൈവം സൗഖ്യമാക്കി.

ലക്കിംപൂർ മിഷൻ വയലിലെ പ്രവർത്തനത്തെ എതിർക്കുന്ന പൊതുമണി ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബോമിത, മോമി, അഭിജിത് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാടി, ഭാലോർജൻ സില്ലെ റിഗ്ബി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ വിശ്വാസികളുടെ മടങ്ങിവരവിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്ട്

**ബാസെ : ബാബുജി മുർമ്മു & വയലറ്റ് ഹസ്ത, റോഷൻ മട്ടാമി & ഛായ മട്ടാമി**

കൊറെനാർ പ്രദേശത്തു എതിർപ്പുകളില്ലാതെ രണ്ടു ദിവസം സുവിശേഷീകരണ പ്രവർത്തനം നടത്തി. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു രാജു പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു.

ഗ്രാമത്തലവൻ പട്ടേൽ, സർപഞ്ച്, ഗൗണ്ടാന, സമാജ് നേതാക്കന്മാർ, പോലീസ് എന്നിവരുടെ എതിർപ്പുകളുടെ മദ്ധ്യത്തിൽ വിശ്വാസികളും മിഷനറിമാരും ധൈര്യപൂർവ്വം ഉറച്ചു നിൽക്കുവാൻ ദൈവം കൃപ പകരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളോടു എതിർത്തു നിന്ന കുദും ഗ്രാമത്തിലെ വിശ്വാസികളായ രണ്ടു കുടുംബത്തെ ഉപദ്രവിച്ചു. ബൈക്കിൽ നിന്നും താഴെ വീണു കാലിനു പൊട്ടലുണ്ടായ ഡോലു ലെക്കാമിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സോനു കോവാച്ചിയെ ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 20 വെള്ളി

### ജന്മദിനാശംസകൾ

മാധവറായി എം, പൊന്നരാജ് ജേക്കബ് എസ്, സ്റ്റാൻലി ജോർജ്, എസ്ഥേർ എസക്കിയ, ജ്ഞാനാലിൻ സെൽവ വിജില, മിർജിയോ കിസ്കു, ഇളങ്കോവൻ എസ്, എഡ്വേർഡ് രാജദുരൈ, ദിനേശ് എ

## ഒഡിഷ

### ദെങ്കൻകനാൽ

**സന്തു മറാണ്ടി & സുരേഷ് മാൾട്ടോ**

ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 240 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഏഴു പുതിയ കുടുംബങ്ങൾ ഞായറാഴ്ച ആരാധനയിൽ പുതുതായി സംബന്ധിക്കുന്നു.

കോരഗാടിയ ഗ്രാമത്തിൽ നിർത്തിവെച്ച ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ പുനരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറായ ഗുപി മാറാണ്ടി, മാധൻ ഹെബ്രം, ബാസ്പട്ടുഡു, പോർഷഹസ്ത, തുഷാർ ടുഡു എന്നീ കുടുംബങ്ങൾക്കായും തരിണിപോഷി ഗ്രാമത്തിലെ ഇന്ദ്രമണി ടുഡുവിന്റെയും ആത്മീക വളർച്ചക്കായും അവരുടെ ഉള്ളിലുള്ള സാമൂഹ്യ ഭയം മാറേണ്ടതിനായും പ്രാർത്ഥിക്കുക. കോടസാഹി ഗ്രാമത്തിലെ അനാമോ മാനസിക പ്രശ്നത്തിൽ വിടുതൽ പ്രാപിച്ചു രാത്രിയിൽ സുഖ നിദ്ര ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു കോട്ടസാഹി ഗ്രാമത്തിലെ എട്ടു വയസ്സുള്ള പൈതൽ ചന്ദൻ ഹോൻഹഗയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അവന്റെ ശരീരത്തിലുള്ള നീർവീക്കം മാറേണ്ടതിനായി പ്രാർത്ഥിക്കുക.

### ജാഷിപൂർ

**സുഖിനാൽ & ജയറാണി; അനാമിക പെഗു**

അഞ്ചു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇവിടെ നടത്തിയ കൺവൻഷനിൽ 800 പേർ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. എതിർപ്പുകളില്ലാതെ യോഗം നടത്തുവാൻ സാധിച്ചു. അഞ്ചു വർഷം പക്ഷാഘാതത്താൽ വലഞ്ഞ ലക്ഷ്മി ഗഗരൈ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു ദൈവം സൗഖ്യമാക്കി. കുടഘാട് ദൈവാലയത്തിന്റെ പണി പൂർത്തീകരിച്ചു. ബൊക്കുവയിൽ ദൈവാലയ പണി ആരംഭിച്ചു.

തീയിൽ വീണ് പുറവും കാലും പൊള്ളിയ ശ്രീമതി ഗഗരൈ എന്ന നാലു വയസ്സുള്ള പെൺകുട്ടിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും മാനസിക പ്രയാസത്തിൽ നിന്നും കാലിയാദിഗിയെയും പക്ഷാഘാതത്തിൽ നിന്നു സാന്ത ഹെബ്രത്തെയും അപസ്മാരത്തിൽ നിന്നും സുറൈ മാറാണ്ടിയെയും ദുങ്കിപൂർത്തിയെയും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബൊക്കുറ ദൈവാലയത്തിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുമാരിബിൽ, കദഘുർവ, ബുരുടി എന്നീ പ്രദേശങ്ങളിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്താം ക്ലാസ്സിലെ പരീക്ഷ എഴുതുന്ന 15 കുട്ടികൾക്കായി പ്രാർത്ഥിക്കുക.

**മെയ്**
**21**
**ശനി**

## ജന്മദിനാശംസകൾ

വിജയറാണി ആൽബിൻ

### കിയോൻജ്ഹാർ

**പ്രത്യുഷ് നായക് & ലീയോണ**

42 വ്യക്തികൾ യേശുവിനെ കർത്താവും സ്വീകരിച്ചു. 29 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ബമൈപാരി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വിജയകരമായി പൂർത്തീകരിച്ചു. രണ്ടു വർഷത്തിനു ശേഷം വിശ്വാസികൾക്കായി നടത്തിയ കൺവൻഷനിൽ 1000 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നു ജീത്തെൻ വിടുതൽ പ്രാപിച്ചു. വിശ്വാസികൾ പിന്മാറിപ്പോകാതിരിക്കുവാൻ ബങ്കാർ സുനി ദൈവാലയം പുനർനിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആമാശയ വീക്കം നിമിത്തം നിൽക്കുവാനോ നടക്കുവാനോ കഴിയാതെ ഭാരപ്പെടുന്ന സൊമ്പാരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രണഗ്യായുടെ തലയിലുണ്ടായ മുറിവ് സുഖമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പുതിയ സാമ്പത്തീക വർഷത്തിൽ കൂടുതൽ അനുഗ്രഹപ്രദമായും ഫലകരമായും ശുശ്രൂഷ നിർവഹിക്കുന്നതിനു കർത്താവ് കൃപ നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

### റിമുലി : ശങ്കർ & ജലീൻ

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷാതാവുമായി സ്വീകരിച്ചു. ജോടിപാട ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി. ജോടിപാട ഗ്രാമത്തിൽ ജന്മനാ നടക്കുവാൻ കഴിയാതിരുന്ന മൂന്നു വയസ്സുള്ള പവിത്ര എന്ന പെൺകുട്ടിയെ കർത്താവ് സൗഖ്യമാക്കി. കമൽപൂർ, വിച്ചിനിതപൂർ, ബോടമ്പൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനായി തുറന്ന വാതിൽ ലഭിച്ചു. കൊങ്കാന ഗ്രാമത്തിലെ നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

കൊങ്കാന ഗ്രാമത്തിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളായ മോങ്കാലു കുടുംബത്തെയും മാൻസിങിനെയും എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ജമിതിയിലുള്ള യുവജനങ്ങൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാധികയുടെ അമ്മായിയമ്മ ചാരായം വാറ്റുന്നത് ഉപേക്ഷിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിനോദ്പൂറിൽ നടക്കുന്ന പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ എത്രയും വേഗത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പാമ്പ് നെഞ്ചിലൂടെ ഇഴഞ്ഞു!

മഹാരാഷ്ട്രയിൽ മുഖദ മിഷൻ വയിലിൽ സുരേഷ് പവാർ, റയ്ത്താലെ ദൈവാലയത്തിലെ സഭാമൂപ്പനായിരുന്നു. ഒരു രാത്രി തൻെറ ഇളയ മകളോടൊത്തു കിടക്കുമ്പോൾ എന്തോ തന്റെ നെഞ്ചിലൂടെ ഇഴയുന്നതായി തോന്നി, പെട്ടെന്നു അതൊരു പാമ്പാണെന്നു മനസ്സിലായി. അവൻ പരിഭ്രമിക്കാതെ എന്നാൽ പ്രാർത്ഥനയോടെ അവന്റെ കഴുത്തിൽനിന്നു അതിനെ വലിച്ചെടുത്തു കളഞ്ഞു. വിഷപാമ്പിന്റെ കടിയേൽക്കാതെ സുരേഷ് പവാറിനെയും മകളെയും ദൈവം രക്ഷിച്ചു. ദൈവത്തിനു സ്തോത്രം!

## മെയ് 22 ഞായർ

### ജന്മദിനാശംസകൾ

ജയശേഖർ പി റ്റി, സുനിൽ ദത്തകര, ബിപിൻ ബീഹാരി പ്രധാൻ

## ഗുജറാത്ത്

### അഹ്വ & ഡാങ്സ് ഔട്ട് റീച്ച്

**ബിദുഷ് & പ്രീതിബല**

സായ്മാൾ ഗ്രാമത്തിലെ മൂന്നു കുടുംബങ്ങൾ ഗദാദ് ഗ്രാമത്തിലെ രണ്ടു കുടുംബങ്ങൾ എന്നിവർ ദൈവ സ്നേഹം രുചിച്ചറിഞ്ഞു. സുവിശേഷം മറ്റു സ്ഥലങ്ങളിലേക്കു വ്യാപിഷിക്കുന്നതിനു സഹായകരമായി മൂന്നു സ്നേഹിതരെ നമുക്കു ലഭിച്ചു. അബോധാവസ്ഥയിലായ രേഖബൻ പ്രാർത്ഥനയുടെ ഫലമായി സൗഖ്യം പ്രാപിച്ചു. ബാവറിയ ഗ്രാമത്തിലെ വേണുബൻ അപസ്മാര രോഗത്തിൽ നിന്നു ദൈവം വിടുവിച്ചു. മല മുകളിൽ നടത്തിയ പ്രാർത്ഥനയോഗവും സുവിശേഷ വേലയും അനുഗ്രഹകരമായിരുന്നു. ദുൽച്ചോന്ദ് ഗ്രാമത്തിലെ സുരേഷ് ഭായി ഭവനത്തിലേക്കു മടങ്ങിവരുന്ന വേളയിൽ കടുവയുടെ ആക്രമണത്തിൽ നിന്നും ദൈവം വിടുവിച്ചു.

ദുഗാർഡ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗാൽക്കുന്ദ് ഗ്രാമത്തിലെ കാനുബായിയെ മാനസിക രോഗത്തിൽ നിന്നു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുൽചന്ദ് ഗ്രാമത്തിലെ വിശ്വാസികളെ കടുവയിൽ നിന്നു സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുസർദ, ബോർപാഡ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന രാത്രി യോഗങ്ങൾ, കുടുംബ സമ്മേളനം, ഉപവാസ പ്രാർത്ഥന, സ്ത്രീജന കൂട്ടായ്മ, ഫിലിം പ്രദർശനം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### കവാന്ത് : ഹെന്റി സോളമൻ & എയ്ഞ്ചൽ ജപ

52 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സംഘടിപ്പിച്ച രാത്രി യോഗത്തിൽ 250 പേർ സംബന്ധിച്ചു. മോട്ടർ സൈക്കിൾ അപകടത്തിൽ ജംഗ്ല ബായി, നിമ്ജി ബായി എന്നിവരെ ദൈവം പരിപാലിച്ചു. കാൻവി തന്റെ പാപത്തെ ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞ വേളയിൽ അവളുടെ കാഴ്ച ശക്തി തിരികെ ലഭിച്ചു.

ദുംഗ്ര ഭിൽ ജനങ്ങളുടെ മദ്ധ്യേയുള്ള നമ്മുടെ ഭാവി ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. സണ്ടെ സ്കൂൾ, വയോജന വിദ്യാഭ്യാസം, വേദപഠനക്കൂട്ടം, നാടക ടീം, ഭജന സംഘം എന്നിവ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാത്വാട് ഗ്രാമത്തിലെ ദിവാൻ, ദാൽസിങ് ബായി എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### സഹ്യാദ്രി: മാതവറായ് & ജപതങ്കം

750 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. വിഷപാമ്പിൽ നിന്നും ദൈവം മിഷനറിയെയും കുടുംബത്തെയും പരിപാലിച്ചു. ദൈവം പ്രാർത്ഥന കേട്ടു നമ്മുടെ വിശ്വാസികളായ മൂന്നു യൗവ്വനക്കാർക്കു നല്ല ജീവിത പങ്കാളിയെ കണ്ടെത്തുവാൻ സാധിച്ചു.

ആരാധനക്കായി അനേകർ കടന്നു വരുന്നു. എല്ലാവരെയും ഉൾക്കകൊള്ളുവാൻ കഴിയത്തക്കവിധം ദൈവാലയം പുതുക്കി നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുശൽബായി, ആൽബർട്ട് ബായി, പ്രിയങ്ക എന്നീ കുടുംബങ്ങളിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രമേഹ രോഗത്തിൽ നിന്നു അലക്സ് മാക്വാൻ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും ജോയ്, നികുഞ്ച് എന്നിവരെ വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

കണ്ണുസ്വാമി തോമസ്,
വിജയ് ബാബു എസ്,
ഗോപികൃഷ്ണൻ എം

**ബോദേലി : ഡേവിഡ്സൺ രാജാസിങ് & കൺമണി**

മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നു തുളസിബായിയെ കർത്താവ് വിടുവിച്ചു. വിഷ പാമ്പിന്റെ ദംശനമേറ്റ കാജ്ലി ബന്നിനെ ദൈവം വിടുവിച്ചു. നമ്മുടെ വിശ്വാസിയുടെ ഭാര്യ സങ്കുടിയ ബായി പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച് അതിൽ അസൂയ മൂത്ത പഴയ പഞ്ചായത്ത് തലവൻ പുതിയ ഗ്രാമത്തലവന്റെ ഭവനം നശിപ്പിക്കുന്നതിനു പദ്ധതി തയ്യാറാക്കി. പ്രാർത്ഥനയുടെ ഫലമായി അവരുട ഉദ്യമങ്ങൾ എല്ലാം പരാജയപ്പെട്ടു. നമ്മുടെ വിശ്വാസികളുടെ ചോള വയലിൽ നല്ല വിളവ് ലഭിച്ചു.

ഭാനിയ ഗ്രാമത്തിൽ നടത്തുന്ന രാത്രിയോഗത്തിനുള്ള തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. രാഘുൽ ബായിയുടെ ഭാര്യ കോകിലബൻ, മുകേഷ് ബായി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു വയസ്സു പ്രായമായ ഹിർതിക്കിനു സംസാര ശേഷി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക .ജീവ്ലിബൻ, ലക്കൻബായി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നു ശൈലേസ് ബായി വിടുതൽ പ്രാപിക്കേണ്ടതിനായി ഷോണിത ബായ് വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. തുളസിയ ബായ് മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ഘോരാമ്പ**

**രമേശ് ജി ക്രിസ്റ്റ്യൻ & റെയ്ച്ചൽ**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രമേഹ രോഗത്താൽ രണ്ടു വർഷത്തോളം കാലിൽ വ്യണം വന്നു ശയ്യാവലംബനായി കിടന്ന കുമ്പബായ് പ്രാർത്ഥനയുടെ ഫലമായി സൗഖ്യം പ്രാപിച്ചു നടക്കുവാൻ തുടങ്ങി. സാലാർപൂർ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. വന്ദർ ദേവി ഗ്രാമത്തിലെ അരവിന്ദ് മനിഷബൻ, ജഗദീഷ്, നിരവ് എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

സ്വദ്ദേശ സുവിശേഷകന്റെ മകൻ മദ്യപാനത്തിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഹെഡ് കോൺസ്റ്റബിൽ ആകുന്നതിനുള്ള പരീക്ഷ എഴുതുന്ന നമ്മുടെ വിശ്വാസികളുടെ മക്കൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയിൽ നിന്നു കിരൺ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാഹുൽ ബായിയുടെ രക്തത്തിലെ ഹ്യുമോഗ്ലോബിന്റെ അളവ് കുറയുന്നതിനാൽ ശരീരം ബലഹീനപ്പെടുന്നു.

**ഉമർഗാം : ആശീർ സെൽവരാജ് & അമൃത ഗോൾഡ**

ഗുണ്ടെർ, കന്നാഡു, തൽവാട ബോർത്ത എന്നീ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 1000 മണിക്കൂർ പ്രാർത്ഥന വിജയകരമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. സുക്ലിപാട ഗ്രാമത്തിലെ കൊയ്ത്തുൽസവം അനേകർക്കു അനുഗ്രഹമായി തീർന്നു. നമ്മുടെ വിശ്വാസികളായ കൽപേശ്, ധാൻവന്ത്രി എന്നിവരുടെ വിവാഹം അങ്കുലാസ് ഗ്രാമത്തിൽ വെച്ചു നടന്നു. ബോർത്ത ഗ്രാമത്തിൽ ആരാധനക്കൂട്ടം ആരംഭിക്കുവാൻ ദൈവം നമ്മെ സഹായിച്ചു.

അട്ടു ഗ്രാമത്തിലെ അനേകർ അഞ്ചാം പനിയാൽ വലയുന്നു. നിക്കോലി ഗ്രാമത്തിലെ ആരാധനയിൽ എല്ലാ വിശ്വാസികളും സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാന്ത്വോയ്, ബോർമാൽ, ബോർത്ത എന്നീ ഗ്രാമങ്ങളിലെ അനുധാവന പ്രവർത്തനത്തിന്റെ വിജയത്തിനായും ദാമൻ പ്രദേശത്തുള്ള വാർളി സമുദായത്തിന്റെ മദ്ധ്യേ ശുശ്രൂഷ ആരംഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക

മെയ്
24
ചൊവ്വ

ജന്മദിനാശംസകൾ

അനന്തരാജ് എസ്,
വേദമാണിക്യം അപ്പാദൂരൈ

## ദാദ്ര നഗർ ഹവേലി

### സിൽവാസ

**അഖിലേശ് കുമാർ & കിരൺ ദേവി**

37 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ചിഹാലി, ഖെർതി എന്നീ ഗ്രാമങ്ങളിൽ ദൈവാലയ നിർമ്മാണം ആരംഭിച്ചു. ആറു കുടുംബം ദൈവ സ്നേഹം രുചിച്ചറിഞ്ഞു. താര ബൻ പരീക്ഷ പാസ്സായി സർക്കാർ അദ്ധ്യാപികയായി ജോലി ലഭിച്ചു.

ദൈവനാമ മഹത്വത്തിനായ് ഫത്തെപൂർ ദൈവാലയ സമർപ്പണ ശുശ്രൂഷ ക്രമീകരിച്ചു. പക്ഷാഘാതത്തിൽ നിന്നു ലക്ഷ്മി ബൻ, ജസുബായി എന്നിവരെയും കാൻസർ രോഗത്തിൽ നിന്നു ലക്ഷ്മൺബായിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### ദുലെ

**അജയ് കുമാർ ലിമ & പ്രത്യാശിനി ലിമ**

സദൃശ്യവാക്യ പുസ്തകത്തിന്റെ പരിഭാഷ പുരോഗമിക്കുന്നു. ഖന്തേഷി ഭീൽ പുതിയ നിയമത്തിന്റെ വിതരണവും ഭംഗിയായി നടക്കുന്നു. കഴിഞ്ഞ മാസം 24 ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ ദൈവം ഞങ്ങളെ സഹായിച്ചു. ജയ് ഭീം സമുദായം സുവിശേഷത്തോടു താൽപര്യം പ്രകടിപ്പിക്കുന്നു. മോന മാൽക്കയുടെ തൊണ്ടക്കുള്ള കാൻസർ സുഖമായി. ബഹെദ് ഗ്രാമത്തിലെ സാൽബായിയുടെ ഗർഭസ്ഥ ശിശു ഒമ്പതാം മാസത്തിൽ ഉദരത്തിൽ മരിച്ചതിനെ തുടർന്നു ഗർഭപാത്രത്തിൽ വിഷബാധയുണ്ടായി ജീവൻ അപകടപ്പെട്ടെങ്കിലും ദൈവം അവളെ അത്ഭുതകരമായി രക്ഷിച്ചു.

പഴയ നിയമത്തിന്റെ ഓഡിയോ പരിഭാഷ ഭംഗിയായി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.ഖാന്തേഷ് ഭാഷയിലെ പുതിയ നിയമം എല്ലാ ആരാധനക്കൂട്ടത്തിലും വിശ്വാസികൾ ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറായിരിക്കുന്ന ജയ് ഭീം സമുദായത്തിന്റെ മദ്ധ്യത്തിൽ നടത്തുവാൻ പോകുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക പോരാട്ടത്താൽ രാജാബായിയുടെ രണ്ടു മക്കൾ ഒന്നിനു പുറകെ ഒന്നായി മരിച്ചു. മൂന്നാമത്തെ പൈതലിന്റെ സുരക്ഷക്കായി പ്രാർത്ഥിക്കുക. ദീപക്കിനു ബാങ്കിൽ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ അടിയന്തിരമായി ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാൽപൂർ ഗ്രാമത്തിലെ മൂന്നു വയസ്സുള്ള മകൾ അഞ്ജലി സംസാരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും പണ്ഡിത് ബാലെറാവു പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മെയ് 25 ബുധൻ ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ഫ്രീഡ സാം, രാജരത്തിനം എബ്രഹാം, ക്രിസ്റ്റ രവി കുമാർ, കിൻസ്ളി എ ആർ, ഷൈല കുപ്പുസ്വാമി

### ഗാഡ്ച്ചന്ദുർ : പോൾ ആൽബർട്ട് & റാണി ജസിലറ്റ്

അനിത കണ്ണുനിരോടെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ ക്ഷയ രോഗത്തിൽ നിന്നു സൗഖ്യമാക്കി. സുവിശേഷീകരണ പ്രവർത്തന വേളയിൽ പിപ്പൽകോട്ടി ഗ്രാമത്തിലുണ്ടായ എതിർപ്പിൽ സുവിശേഷ വിരോധികളിൽ നിന്നു ദൈവം ഞങ്ങളെ രക്ഷിച്ചു. സച്ചാക് മെസ്രാം, സുരേഷ് പട്ടേൽ, ഭഗവാൻ, വിട്ട എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. എട്ടു സ്ഥലങ്ങളിൽ നടത്തിയ 12 മണിക്കൂർ ഉപവാസ പ്രാർത്ഥന അനുഗ്രഹകരമായിരുന്നു. സ്ത്രീകളുടെ ക്യാമ്പ്, സഭാമൂപ്പന്മാരുടെ ക്യാമ്പ്, വിശ്വാസികളുടെ ക്യാമ്പ് തുടങ്ങിയവ അനുഗ്രഹകരമായി നടത്തി.

വിഗ്രഹങ്ങളെ വണങ്ങുന്നതിനു പനഗുടി ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസികളുടെമേൽ സമ്മർദ്ദം ചെലുത്തുന്നു. മാനസിക രോഗത്തിൽ നിന്നു അനിൽ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കൾക്കു അനുയോജ്യമായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്നവർക്കായി പ്രത്യേകാൽ മങ്കാർ പട്ടേൽ, ദേവസ്യോ കൊത്നാർക്ക സർപഞ്ച്, പിപ്പൽകൊട്ടി തെലുലെറാവു, രാഹെപള്ളി, പെനുഗുഡ, മത്താഡ എന്നീ ഗ്രാമങ്ങളിലുള്ളവർക്കായി പ്രാർത്ഥിക്കുക..

### ദാദഗൗൺ

### രമേശ് ബാബു & ഹിമബിന്ദു

കുമ്പ്രിയ, ഗോരാടി എന്നീ ദൈവാലയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ ദൈവം നമ്മെ സഹായിച്ചു. ഏഴു സ്ഥലങ്ങളിൽ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. നാലു ആരാധനക്കൂട്ടങ്ങളിൽ എല്ലാ ആഴ്ചയും ഒരുമിച്ചു കൂടി ദൈവത്തെ ആരാധിക്കുന്നു. അഞ്ചു വർഷമായി പൈശാചിക ബന്ധനത്തിലായിരുന്ന പെർവിബായിയെ കർത്താവ് വിടുവിച്ചു.

പുതുതായി സുവിശേഷം ശ്രവിച്ച 908 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന ധനപട്ടേൽ ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. മൂലക്കുരു രോഗത്തിൽ നിന്നു കുമുദ, അരിവാൾ രോഗത്താൽ വലയുന്ന സഞ്ചൈജ, മാനസിക രോഗിയായ ആശ, ഉദരത്തിൽ വീക്കമുള്ള ജാനിയ ദാദ, മാനസിക രോഗിയായ മോഗൻ, പക്ഷാഘാതത്താൽ വലയുന്ന രാമദാദ, ക്ഷയ രോഗിയായ സെൽബാര എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഇടവിടാതുള്ള പ്രാർത്ഥനയാൽ സമാധാനം നിലനിൽക്കും!

ഉത്തർപ്രദേശിൽ ദിനേശ്പൂർ മിഷൻ വയലിലെ സെയ്ത്തിലിഗഞ്ച് ഗ്രാമത്തിലുള്ള പുതിയ വിശ്വാസി സാഹിബ് ദിത്തയുടെ ഏക മകനും മകളും കുടുംബത്തിലെ മറ്റു മൂന്നു അംഗങ്ങളും ഒന്നിനു പുറകെ ഒന്നായി നഷ്ടപ്പെട്ടു. അക്രൈസ്തവരായ അയൽക്കാർ അവർ ക്രിസ്തുവിന്റെ അനുയായികളായതിൽ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്തു. ഞങ്ങൾ കൂട്ടു വിശ്വാസികളോടു ചേർന്നു അവരുടെ വീട്ടിൽ അടിക്കടി പ്രാർത്ഥന യോഗങ്ങൾ നടത്തി. ലോകത്തിനു നൽകുവാനോ എടുക്കുവാനോ കഴിയാത്ത ദിവ്യ സമാധാനത്താൽ ദൈവം അവരെ ആശ്വസിപ്പിച്ചു. ദൈവത്തിനു സ്തോത്രം!

മെയ്
26
വ്യാഴം

## ജന്മദിനാശംസകൾ

ലീലാബായി ബർലീൻ, ബാബുരാജ് കെ, സിസിലി ജ്ഞാനം രാജ്കുമാരി, മീഖായേൽ അമ്മൽ, ജപല വിജയകുമാർ, ഹെപ്സി സെൽവം തവമണി, തുമ്പാട റാസില രാമുബായ്, ദനിയേൽ രാജാമണി എസ്

### ദഹാനു : ശങ്കർ & ആനന്ദി

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പരസപാട ഗ്രാമത്തിൽ അഞ്ചു കുടുംബങ്ങൾ നമ്മുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനായി മുന്നോട്ടു വന്നു. അമ്പെൽസേരി ഗ്രാമത്തിൽ നടത്തിയ അന്വേഷക ക്യാമ്പിൽ 300 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. 10 ഗ്രാമങ്ങളിൽ വേദപഠനക്കൂട്ടം നടത്തുന്നു. രാസികയുടെ ഭർത്താവ് രണ്ടുകാലിലും പോട്ടലുണ്ടായ സാഗറിനെ പ്രാർത്ഥന കേട്ടു ദൈവം സൗഖ്യമാക്കി.

ജാർലി, റിത്താല, മുസൽപാട എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനു അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞായറാഴ്ച ആരാധന യോഗത്തിൽ പുതുതായി പങ്കെടുക്കുന്ന കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോണപാട, റൈത്താലെ, മസുപാട എന്നീ ഗ്രാമങ്ങളിൽ നിന്നു തൊഴിൽ തേടി അന്യ സംസ്ഥാനങ്ങളിലേക്കു കുടുയേറി പോയ വിശ്വാസികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ജർലിപാട, കൈനാഡ് മുസൽപാട എന്നീ ഗ്രാമങ്ങളിൽ ചാരായം വാറ്റുന്നു. ഇത് പുതിയ വിശ്വാസികൾക്കു ആത്മീകമായി വളരുന്നതിനു ഒരു തടസ്സമാകുന്നു. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പരസുബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ചാലീസ്ഗൗൺ : തിമോത്തി & മമത

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബോറാസ് ഗ്രാമ സഭാ മൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം സ്ത്രീകളുടെ യോഗം എന്നിവ അനുഗ്രഹകരമായി നടത്തി. മഞ്ഞപിത്തം, ഉദര വേദന എന്നിവയാൽ വലയുന്ന സുനിത ധാരാട്ടിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

കാൽവാടി ഗ്രാമത്തിൽ ഒരു അപകടത്തിൽപെട്ട ജീവൻ കാവ്ലി അബോധാവസ്ഥയിലായി. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുഷ്ഠരോഗിയായ സുനിത അനിൽ, ത്വക്കു രോഗത്താൽ വലയുന്ന ശുഷികേഷ്, പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന ദേവരാം ബാബ, ഹൃദയത്തിൽ സുഷിരമുള്ള വാൽമിക്, മസ്തിഷ്കം സംബന്ധമായ രോഗത്താൽ വലയുന്ന ലത എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കെസ്വയും ഭാര്യയും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് സമാധാനത്തിൽ ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കിടക്കയിൽ മൂർഖൻ!

ഗുജറാത്തിൽ ജാവ്ട ബാലഭവനത്തിൽ ആറാം ക്ലാസ്സിൽ പഠിക്കുന്ന ബാലൻ റോണക്കിനെ മൂർഖൻ പാമ്പിൽ നിന്നു രക്ഷിച്ചു. 24 ന് രാത്രിയിൽ പാമ്പ് കാമ്പസിനുള്ളിൽ വന്ന് മുറിയിൽ പ്രവേശിച്ചു. കിടക്കയിൽ കയറി അവന്റെ അരികിൽ കിടന്നു. അവൻ ശബ്ദം കേട്ടെങ്കിലും ഒന്നും കണ്ടില്ല. അവൻ രാവിലെ എഴുന്നേറ്റപ്പോൾ പാമ്പ് അവൻെറ കിടക്കയിൽ കിടക്കുന്നതു കണ്ടു. പെട്ടെന്നു അവൻ കട്ടിലിൽ നിന്നു താഴെയിറങ്ങി. അതെ ദൈവം റോണക്കിനെ മരണത്തിൽ നിന്നു വിടുവിച്ചു. ഹല്ലെലൂയ്യാ!

## മെയ് 27 വെള്ളി

### ജന്മദിനാശംസകൾ

സൈറസ് ശമുവേൽ, ജോസഫ് ദുരരാജ്, റിബേക്കമ്മാൾ ജ്ഞാനം ചാൾസ് ചെല്ലകുമാർ, അരുൾ മേരി അൻപയ്യ, ശമുവേൽ ജപകുമാർ എ, മായാ സൂസൻ സുനിൽ, എലിശ ഡൈമെ, ഡേവിഡ് ആർ

### ബോറാഡി: ഓംപ്രകാശ് & സപ്ന

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 70 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഖെറിയ, സമരിയ എന്നീ ഗ്രാമങ്ങളിൽ നടത്തിയ വ്യക്തിഗത സുവിശേഷ പ്രവർത്തനം വിജയകരമായിരുന്നു. ബാവൻചൂലി, വാടി എന്നീ ഗ്രാമങ്ങളിൽ നടത്തിയ ജീസസ് ഫിലിം പ്രദർശനം 58 പേർ കാണുകയുണ്ടായി. ഇവിടെ സംഘടിപ്പിച്ച വിശ്വാസികളുടെ രാത്രി യോഗം, സഭ മൂപ്പന്മാരുടെ പരിശീലനം, ഉപവാസ പ്രാർത്ഥന തുടങ്ങിയവ അനേകർക്കു പ്രയോജനകരമായിരുന്നു. സണ്ടേസ്കൂളിൽ 31 കുട്ടികളും ബുദക്കി വിഹിർ ഗ്രാമത്തിൽ സംഘടിപ്പിച്ച കുട്ടികളുടെ ക്യാമ്പിൽ 85 പേരും പങ്കെടുത്തു. സ്ത്രീജന ക്യാമ്പിൽ 64 സ്ത്രീകൾ പങ്കെടുത്തു. നടേദ, വിക്രൻ, പവർപാട, വാകപാട, കുവ എന്നീ ഗ്രാമങ്ങളിൽ നടത്തിയ വേദപഠന ക്ലാസ്സ് അനുഗ്രഹകരമായിരുന്നു. സങ്കി ഗ്രാമത്തിൽ ദ്വിദിന സ്ത്രീജന ക്യാമ്പ് സംഘടിപ്പിച്ചു.

ബോറാഡി മിഷൻ വയലിലെ പ്രവർത്തനം വലിയ മുന്നേറ്റമായി തീരേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും സുവിശേഷകരും വിശ്വാസികളും സുവിശേഷീകരണ പ്രവർത്തനം തങ്ങളുടെ കടമയാണെന്നു മനസ്സിലാക്കി സജീവമായി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു റെയ്സിങ് ബായി, കിഷൻ ബായി എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബുദാക്കി വിഹിർ ഗ്രാമത്തിലെ ഷർസിങ് ബായിയുടെ കാതുകൾ പ്രാർത്ഥനയാൽ തുറന്നു. 22 വയസ്സുള്ള മകന്റെ ആത്മഹത്യയിൽ ദുഃഖിതരായിരിക്കുന്ന ഉമാർദ ഗ്രാമത്തിലെ കാലുസിങിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നും ബോറാടി ഗ്രാമത്തിലെ കർമ്മ ബായി, ക്ഷയ രോഗത്തിൽ നിന്നും ന്യൂ ബോറാടി ഗ്രാമത്തിലെ സജ്ജയ് ബായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കോദിഡ ഗ്രാമത്തിലെ നാന ബായിക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാരതി, മിറ എന്നിവരുടെ ഭർത്താക്കന്മാർ മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### അല്ലപള്ളി

### കുൽദീപ് സിങ് & ഗുരുപ്രീത് കൗർ

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാദിയ സമുദായത്തിലെ മൂന്നു കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പക്ഷാഘാതം മൂലം നടക്കുവാൻ കഴിയാത്ത റുഷി ഹിച്ചാമിയെ ദൈവം സൗഖ്യമാക്കി. തേജസ്വി ബായിയെ രക്തസ്രാവത്തിൽ നിന്നു ദൈവം വിടുവിച്ചു.

ജന്മന കേൾവി ശക്തിയും സംസാര ശേഷിയുമില്ലാത്ത ആറു വയസ്സുള്ള പൈതൽ അർപ്പൻ മട്ടാമിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ ദീവാകർ ചൗദരിയുടെയും അരിവാൾ രോഗത്തിൽ നിന്നു അങ്കുഷ് ഹിച്ചാമി, സാനിയ മിശ്ര എന്നിവരുടെയും രക്തസ്രാവത്തിൽ നിന്നു തൈബായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സുഗന്ധ ബായി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 28 ശനി

### ജന്മദിനാശംസകൾ

ശാന്തം ഡേവിഡ്,
ജയസെൽവി മണിമാരൻ,
പല്ലു പരശേത്, സോനാലി ബബർത്ത

## കർണ്ണാടക

**കോളാർ: ശമുവേൽ ബബോർത്ത**

സുവിശേഷീകരണ വേളയിൽ നമ്മെ എതിർത്ത പ്രാദേശിക ജനത്തിന്റെ കൈകളിൽ നിന്നും ദൈവം ഞങ്ങളെ പരിപാലിച്ചു. സങ്കീർണ്ണമായ പ്രസവാവസ്ഥയിൽ സീപൂർ ഗ്രാമത്തിലെ സുമാമ്മ പ്രാർത്ഥനയുടെ ഫലമായി ഒരു പെൺകുഞ്ഞിനു ജന്മം നൽകി. ബല്ലമ്പാരി ഗ്രാമത്തിലെ പത്മാവതിയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. വേദപുസ്തക ക്വിസ് മത്സരത്തിൽ എട്ടു യുവജനങ്ങൾ പങ്കെടുത്തു.

യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറെടുക്കുന്ന ചാത്ര കോഡഹാലെയിലെ വെന്ത്രപ്പ & ഗൗരവമ്മ, സീപ്പൂറിലെ ശിവ & റോജ, ബല്ലമ്പാരിയിലെ പത്മാവതി, സാംസന്ദ്ര ഗ്രാമത്തിലെ മുനിവെങ്കിട്ട, മുനിയമ്മ, വെങ്കിത്രപ്പ ജനപാനഹള്ളിയിലെ സുവർണ്ണ എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ ചത്ര കോഡഹാലെയിലെ രത്നമ്മ, സവിതാമ്മ, പുഷാപ്പ, ഗൗരവമ്മ, ശ്രീപ്പൂർ ഗ്രാമത്തിലെ രങ്കപ്പ, ലക്ഷ്മിദേവിയമ്മ, നുക്കനഹള്ളിയിലെ ഏബ്രഹാം, സാംസന്ദ്ര ഗ്രാമത്തിലെ മോനിയപ്പ എന്നീ വിശ്വാസികളുടെ വസ്തു സംബന്ധമായ പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. വായിൽ അർബുദം ബാധിച്ച ചൗദമ്മയുടെയും പക്ഷാഘാതത്താൽ ഭാരപ്പെടുന്ന ഗൗരമ്മയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ചൗദമ്മ, പത്മാവതി, ഗൗരമ്മ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഹൃദയത്തിലെ ആഗ്രഹം സഫലമായി!

ഗുജറാത്തിൽ ഡാങ്സ് ജില്ലയിലെ സുവിശേഷീകരണ പ്രവർത്തന മേഖലയിലെ ബാമ്നമാൾ ആരാധനക്കൂട്ടത്തിലുള്ള സാധുവായ വിശ്വാസി ദൈവനാമ മഹത്വത്തിനായി ഒരു ദൈവാലയം പണിയണമെന്നു ആഗ്രഹിച്ചു. എന്നാൽ അതിനാവശ്യമായ പണം അവന്റെ കൈവശമില്ല. ഒരു രാത്രി ഉറങ്ങാതെ യക്കുബായി ദൈവത്തോടു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അവന്റെ കൈയിലുള്ള തുച്ഛമായ പണം കൊടുത്തു ഒരു പശുവിനെ വാങ്ങുവാൻ ദൈവം ആലോചന നൽകി. ചില നാളുകൾക്കുള്ളിൽ ഒരു മനുഷ്യൻ അവന്റെ പശുവിനു 24000 രൂപ നൽകി വാങ്ങുവാൻ മുന്നോട്ടു വന്നു. യക്കുബായിയും ഭാര്യയും ദൈവത്തിനു നന്ദിയർപ്പിച്ചു. ഇപ്പോൾ അവർ ദൈവനാമ മഹത്വത്തിനായി ദൈവാലയം പണിയുന്നതിനു പദ്ധതിയിടുന്നു.

### ഹൃദയത്തിനു മാറ്റം !

ഹരിയാനയിൽ ജീവൻനഗർ മിഷൻ വയലിലെ സിർസയിലുള്ള സുരേഷിന്റെ ഭവനത്തിൽ പ്രാർത്ഥന യോഗം നടത്തുന്ന വേളയിൽ അവന്റെ അയൽക്കാരൻ ഉമേഷ് വീട്ടിൽ നിന്നു പുറത്തു പോകുക പതിവായിരുന്നു. ഭക്ഷണ സമയത്തെ തിരികെ വരികയുള്ളൂ. സുവിശേഷം കേൾക്കുന്നതിനു അവൻ നിന്നു തരികയില്ല. അവന്റെ ഹൃദയത്തിൽ മാറ്റം ഉണ്ടാകുന്നതിനു കഴിഞ്ഞ ഒരു വർഷമായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവം അവനെ തൊട്ടു. ഇപ്പോൾ കുടുംബാംഗങ്ങളോടു കൂടെ കൂട്ടായ്മയിൽ സംബന്ധിക്കുന്നു. അവൻ പാട്ടു പാടുകയും ദൈവത്തെ സ്തുതിക്കുകയും തിരുവചനം വായിക്കുകയും ചെയ്യുന്നു.

## മെയ് 29 ഞായർ

### ജന്മദിനാശംസകൾ

കരുണാകരൻ ശർദ,
ഷക്കീന കൃപ,
ഇമ്മാനുവേൽ എസ്

**ഷിഗ്ഗൗൺ: സുനിൽ കുമാർ & സംഗീത സുനിൽ**

സത്യാന്വേഷകനായ പരശുറാം ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. മജ്ജുളയും രാജുവും യേശുവിലുള്ള വിശ്വാസം ഏറ്റു പറയുന്നതു മാറ്റി മാറ്റി വെച്ചെങ്കിലും പ്രാർത്ഥനയുടെ ഫലമായി ഇപ്പോൾ അവർ തയ്യാറായി. ലക്ഷ്മിയുടെ സഹോദരൻ തന്റെ പാടത്തു കൃഷിക്കു ഉപയോഗിക്കുവാനായി ഒരു കാളയെ കുറഞ്ഞ വിലയിൽ വാങ്ങിച്ചു. രത്ന അക്കയെ പാചക വാതക ചോർച്ചയിൽ ദൈവം രക്ഷിച്ചു. ഗ്രേസിനു ഇരട്ട കുട്ടികളെ നൽകി ദൈവം അനുഗ്രഹിച്ചു. പ്രാർത്ഥനയാൽ പാർവ്വതിയുടെ മാതാവിന്റെ രക്ത സമ്മർദ്ദം കുറഞ്ഞു. യെല്ലപ്പയുടെ സഹോദരൻ വസ്തുവിന്റെ വീതം തരുവാൻ തയ്യാറായില്ല. എന്നാൽ പ്രാർത്ഥനയുടെ ഫലമായി അവനു ഒരു വീടു നൽകി.

55 വയസ്സുള്ള രത്തായവയുടെ ഭർത്താവ് അവൾക്കു വീടു നൽകുന്നതിനു തയ്യാറാകുന്നില്ല. അയാൾക്കു വേറൊരു ഭാര്യ കൂടിയുണ്ട്. മദ്യപാന സ്വഭാവത്തിൽ നിന്നു സന്തോഷ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. B.Ed പഠനം പൂർത്തീകരിച്ച ശ്രീകാന്തിനു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആറു വർഷം മുമ്പ് ഭർത്താവിനെ ഉപേക്ഷിച്ചു പോയ കവിത തിരികെ വന്നു ഭർത്താവിനോടു കൂടെ ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂക്കിലൂടെ രക്തം വരുന്ന ഹേമന്തിന്റെയും കരളിൽ കാൻസർ ബാധിച്ച വിഷ്ണുവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന പ്രവീൺ, വിനയ, സുധി, സജ്ജു, ദർശൻ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. എതിർപ്പിന്റെ മദ്ധ്യെ നമ്മുടെ പുതിയ വിശ്വാസികളായ പ്രകാശും കുടുംബവും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്രപ്രദേശ്

**റോയ്ലാം: സോണിയ റാണി**

സത്യാന്വേഷകനായ ശ്രീനിവാസ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നു നാഗമണിയെ കർത്താവ് സൗഖ്യമാക്കി. നെഞ്ചു വേദനയിൽ മേരിയമ്മ സുഖം പ്രാപിച്ചു. വൈദ്യുതാഘാതമേറ്റ ശിവമണിയെ കർത്താവ് രക്ഷിച്ചു.

നാഗഭൂഷൺ, ശ്രീനിവാസ്, റോമാജി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലാവണ്യ, കലാവതി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡയാലിസിസിനു വിധേയ ആകുന്ന പത്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കളായ രാജേഷ്, രാജു എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നരനൈഗപള്ളിയിൽ ഒരു ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന ശിവലിംഗത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഷീനക്കു അവൾ അപേക്ഷ നൽകിയ പെൻഷൻ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മെയ് 30 തിങ്കൾ

### ജന്മദിനാശംസകൾ

രൂബൻ രവി,
മെർലിൻ ഫ്രാങ്കളിൻ, ഗ്ലാഡി ബ്യൂല സാം,
യിസ്രായേൽ നഥാനിയേൽ എഡ്വേർഡ്,
വാവച്ചൻ എം പി, ഉഷ യേശുബാബു,
അജ്ഞലി ദേവി ബി

### ഡാമലച്ചെരിവ് : ജോൺ ഡേവിഡ് രാജ് & ജ്ഞാനശേഖരി

26 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 13 ഗ്രാമങ്ങളിൽ നടത്തിയ ജീസസ് ഫിലിം പ്രദർശനത്തിലൂടെ 750 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ജീസസ്സ് ഫിലിം കണ്ട രണ്ടു ചെറുപ്പക്കാർ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. നെലിമന്തപ്പള്ളി ഗ്രാമത്തിലെ ജമീമക്കു പ്രാർത്ഥനയുടെ ഫലമായി സർക്കാർ ജോലി ലഭിച്ചു. അന്നനാളത്തിൽ പ്രയാസം ഉണ്ടായ മിട്ടൂർ ഗ്രാമത്തിലെ രൂത്തമ്മയെ ദൈവം സൗഖ്യമാക്കിയതിനെ തുടർന്നു അവൾ പതിവായി പാട്ടൂർ ദൈവാലയത്തിലെ ആരാധനയിൽ സംബന്ധിക്കുന്നു. കൃപ പാർവ്വതിയമ്മയുടെ മകൾ അഞ്ചു പ്രാവശ്യം ഇന്റർവ്യൂവിൽ പങ്കെടുത്തെങ്കിലും പരാജയപ്പെട്ടു. ആറാം തവണ അവൾ മുത്തശ്ശിയെ ഫോൺ ചെയ്തു പ്രാർത്ഥന ആവശ്യപ്പെട്ടു. കൃപാ പാർവ്വതിയമ്മ കൊച്ചുമകൾക്കു വേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. ഇത്തവണ അവൾ ഇന്റർവ്യൂ പാസ്സായി. ഇപ്പോൾ കൊച്ചുമകളും യേശുവിൽ വിശ്വാസം അർപ്പിച്ചു.

സുവിശേഷീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നവരെ ഭീഷണിപ്പെടുത്തി, മോട്ടർ സൈക്കിളിന്റെ താക്കോൽ കൈവശപ്പെടുത്തി തുടർന്നു അവരുടെ ഗ്രാമത്തിൽ പ്രവർത്തിക്കരുതെന്നു താക്കീത് നൽകിയ നരേഷ്, ദേവന്ദ്രൻ, രാമു, മാലിഗ അർജ്ജുൻ, സെങ്കാൾ റായാലു എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പരതേശി, അന്നപൂർണ്ണയുടെ മകൾ അലവേലു എന്നിവർക്കു സുഖ പ്രസവം ലഭിക്കേണ്ടതിനായും അവളെ ഉപേക്ഷിച്ചു പോയ ഭർത്താവ് തിരികെ വരേണ്ടതിനും മുഴു കുടുംബവും ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായും പ്രാർത്ഥിക്കുക. പോട്ടുഗാനം തിമോത്തിയുടെ ഭാര്യ ജമീമയും മൂന്നു മക്കളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് ആരാധന യോഗത്തിൽ കുടുംബമായി കടന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക. രെഢിവാരപ്പള്ളിയിലെ രാഹേൽ ലക്ഷ്മിയമ്മ പക്ഷാഘാതം നിമിത്തം നടക്കുവാൻ കഴിയാതെ ഭാരപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലാവണ്യ മാനസിക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മേരി രാമനമ്മയുടെ ഭർത്താവ് രാമമൂർത്തിയും മകൻ യെഗാമ്പരവും മദ്യപാനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ചന്ദ്രകാരിയപ്പള്ളി ഗ്രാമത്തിലെ ജയരമ്യയും സുലോചനയും അയൽക്കാരുമായുള്ള പ്രശ്നം പരിഹരിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെലിമാനന്തപ്പള്ളി ഗ്രാമത്തിലെ എസ്ഥേറമ്മയുടെ വസ്തു തർക്കത്തിനു ശാശ്വത പരിഹാരം ഉണ്ടാകേണ്ടതിനും അവളുടെ ഭർത്താവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ ഡേവിഡ് മുരളി, നാഗേന്ദ്രൻ എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവേതക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷമ്മ & മോഹൻ; യോശുവ & റെബേക്കമ്മ എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
# 31
**ചൊവ്വ**

## ജന്മദിനാശംസകൾ

ചന്ദ്രൻ കെ വി, വിജയൻ റ്റി, അരുൾ ആശീർ ഡി, ശാന്തനി പാനി, സ്വാതി ശർമ്മ

## തമിഴ്നാട്

### കുടിയേറ്റക്കാരുടെ മദ്ധ്യേയുള്ള ശുശ്രൂഷ, ചെന്നൈ

### എസ് ദേവദാസ് & അസ്നത്ത് കൃപ

കോരാത്തുർ, തണാലം, മനാലി, റെഡ് ഹിൽസ് എന്നീ പ്രദേശങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം പതിവായി നടത്തുന്നു. മിക്കവാറും എല്ലാ മാസവും പുതിയ വ്യക്തികൾ വിശ്വാസത്തിലേക്കു കടന്നു വരുന്നു. 5000 ലഘുലേഖകളും 250 പുതിയ നിയമങ്ങളും വിതരണം ചെയ്തു. ബീഹാറിൽ നിന്നു വന്ന ഗുയിണിൽ താമസിക്കുന്ന അനിൽ ഒരു പൈതലിനു വേണ്ടി പ്രാർത്ഥിച്ചു. ഇപ്പോൾ അവന്റെ ഭാര്യ രാധ ഗർഭിണിയാകുന്നു. പെരുങ്കാലത്തൂറിൽ സുവിശേഷം അറിയിക്കുന്നതിനു ദൈവം നമുക്കു അവസരം നൽകി തന്നു. കുടിയേറ്റ തൊഴിലാളികൾക്കായി നടത്തിയ അന്വേഷക യോഗത്തിൽ 110 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

തൊഴിലാളി ദിനമായ മെയ് 1 ന് അനേകരോടു സുവിശേഷം അറിയിക്കുന്നതിനു തയ്യാറാക്കിയിരിക്കുന്ന പദ്ധതി വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഗങ്ങളാൽ വലയുന്ന സരിത പ്രഭാകറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹിന്ദി, ബംഗാളി, ഒടിയ, അസാമീസ് എന്നീ ഭാഷകളിൽ നല്ലവണ്ണം സുവിശേഷം അറിയിക്കുന്നതിനു അനുയോജ്യമായ ലഘുലേഖകൾ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മേച്ചേരി: ആർ ആർ ധർമ്മരാജ് & മറിയ സെൽവി

സത്തപാടി ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസി ഡേവിഡിന്റെ ഭവനത്തിൽ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. നമ്മുടെ വിശ്വാസി പൊന്നമ്മാളിനു പ്രാർത്ഥനയുടെ ഫലമായി തന്റെ വസ്തുവിലേക്കു പോകുന്നതിനു വഴി ലഭിച്ചു.

ചിന്ന പൊന്നുവിന്റെ ഭർത്താവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ ശിവകുമാർ, ഇളയരാജ എന്നീ യൗവ്വനക്കാർക്കു അനുയോജ്യമായ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പനപുരത്തുള്ള സംഗീത, ദുരൈസ്വാമി, ഗോവിന്ദരാജ, രവി കുമാർ, രമേശ് എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സെൽവരാജ്, പശുപതി, കണ്ണദാസൻ എന്നിവർ മദ്യാസക്തിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### അഞ്ചെട്ടി

### ഡേവിഡ് നിക്കോൾസൺ & ഐവി

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മഞ്ഞുഗൊണ്ടപള്ളി ദൈവാലയത്തിൽ വൈദ്യുത കണക്ഷൻ തിരികെ ലഭിക്കുന്നതിനു ദൈവം കൃപ ചെയ്തു. വിവിധ സ്ഥലങ്ങളിൽ ചിതറിപ്പോയ വിശ്വാസികളെ കണ്ടെത്തി അവരുടെ ആത്മീക അഭിവൃദ്ധിക്കായുള്ള ക്രമീകരണങ്ങൾ ചെയ്തു. തണ്ടിയാമം, ജിക്കന്ദഹള്ളി, അഞ്ചെട്ടി എന്നിവിടങ്ങളിൽ നടത്തിയ രാത്രി യോഗം വലിയ അനുഗ്രഹമായിരുന്നു.

വിശ്വാസികളുടെ മക്കളായ അശ്വനി, എയ്ഞ്ചൽ, രവി, ശേഖർ, കിരൺ കുമാർ എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ സതീഷ്, വിവില, ദാനം, ക്രിശിൽ, തങ്കം, കലാമ്മ, ജയരാജ്, ബാലാജി, ഗിവിന്ദരാജ് എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ തങ്കം, വിജയലക്ഷ്മി, വസന്ത, ക്രിശ്വൻ ജാനകി, അരുൾ ജോതി, മലർ, രാജ, വനിത എന്നീ കുടുംബങ്ങളിലുള്ളവരുടെ ആത്മീക വർദ്ധനവിനായി പ്രാർത്ഥിക്കുക. സിത്താനന്ദപുരം, സിങ്കോട്ടൈ, പുതുർ, കാവേരിപുര, മറിയാളം, ബൽ പട്ടി, കസ്തൂരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിന്റെ വാതിൽ തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# മിഷനറി ആൽബം

# 371

തിരുനെൽവേലി ജില്ലയിൽ പാളയംകോട്ടയിലെ ശ്രീ. സാംരാജിന്റെയും ശ്രീമതി ജോയ്സ് ലീലബായിയുടെയും അഞ്ചാമത്തെ മകനായി 16.5.1979 ൽ സഹോ. എബനേസർ ജീ സാം ജനിച്ചു. മാതാപിതാക്കളുടെ പ്രാർത്ഥനയാൽ ജനിച്ച എബനേസറിനു നാലു സഹോദരിമാരുണ്ട്. അവൻ കുഞ്ഞായിരിക്കുമ്പോൾ രോഗ ബാധിതനനായി ഗുരുതരാവസ്ഥയിൽ എത്തിയപ്പോൾ ശ്രീ. പാട്രിക് ജോഷ്വാ അവനു വേണ്ടി പ്രാർത്ഥിച്ചു അവൻ സൗഖ്യം പ്രാപിച്ചു. അവൻ സ്കൂളിൽ പഠിക്കുന്ന വേളയിൽ കുറ്റാലത്തു സംഘടിപ്പിച്ച പാലിയാർ നേസൻ ക്യാമ്പിൽ സംബന്ധിച്ചു. അവിടെ വെച്ചു അവൻ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. FMPB യുടെ ക്യാമ്പിൽ സംബന്ധിക്കുന്നതിനു അവസരം ലഭിച്ചു. അവൻ ക്രിസ്തുവിൽ വളരുവാൻ തുടങ്ങി. 1997 ൽ സേലത്തു ബഥേലിൽ നടന്ന FMPB ക്യാമ്പിൽ അവനു മിഷനറി വേലക്കായുള്ള ദൈവ വിളി ലഭിച്ചു. പൂർണ്ണ സമയ ദൈവവേലക്കായി തന്നെ സമർപ്പിച്ചു. B.Com പഠനം പൂർത്തീകരിച്ച് 2003ൽ FMPB യുടെ പരശുവാക്കം ആഫീസിൽ സന്നദ്ധ പ്രവർത്തകനായി ചേർന്നു. ചില നാളുകൾക്കുള്ളിൽ അവന്റെ പിതാവ് രോഗിയായി നിത്യതയിൽ പ്രവേശിച്ചു. ഭവനത്തിലെ ഏകമകൻ എന്നതു ശുശ്രൂഷ തുടരുന്നതിനു തടസ്സമായി. ഭവനത്തിലേക്കു തിരികെ പോയി M.Com നു ചേർന്നു വിജയകരമായി പഠനം പൂർത്തീകരിച്ചു. നിരവധി പ്രസംഗത്തിലൂടെയും ഐഡ സ്കഡറുടെ ജീവചരിത്രത്തിലൂടെയും FMPB യുടെ ലൈറ്റ് & സൗണ്ട് പ്രോഗ്രാമിലൂടെയും ദൈവം അവനോടു സംസാരിച്ചു. 2007 ൽ പാളയംകോട്ടൈ ആഫീസിൽ സന്നദ്ധ പ്രവർത്തകനായി ചേർന്നു. കോയമ്പത്തൂർ കാരുണ്യയിൽ 2007 ൽ നടത്തിയ FMPB യുടെ വാർഷിക ക്യാമ്പിൽ സംബന്ധിച്ചു. ഉത്തരേന്ത്യയിലെ പ്രവർത്തനത്തിനായി ദൈവം തന്നെ വിളിക്കുന്നെന്നു ബോധ്യമായി. 'ഞാൻ മോശെയുടെ കൂടെ ഇരുന്നതു പോലെ നിന്നോടുകൂടെയും ഇരിക്കും' (യോശുവ.1:5) ഈ വചനത്തിലൂടെ ദൈവം എബനേസറിനെ ഉത്സാഹിപ്പിച്ചു. 2007 ൽ പൂർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു.

രാമനാട് ജില്ലയിൽ ശ്രീ. പുഷ്പരാജിന്റെയും ശ്രീമതി എസ്ഥേർ റാണിയുടെയും രണ്ടാമത്തെ മകളായി 1.8.1980 ൽ സഹോദരി എയ്ഞ്ചലിൻ ജപറാണി ജസിന്ത ജനിച്ചു. ഒരു ആൺ പൈതൽ ലഭിക്കുകയാണെങ്കിൽ അവനെ ദൈവവേലക്കായി നൽകാമെന്നു അവളുടെ അമ്മ ദൈവത്തോടു പ്രാർത്ഥിച്ചിരുന്നു. എന്നാൽ കിട്ടിയത് പെൺകുഞ്ഞ് അവർ സമർപ്പണം മറന്നു. എന്നാൽ യിരെ.1:5 അനുസരിച്ച് ദൈവം അവളെ തിരഞ്ഞെടുത്തു. സ്കൂൾ പഠനകാലത്ത് യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ചെറുപ്രായം മുതലെ പ്രാർത്ഥിക്കുന്ന പെൺകുട്ടിയായിരുന്നു. സണ്ടേസ്കൂൾ, യുവജന കൂട്ടായ്മ, ചെന്നൈ ആഡമ്പാക്കം സിഎസ്ഐ സഭയുടെ ഗ്രാമ സുവിശേഷീകരണ പ്രവർത്തനം എന്നിവയിൽ എല്ലാം ജപറാണി സജീവമായിരുന്നു. ഹൈസ്കൂളിൽ പഠിക്കുന്ന വേളയിൽ അഡമ്പാക്കത്തു നടന്ന യോഗത്തിൽ ശ്രീ. സ്റ്റാൻലി പ്രിൻസിന്റെ പ്രസംഗത്തിലൂടെ ദൈവവിളി ലഭിച്ചു. പ്രസംഗത്തിലൂടെയും ദർശനത്തിലൂടെയും ദൈവവിളി ഉറപ്പാക്കി. രസതന്ത്രത്തിൽ BSc. ബിരുദം എടുത്തു. 1999 ൽകോയമ്പത്തൂർ കാരുണ്യയിൽ നടന്ന FMPB യുടെ വാർഷിക യോഗത്തിൽ സംബന്ധിക്കവെ ഉത്തരേന്ത്യയിലേക്കുള്ള ദൈവവിളി ലഭിച്ചു. പൂർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിച്ചു. 2002 ൽ FMPB യുടെ ഉത്തർപ്രദേശിലെയും മദ്ധ്യപ്രദേശിലെയും മിഷൻ വയലുകൾ സന്ദർശിക്കുന്നതിനു അവസരം ലഭിച്ചു. MSc. Information Technology പഠനം പൂർത്തീകരിച്ചു ചെന്നയിലെ ഒരു കമ്പനിയിൽ Senior Software Executive ആയി ചില വർഷങ്ങൾ ജോലി ചെയ്തു. 2007 ൽ FMPB യിൽ മിഷനറിയായി ചേർന്നു,

സഹോ. എബനേസർ ജി സാമും സഹോദരി ജപറാണിയും തമ്മിലുള്ള വിവാഹം 12.5.2008 ൽ നടന്നു. ചില വർഷങ്ങൾ ഇവരെ ആസ്ഥാന മന്ദിരത്തിലെ പ്രവർത്തനത്തിനു നിയോഗിച്ചു. 2013 ൽ ഇവർ ഉത്തർപ്രദേശിലേക്കു പോയി ഭാർത്താന, ഗാടംപൂർ, റാണിയ എന്നീ മിഷൻ വയലുകളിലൽ പ്രവർത്തിച്ചു. ഇപ്പോൾ അവർ ഉത്തർപ്രദേശിലെ ഫറുക്കബാദ് ജില്ലയിലുള്ള കൈമഗഞ്ച് മിഷൻ വയലിൽ പ്രവർത്തിക്കുന്നു. ഈ മിഷനറി കുടുംബത്തെ ദയവായി നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക.



**ശ്രീ. എബനേസർ ജീ സാം & ശ്രീമതി. ജപറാണി കുടുംബം**

# FINANCE DEPARTMENT

**Online Banking**

## FMPB Bank Account details for sending the offering through online transaction

A/c Name: **FRIENDS MISSIONARY PRAYER BAND**

ICICI - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

SBI - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

Indian Bank - A/c No. 406157474 - IFS Code IDIB000A599 - Branch: Venkatapuram

**Kindly contact us at: finance@fmpb.org, WhatsApp: 7904648270**

## FOR THE KIND ATTENTION OF SUBSCRIBERS AND SUPPORTERS

The Payment Gateway of State Bank of India through internet is enabled for the contributors of FMPB. You are requested to avail the facility to remit the money.

You are requested to inform the purpose for which the money you deposit through **FMPB SB COLLECT** website.

To enter the gateway, please type **'FMPB SB COLLECT Online subscription'** and provide other details to make your transaction complete. This will help us to know your identity immediately and respond quickly to send receipts and acknowledgements.




In google search type: **FMPB SB Collect**

it will show **State Bank Collect - Online SBI**

**Tick the box**

☑ (Click check box to proceed for payment)

**Proceed**

State of Corporate / Institution: Select **All India**

Type of Corporate / Institution:
Select **Religious Institutions**

**Go**

Religious Institutions Name: **Friends Missionary Prayer Band**

**Submit**

Select Payment Category: **Donations and subscriptions**

***Published by:*** S. Sutharsan Thomas Jeyaraj on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. Sutharsan Thomas Jeyaraj***